


# SANTHOME LUMINARIES

സാന്തോം ലൂമിനറിസ്

OLD STUDENTS' ASSOCIATION (O.S.A.)

ST. THOMAS' COLLEGE (AUTONOMOUS), THRISSUR

(1919-2019)




## SANTHOME LUMINARIES

**സാന്തോം ലൂമിനറിസ്** (Malayalam)

Biography

Rights Reserved

*First Published* : 19 December 2019
*Cover Picture* : Francis Kodenkandath
*Design* : smritidesign.com
*DTP* : Globy Anto
*Printed at* : Ebnezer Print Pack, Thrissur
*Publishers* : Publication Division
St Thomas' College (Autonomous), Thrissur- 680 001
In association with Old Students' Association (O.S.A.)
*Copies* : 1000
*Distributor* : Old Students' Association (O.S.A.),
St Thomas' College (Autonomous), Thrissur- 680 001, Kerala, India

**ISBN 978-81-935819-7-1**

**Editorial Board**
*Chief Editor* : **O.D. Varkey**
*Executive Editor* : **Franco Louis**
*Associate Editor* : **Dr. Viju M.J.**
*Sub Editors*
**K.Krishnakumar, Baby Mookken**
**Dr. K.P. Nanda Kumar, V.M. Radhakrishnan, Babu Velappaya**

---

No part of this publication may be reproduced or transmitted in any form or by any means without written permission of the publisher.
*For Private Circulation Only*

# SANTHOME LUMINARIES

## സാന്തോം ലൂമിനറീസ്

OLD STUDENTS' ASSOCIATION (O.S.A.)
ST. THOMAS' COLLEGE (AUTONOMOUS), THRISSUR
(1919-2019)






*College Patron* : **Archbishop Mar Andrews Thazhath**
*College Manager* : **Bishop Mar Tony Neelankavil**

## OLD STUDENTS' ASSOCIATION OFFICE BEARERS

*Principal & Patron* : **Dr. Ignatius Antony**, Principal (2018-2019)
**Dr. Joy K.L**, Principal (2019-)
*Executive Manager & Bursar* : **Rev.Fr. Varghese Kuthur**

*President* : **P.M. Thomas**

*Secretary* : **C.A. Francis**

*Treasurer* : **Eljo Joseph T.**

*Vice Presidents* : **Dr. K.P. Johny & Dr. Dhanya Sankar**

*Jt. Secretaries* : **George Thomas & Savitha Nandanan**

*Executive Members :*
**Rev. Dr. Martin Kolambrath, Prof.A.M. Varghese, Vivek G. Menon, K.K. Jacob, Antony John E.F., Femina Chacko, Rahul R. Nair, Aryadev, Prof.A.P. Jose, Lince K. Joy, Varghese P.J, Jithin Joseph, Shaffeeq K.V, Thomas Ambakkadan, Adv. Blaze Bradly, V.P. Joseph, John J. Ollukaran, Dr. Viju M.J, Joe Kizhakkoodan, Vipin Benny**

# പത്രാധിപക്കുറിപ്പ്

അറിവിന്റെ ശ്രീകോവിലിൽ
അക്ഷരപൂജയ്ക്കു തിരികൊളുത്തി,
വിശ്വം മുഴുവൻ പ്രകാശഗോപുരം തീർത്ത
സെന്റ് തോമസ് കലാലയം.
നൂറ്റാണ്ടിന്റെ ജീവിതാനുഭവങ്ങളെ
വാരിപ്പുണർന്ന ഓർമ്മക്കുറിപ്പുകൾ.
ചരിത്രത്തിൽ നാഴികക്കല്ലുകൾ തീർത്ത
പ്രഗത്ഭരായ പൂർവ്വവിദ്യാർത്ഥികളുടെ
ചേതോഹരങ്ങളായ ജീവിതകഥകൾ.
രേഖപ്പെടുത്തിയതിനേക്കാൾ
രേഖപ്പെടുത്താനുണ്ടെന്ന തിരിച്ചറിവ്
ചുരുങ്ങിയ വാക്കുകളിലൊതുക്കി
ഹൃദയതാളുകളിൽ സൂക്ഷിച്ചുവയ്ക്കാൻ
ഒരു മയിൽപ്പീലിത്തുണ്ട്.
പരിധികളും പരിമിതികളുമറിഞ്ഞ്
വിശ്വമാനവികതയിലേക്കു
കൈപിടിച്ചുയർത്തിയ
ഗുരുവര്യന്മാരുടെ പാദാരവിന്ദങ്ങളിൽ
ശിഷ്യഗണത്തിന്റെ പ്രണാമം.

ഒ.ഡി.വർക്കി
ചീഫ് എഡിറ്റർ



# CONTENTS


| Sl No. | Category | Name | Page No. |
|---|---|---|---|
| 1. | First Student of the College | Bishop Mar George Alappatt | 09 |
| 2. | Prime Minister of Princely State | Panampilly Govinda Menon | 10 |
| 3. | Chief Ministers | E.M.Sankaran Namboodiripad | 11 |
| 4. | | C. Achutha Menon | 12 |
| 5. | Parliament Opposition Leader | C.M. Stephen | 13 |
| 6. | Religious Leaders | Swami Chinmayananda Saraswathi | 14 |
| 7. | | H.H. Baselios Marthoma Paulose II | 15 |
| 8. | | Archbishop Dr Mar Aprem | 16 |
| 9. | | Archbishop Mar Andrews Thazhath | 17 |
| 10. | | Bishop Mar Joseph Irimpan | 18 |
| 11. | | Bishop Mar James Pazhayattil | 19 |
| 12. | | Bishop Mar Paul Chittilappilly | 20 |
| 13. | | Bishop Mar Paulose Mar Paulose | 21 |
| 14. | | Bishop Mar Tony Neelankavil | 22 |
| 15. | | Bishop Mar Sebastian Pozholiparambil | 23 |
| 16. | | Bishop Mar Joy Alappat | 24 |
| 17. | | Bishop Mar Prince Panengaden | 25 |
| 18. | | Bishop Mar Thomas Vazhappilly | 26 |
| 19. | | Msgr. Paul Kakkassery | 27 |
| 20. | | Msgr. Antony Maliekkal | 28 |
| 21. | | Msgr. Joseph Vilangaden | 29 |
| 22. | Judiciary | Chief Justice M.S. Menon | 30 |
| 23. | | Justice M.P. Menon | 30 |
| 24. | | Justice K.T. Sankaran | 31 |
| 25. | | Justice G. Viswanatha Iyer | 31 |
| 26. | | Justice Ashok Menon | 32 |
| 27. | | Justice M.S Raman | 32 |
| 28. | Freedom Fighter | V.R. Krishnan Ezhuthachan | 33 |
| 29. | Union Minister | A.M. Thomas | 34 |
| 30. | Members of Parliament | P.A. Antony | 35 |
| 31. | | V.M. Sudheeran | 36 |
| 32. | | K. Mohandas | 37 |
| 33. | Ministers, Govt. of Kerala | Prof. Joseph Mundassery | 38 |
| 34. | | Mathai Manjooran | 39 |
| 35. | | Adv. K.T. Achuthan | 40 |
| 36. | | K. Narayana Kuruppu | 41 |
| 37. | | P.K. Velayudhan | 42 |
| 38. | | Baby John | 43 |
| 39. | | P.P. George | 44 |

| | | | |
|---|---|---|---|
| 40. | | P.J. Joseph | 45 |
| 41. | | Prof. C. Ravindranath | 46 |
| 42. | Members of Legislative Assembly | C.S. Gangadharan | 47 |
| 43. | | Adv.N.I. Devassikutty | 48 |
| 44. | | Jose Thanikkal | 49 |
| 45. | | P.T. Kunju Muhammed | 50 |
| 46. | | Adv.V. Balaram | 51 |
| 47. | | M.K. Paulson Master | 52 |
| 48. | | Anil Akkara | 53 |
| 49. | District Panchayath President | K.V. Dasan | 54 |
| 50. | Mayor | I.P. Paul | 55 |
| 51. | Municipal Chairmen | Adv. P.P. Devassy | 56 |
| 52. | | Adv. C.C. George | 57 |
| 53. | | Adv. A.P. George | 58 |
| 54. | Vice Chancellors | Dr. K. Gopalan | 59 |
| 55. | | Dr. T.N. Jayachandran | 60 |
| 56. | | Dr. A. Jayakrishnan | 61 |
| 57. | | Dr. R.S Krishnan | 62 |
| 58. | | Dr. K. Mohandas | 63 |
| 59. | | Dr. Ramachandran Thekkedath | 64 |
| 60. | | Dr. Dharmaraj Adat | 65 |
| 61. | Scientists | Padma Shri Dr. E.D. Jemmis | 66 |
| 62. | | Padma Shri Pradeep T. | 67 |
| 63. | | Dr. T.R. Viswanathan | 68 |
| 64. | | Dr. E.J. James | 69 |
| 65. | | Dr. Sebastian C. Peter | 70 |
| 66. | | Dr.V.K. Krishnan | 71 |
| 67. | | Dr. Thomas A. Kodenkandath | 72 |
| 68. | Civil Service | D.K. Manavalan IAS | 73 |
| 69. | | Dr. K.N. Sathish IAS | 74 |
| 70. | | P.M. Francis IAS | 75 |
| 71. | | Francis Kodenkandath IRS | 76 |
| 72. | | K.M. Thomas IES | 77 |
| 73. | | Dr. P. Sarin IAAS | 78 |
| 74. | Pro Vice Chancellors | Dr. N.D. Inasu | 79 |
| 75. | | Prof. K. Ravindranath | 80 |
| 76. | Academicians | M.P. Paul | 81 |
| 77. | | Chev. Prof. N.A. Ouseph | 82 |
| 78. | | P. Chithran Namboodiripad | 83 |
| 79. | | Chev. Prof. George Menachery | 84 |
| 80. | Writers | Vilasini (M.K. Menon) | 85 |
| 81. | | C.A. Joseph | 86 |
| 82. | | I.M. Velayudhan Master | 87 |

# CONTENTS


| | | | |
|---|---|---|---|
| 83. | | T.L Jose | 88 |
| 84. | | Fr.Dr. Francis Alappatt | 89 |
| 85. | | Balachandran Vadakkedath | 90 |
| 86. | | V.G. Thambi | 91 |
| 87. | | Prof. I. Shanmughadas | 92 |
| 88. | Social Activists | Dr. K. Ramadas | 93 |
| 89. | | Captain Dr.George Varghese | 94 |
| 90. | Entrepreneurs | Kochouseph Chittilappilly | 95 |
| 91. | | Padma Shri C.K. Menon | 96 |
| 92. | | V.P. Nandakumar | 97 |
| 93. | | M.P. Ramachandran | 98 |
| 94. | Drama | Dr. C.K. Thomas | 99 |
| 95. | Film - Directors | Hariharan | 100 |
| 96. | | K.R. Mohanan | 101 |
| 97. | | Ranjith Sankar | 102 |
| 98. | Film - Music Directors | Johnson Master | 103 |
| 99. | | Ousephachan | 104 |
| 100. | | Alphonse Joseph | 105 |
| 101. | Film - Actors | T.G. Ravi | 106 |
| 102. | | Devan | 107 |
| 103. | | Biju Menon | 108 |
| 104. | | Narain | 109 |
| 105. | | Shine Tom Chacko | 110 |
| 106. | | Manoj George | 111 |
| 107. | Film - Playback Singers | Franco Simon | 112 |
| 108. | | Anoop Sankar | 113 |
| 109. | Film - Sound Recordists | T.P. Devadas | 114 |
| 110. | | Justin Jose | 115 |
| 111. | Sports and Games | Olympian O. Chandrasekharan Menon | 116 |
| 112. | | Victor Manjila | 117 |
| 113. | | Joseph C. Abraham | 118 |
| 114. | | Olympian Lijo Thottan | 119 |
| 115. | | Valiyaveetil Diju | 120 |
| 116. | Army Official | Col. George Thomas | 121 |
| 117. | Banker | T.S. Anantharaman | 122 |
| 118. | Income Tax | P.K Vijayakumar | 123 |
| 119. | Business | Dr. M. Jayaprakash | 124 |



## FIRST STUDENT OF THE COLLEGE

Bishop Mar George Alappatt

### ബിഷപ്പ് മാർ ജോർജ് ആലപ്പാട്ട്

1

**തൃ**ശൂർ സെന്റ് തോമസ് കോളേജിലെ ആദ്യ വിദ്യാർത്ഥി പി.സി. വാറുണ്ണി എന്ന പാലത്തിങ്കൽ ചാക്കോരു മകൻ വാറുണ്ണിയായിരുന്നു. പിന്നീട് തൃശൂർ രൂപതയുടെ മെത്രാനും കോളജിന്റെ മാനേജരും രക്ഷാധികാരിയുമെല്ലാം ആയി മാറിയ മാർ ജോർജ് ആലപ്പാട്ടാണ് ഈ വാറുണ്ണി. പണ്ഡിതനായിരുന്ന റവ. ഡോ. ജോൺ പാലോക്കാരനായിരുന്നു കോളേജിന്റെ ആദ്യ പ്രിൻസിപ്പാൾ. 1919 ൽ പ്രീ യൂണിവേഴ്സിറ്റി കോഴ്സിൽ വാറുണ്ണിക്കു പ്രവേശനം നൽകുമ്പോൾ പാലോക്കാരൻ അച്ചനും അറിയില്ലായിരുന്നു ഈ വാറുണ്ണി പിന്നീട് കോളജിന്റെ സാരഥിയായ മെത്രാനാകുമെന്ന്.

അവിഭക്ത തൃശൂർ രൂപതയുടെ മൈനർ സെമിനാരിയായിരുന്ന തോപ്പ് പെറ്റി സെമിനാരിയിലെ വൈദിക വിദ്യാർഥിയായിരുന്നു പി.സി. വാറുണ്ണി. തൃശൂരിന്റെ ആദ്യ മെത്രാൻ അഡോൾഫ് മെഡ്‌ലിക്കോട്ട് സ്ഥാപിച്ച സെന്റ് തോമസ് കോളേജ് ഹൈസ്കൂളിനോടു ചേർന്നു സ്ഥാപിതമായ കോളേജിൽ വാറുണ്ണി ആദ്യ വിദ്യാർഥിയായി പ്രവേശനം നേടി. രണ്ടാമത്തെ വിദ്യാർഥി എ.ഇ. തോമസ്, മൂന്നാമൻ പി.ഐ. ചെറിയാൻ, നാലാമത്തെയാൾ വി.കെ. ഗോപാലൻ, അഞ്ചാമത്തേത് എൽ.എ. നടേശൻ തുടങ്ങിയവർക്ക് ജാതിമതഭേദമില്ലാതെ ആദ്യ വിദ്യാർത്ഥികളായി പ്രവേശനം നൽകി.

സെന്റ് തോമസ് കോളേജിലെ പ്രീ യൂണിവേഴ്സിറ്റി പഠനത്തിനു ശേഷം റോമിലെ പ്രോപ്പഗാന്ത കോളേജിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി ഡോക്ടറേറ്റ് നേടി. 1927 ഡിസംബർ 17നു വൈദികനായപ്പോൾ പേരു മാറ്റി. അങ്ങനെ വാറുണ്ണി ഫാ.ജോർജ് ആലപ്പാട്ട് ആയി. 1944 മേയ് ഒന്നിനു മെത്രാനായി. അതോടെ കോളേജിന്റെ മാനേജരുമായി. 1970 ജൂൺ നാലിനു വിരമിക്കുന്നതുവരെ 27 വർഷം കോളേജിന്റെ സാരഥിയായി തുടർന്നു.

കോളജിലെ ഓരോ പരിപാടിക്കും വേദിയിൽ എത്തുമ്പോഴും അദ്ദേഹം പറയാറുണ്ട്: 'ഈ കോളേജിന്റെ ആദ്യത്തെ വിദ്യാർത്ഥിയെന്ന നിലയിൽ അഭിമാനം തോന്നുന്നു.' കേന്ദ്ര മന്ത്രിമാർ അടക്കമുള്ളവർ പങ്കെടുത്ത കോളേജിന്റെ സുവർണ ജൂബിലി സമ്മേളനത്തിലും അദ്ദേഹം അഭിമാനപൂർവം അക്കാര്യം പറഞ്ഞു.

തൃശൂർ ജില്ലയിലെ കരാഞ്ചിറയിൽ 1900 ഫെബ്രുവരി 11നായിരുന്നു ജനനം. 1970ൽ മെത്രാൻ പദവിയിൽനിന്ന് വിരമിച്ച അദ്ദേഹം 1973 നവംബർ 6ന് അന്തരിച്ചു.



കാത്തലിക് ആർച്ച്ബിഷപ്പ്സ് ഹൗസ്, തൃശൂർ (പഴയകാല ചിത്രം)



## PRIME MINISTER OF PRINCELY STATE

Panampilly Govinda Menon

**പനമ്പിള്ളി ഗോവിന്ദ മേനോൻ**

കൊച്ചി പ്രധാനമന്ത്രി

2

**1947**ൽ കൊച്ചി സംസ്ഥാനത്തിന്റെ പ്രധാനമന്ത്രിയും തിരു-കൊച്ചി രൂപീകരണത്തോടെ വിദ്യാഭ്യാസ മന്ത്രിയും പിന്നീടു കേന്ദ്രമന്ത്രിയുമായിരുന്ന പനമ്പിള്ളി ഗോവിന്ദ മേനോൻ സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർഥിയാണ്.

സ്വാതന്ത്ര്യസമരസേനാനിയും അഭിഭാഷകനുമായിരുന്ന അദ്ദേഹം കോൺഗ്രസിന്റെ ഉജ്ജ്വല പ്രഭാഷകനായിരുന്നു.

ചാലക്കുടിക്കടുത്ത് കാതിക്കുടത്ത് 1906 ഒക്ടോബർ ഒന്നിനു ജനനം. കേരള യുക്തിവാദി സംഘം സ്ഥാപക ട്രഷററായി.

ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത് വിയ്യൂരിൽ ജയിൽവാസം അനുഭവിച്ചു. തടവിൽ കഴിഞ്ഞ ദിവസങ്ങളിൽ പനമ്പിള്ളി എല്ലാ പുരാണ കൃതികളും വായിച്ചു. സഹപ്രതി ജി.എസ്. ധാരാസിംഗാണ് ഹിന്ദി വായനയിൽ സഹായിയായത്. വായനയിൽ നിന്നു ലഭിച്ച വിവരങ്ങൾ അദ്ദേഹം പ്രസംഗങ്ങളിൽ ധാരാളമായി ഉപയോഗിച്ചിരുന്നു.

എതിരാളികൾക്കു ഉരുളയ്ക്കുപ്പേരി നൽകാൻ നിപുണനായ പനമ്പിള്ളിയുടെ പ്രസംഗം പ്രസിദ്ധമായിരുന്നു. പഞ്ചവത്സര പദ്ധതി നടത്തിപ്പിനും പനമ്പിള്ളി മുന്നിട്ടു നിന്നു. ജനക്ഷേമ പരിപാടികളുടെ ഉപജ്ഞാതാവുമായിരുന്നു. മുൻമുഖ്യമന്ത്രി ലീഡർ കെ. കരുണാകരനെ രാഷ്ട്രീയമായി വളർത്തിയതു പനമ്പിള്ളിയാണ്.

1962 ൽ മുകുന്ദപുരം ലോകസഭാ മണ്ഡലത്തിൽ നിന്നു ജയിച്ചു. 1969–70ൽ കേന്ദ്ര റെയിൽവേ മന്ത്രിയായി. നിയമം, കൃഷി വകുപ്പ് മന്ത്രിയുമായി. 63 –ാം വയസിൽ 1970 മെയ് 23 ന് അന്തരിക്കുന്നതുവരേയും ലോകസഭാംഗമായിരുന്നു.




പനമ്പിള്ളി സ്മാരക കോളേജ്, ചാലക്കുടി, തൃശൂർ



## CHIEF MINISTER

E.M.Sankaran Namboodiripad

**ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്**

മുഖ്യമന്ത്രി

3

**ലോക**ത്ത് ആദ്യമായി ജനാധിപത്യ ബാലറ്റിലൂടെ ഭരണാധികാരിയായി തെരഞ്ഞെടുക്കപ്പെട്ട കമ്യൂണിസ്റ്റ് നേതാവാണ് ഇ.എം.എസ് എന്ന ഏലംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാട്. രണ്ടു തവണ കേരള മുഖ്യമന്ത്രിയും 14 വർഷം സി.പി.എം ജനറൽ സെക്രട്ടറിയുമായി പ്രവർത്തിച്ച രാഷ്ട്രീയ തന്ത്രജ്ഞൻ.

തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നു ബിരുദം നേടിയ അദ്ദേഹം സാഹിത്യ, സാംസ്കാരിക വിശകലനത്തിലും അഗ്രഗണ്യനായി.

1957 ഏപ്രിൽ അഞ്ചു മുതൽ 1959 ജൂലൈ 31 വരെയാണ് ഇ.എം.എസ് ആദ്യം കേരള മുഖ്യമന്ത്രിയായത്. 356–ാം വകുപ്പനുസരിച്ച് കേന്ദ്രം ഇ.എം.എസ് സർക്കാരിനെ പിരിച്ചുവിട്ടു. പിന്നീട് 1967 മാർച്ച് ആറിനു വീണ്ടും മുഖ്യമന്ത്രിയായി. 1969 നവംബർ ഒന്നിനു മുന്നണിയിലെ ഭിന്നതമൂലം രാജിവച്ചു. 1960 മുതൽ 1964 വരെയും 1970 മുതൽ 1977 വരെയും പ്രതിപക്ഷ നേതാവായി. ഭൂപരിഷ്കരണ നിയമം, വിദ്യാഭ്യാസ ചട്ട ഭേദഗതി എന്നിവയിലൂടെ നൂതന സാമൂഹ്യ പരിഷ്കാരങ്ങൾക്കു തുടക്കമിട്ടു.

അജ്ഞാതമായിരുന്ന മുന്നണി രാഷ്ട്രീയത്തിനു തുടക്കമിട്ടത് ഇ.എം.എസായിരുന്നു. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരേ വി.ടി. ഭട്ടതിരിപ്പാട്, എം.ആർ.ബി എന്നിവരുമൊത്തുള്ള സഹവാസത്തിലൂടെ നിലയുറപ്പിച്ചു. പുരോഗമനചിന്തയുള്ള നമ്പൂതിരി യുവാക്കളുടെ കൂട്ടായ്മയായ വള്ളുവനാട് യോഗക്ഷേമസഭയുടെ നായകനായി. നിരവധി ഗ്രന്ഥങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്.

ജനനം: 1909 ജൂൺ 13. ഭാര്യ: ആര്യ അന്തർജനം. മക്കൾ: മാലതി, രാധ, ശശി, ശ്രീധരൻ.

1998 മാർച്ച് 19 ന് 88–ാം വയസിൽ അന്തരിച്ചു.



നിയമസഭാ മന്ദിരം, തിരുവനന്തപുരം

## CHIEF MINISTER

C. Achutha Menon

**സി. അച്യുത മേനോൻ**

മുഖ്യമന്ത്രി

**4**



രണ്ടു തവണ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കമ്യൂണിസ്റ്റു പാർട്ടി നേതാവ് ചേലാട്ട് അച്യുത മേനോന്റെ വിദ്യാഭ്യാസ കളരി തൃശൂർ സെന്റ് തോമസ് കോളേജായിരുന്നു. ഇവിടെനിന്ന് ഇന്റർമീഡിയറ്റ് പരീക്ഷ പാസായി തിരുച്ചിറപ്പിള്ളി സെന്റ് ജോസഫ് കോളേജിൽ ചേർന്നു. അവിടെ സ്വർണമെഡൽ ജേതാവായ അദ്ദേഹത്തിന്റെ തുടർപഠനം തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലായിരുന്നു.

1969 നവംബർ ഒന്നിന് സി. അച്യുത മേനോൻ മുഖ്യമന്ത്രിയായി. കോൺഗ്രസിന്റെപുറത്തു നിന്നുള്ള പിന്തുണയോടെയാണ് ഭരിച്ചത്. മൂന്നാം കേരള നിയമസഭ പിരിച്ചുവിടുന്നതുവരെ അദ്ദേഹം തുടർന്നു. 1970 ആഗസ്റ്റ് ഒന്നിനു രാജിവച്ചു. 1970 ഒക്ടോബർ നാലിന് വീണ്ടും മുഖ്യമന്ത്രിയായി. 1977 മാർച്ച് 25 നു പൊതുതെരഞ്ഞെടുപ്പുവരെ അധികാരത്തിൽ തുടർന്നു.

കോൺഗ്രസിലൂടെയാണ് രാഷ്ട്രീയ രംഗപ്രവേശം. പിന്നീട് കൊച്ചി രാജ്യ പ്രജാമണ്ഡലം അംഗമായി. 41 ൽ കമ്യൂണിസ്റ്റ് പാർട്ടി അംഗമായി. കമ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ട അവസരത്തിലും അതിന്റെ പ്രവർത്തകനായി. യുദ്ധവേളയിൽ ഇന്ത്യാവിരുദ്ധ പ്രചാരണം നടത്തിയെന്ന പേരിൽ അദ്ദേഹത്തെ തടവിലിട്ടു. 1942ലും അറസ്റ്റിലായി. 1952ൽ ഒളിവിലിരിക്കെ മേനോൻ തിരുകൊച്ചി സ്റ്റേറ്റ് അസംബ്ലിയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. 1957 ൽ സംസ്ഥാനത്തിന്റെ ആദ്യ ധനമന്ത്രിയായി. വിമോചന സമര കാലത്ത് ആഭ്യന്തരമന്ത്രി സ്ഥാനം മേനോനു നൽകി. 1960ൽ വീണ്ടും നിയമസഭാംഗമായി. 1968–69 വരെ രാജ്യ സഭാംഗമായി. കമ്യൂണിസ്റ്റ് പാർട്ടി പിളർന്നതോടെ സി.പി.ഐ. സംസ്ഥാന സെക്രട്ടറിയായി.

1970ൽ മുഖ്യ മന്ത്രിയായ ശേഷം കൊട്ടാരക്കരയിൽ നിന്നും പിന്നീട് കൊടകരയിൽനിന്നും എം. എൽ.എ.യായി. 1977 ൽ സജീവ രാഷ്ട്രീയത്തിൽ നിന്നു വിരമിച്ചു. ഒട്ടേറെ പുസ്തകങ്ങളെഴുതി. കമ്യൂണിസത്തിന്റെ മാനവിക മുഖമുള്ള നേതാവും അഴിമതി വിരുദ്ധ പോരാളിയുമായിരുന്നു അച്യുത മേനോൻ.

പത്നി: അമ്മിണി അമ്മ.

ജനനം: 1913 ജനുവരി 13 ന് തൃശൂരിലെ പുതുക്കാട്.

മരണം: 78–ാം വയസിൽ 1991 ആഗസ്റ്റ് 16ന്




സി.അച്ചുതമേനോൻ ഗവ. കോളേജ്, കുട്ടനെല്ലൂർ, തൃശൂർ



## PARLIAMENT OPPOSITION LEADER & UNION MINISTER

C.M. Stephen

**സി.എം. സ്റ്റീഫൻ**

കേന്ദ്രമന്ത്രി

5

മികച്ച പാർലമെന്റേറിയനും കേന്ദ്രമന്ത്രിയും കോൺഗ്രസുകാരനും *ലോകസഭയിലെ ആദ്യ പ്രതിപക്ഷനേതാവുമായിരുന്ന സി.എം. സ്റ്റീഫൻ സെന്റ് തോമസ് കോളേജിലെ ഇന്റർമീഡിയറ്റ് വിദ്യാർത്ഥിയായിരുന്നു.

മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ജനതാ സർക്കാരിന്റെ കാലത്താണ് പ്രതിപക്ഷ നേതാവായത്. പ്രഗത്ഭ വാഗ്മിയും തൊഴിലാളി നേതാവുമായിരുന്നു. എ.ഐ.സി.സി ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു. കൊല്ലത്ത് അഭിഭാഷകനായും പ്രവർത്തിച്ചിട്ടുണ്ട്. 1958ൽ കൊല്ലം ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റായിരുന്നു.

1960, 1965 വർഷങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ നിയമസഭാംഗമായി. 1971, 1977, 1980 വർഷങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ ലോകസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു.

മാവേലിക്കരയ്ക്കടുത്ത ചെറുകോലിലെ ചെമ്പകശ്ശേരി വീട്ടിൽ ഈപ്പൻ മത്തായിയുടേയും എസ്തേറിന്റേയും മകൻ.

1918 ഡിസംബർ 23 നായിരുന്നു ജനനം.

1984 ജനുവരി 16ന് അന്തരിച്ചു.



*ലോകസഭാ മന്ദിരം, ന്യൂഡൽഹി



## RELIGIOUS LEADER

Swami Chinmayananda Saraswathi

**സ്വാമി ചിന്മയാനന്ദ സരസ്വതി**

**6**

പ്രസിദ്ധമായ ചിന്മയാമിഷൻ സ്ഥാപകനായ സ്വാമി ചിന്മയാനന്ദന്റേത് ആത്മീയത തുളുമ്പിയ ജീവിതനിയോഗമായിരുന്നു. തൃശൂർ സെന്റ് തോമസ് കോളേജിൽ വിദ്യാഭ്യാസത്തിനുശേഷമാണ് അദ്ദേഹം വേദപഠനത്തിലേക്കു തിരിഞ്ഞത്.

ബാലകൃഷ്ണമേനോൻ എന്നായിരുന്നു യഥാർഥ പേര്. തൃശൂർ വിവേകോദയം സ്കൂൾ, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിലെ പഠനശേഷമാണ് അദ്ദേഹം തൃശൂർ സെന്റ് തോമസ് കോളേജിലെത്തിയത് (1935–37).

1936ൽ രമണ മഹർഷിയെ കണ്ടതോടെയാണ് ആത്മീയതയിലേക്കു മനംമാറ്റമുണ്ടായത്. ലക്നൗ യൂണിവേഴ്സിറ്റിയിൽ ഭാഷ, നിയമ പഠനങ്ങൾ പൂർത്തിയാക്കി. ജേർണലിസത്തിലും ബിരുദം നേടി.

1942ൽ ക്വിറ്റ് ഇന്ത്യ സമരവേളയിൽ കോൺഗ്രസിനെ അനുകൂലിച്ച് ലേഖനങ്ങളെഴുതി. അറസ്റ്റ് വാറന്റു വന്നതോടെ ഡൽഹിയിലേക്കു കടന്നു. പിന്നീടു പഞ്ചാബിൽ രണ്ടുവർഷങ്ങൾക്കു ശേഷം അറസ്റ്റിലായി. ജയിൽവാസത്തിനു ശേഷം നാഷണൽ ഹെറാൾഡിൽ പത്രപ്രവർത്തകനായി. ഇതിനിടെ ഋഷികേശിൽ ശിവാനന്ദാശ്രമത്തിലെത്തി. 1949 ഫെബ്രുവരി 25ന് ഹിന്ദു സന്യാസിയായതോടെ സ്വാമി ചിന്മയാനന്ദനായി നാമകരണം നടത്തി.

1951 ഡിസംബറിൽ പൂനെയിലെ ഗണേശ ക്ഷേത്രത്തിലായിരുന്നു ആദ്യ പ്രഭാഷണ പരമ്പര. 1953ലാണ് *ചിന്മയാമിഷൻ രൂപീകരിച്ചത്. ഇപ്പോൾ ഇന്ത്യയിലും വിദേശത്തുമായി ചിന്മയാമിഷന് മുന്നൂറിലധികം കേന്ദ്രങ്ങൾ ഉണ്ട്. ഗീത, ഉപനിഷത് എന്നിവയെ അടിസ്ഥാനമാക്കി 95ൽ അധികം പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ആഗോള വ്യാപകമായ ഗീതാജ്ഞാന യജ്ഞം നടത്തി.

1963ൽ വിശ്വഹിന്ദു പരിഷത് സ്ഥാപിച്ചപ്പോൾ അദ്ദേഹം ആദ്യ പ്രസിഡന്റായി. 1992ൽ യു.എൻ. അസംബ്ലിയിൽ പ്രസംഗിച്ചു.

എറണാകുളം പൂത്തംപള്ളിയിൽ പാറുക്കുട്ടി അമ്മയുടെയും ജഡ്ജിയായിരുന്ന തൃശൂർ വടക്കേ കുറുപ്പത്ത് കുട്ടൻമേനോന്റെയും മകനായി 1916 മേയ് എട്ടിനാണ് ജനനം.

1993 ആഗസ്റ്റ് മൂന്നിന് സമാധിയായി.




* ചിന്മയ മിഷൻ കോളേജ്, തൃശൂർ



തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നു ബിരുദം നേടിയ കെ.ഐ. പോൾ ആണ് പിന്നീട് പരിശുദ്ധ ബസേലിയോസ് മാർതോമ പൗലോസ് ദ്വിദീയൻ കാതോലിക്കാബാവ എന്ന പേരിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ അധ്യക്ഷനായത്.

തൃശൂർ ജില്ലയിലെ കുന്നംകുളത്തിനടുത്ത് മങ്ങാട് 1946 ഓഗസ്റ്റ് മൂന്നിനാണു ജനനം.

## RELIGIOUS LEADER

H.H. Baselios Marthoma Paulose II

### പരിശുദ്ധ ബസേലിയോസ് മാർതോമ പൗലോസ് ദ്വിദീയൻ

7

കോട്ടയം തിയോളജിക്കൽ സെമിനാരിയിൽ ആയിരിക്കെ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ജി.എസ്സ്.റ്റി, ബി.ഡി. ബിരുദങ്ങൾ കരസ്ഥമാക്കി. കോട്ടയം സി.എം.എസ് കോളേജിൽ നിന്ന് എം.എ. സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദം നേടി. വൈദികനായ അദ്ദേഹത്തെ മുപ്പത്താറാം വയസിൽ മെത്രാനായി തെരഞ്ഞെടുത്തു. 1985 മെയ് 15ന് പൗലോസ് മാർ മിലിത്തിയോസ് എന്ന പേരു സ്വീകരിച്ച് എപ്പിസ്കോപ്പയായി. തുടർന്ന് 1985 ആഗസ്റ്റ് ഒന്നിന് *കുന്നംകുളം ഭദ്രാസനത്തിലെ മെത്രാപ്പോലീത്തയായി അവരോധിതനായി.

2006 ഒക്ടോബർ 12നു മലങ്കര സിറിയൻ ക്രിസ്ത്യൻ അസോസിയേഷൻ മിലിത്തിയോസ് മെത്രാപ്പോലീത്തയെ മലങ്കര ഓർത്തഡോക്സ് സഭയുടെ സഭാതലവനായി തെരഞ്ഞെടുത്തു. 2010 നവംബർ ഒന്നിന് സഭാതലവനായിരുന്ന പരിശുദ്ധ ബസേലിയോസ് ദ്വിദീമോസ് കത്തോലിക്കബാവ വിരമിച്ചപ്പോഴാണ് പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത കതോലിക്കാബാവയായി ചുമതലയേറ്റത്.




* ആർത്താറ്റ് കുന്നംകുളം ഭദ്രാസനം



## RELIGIOUS LEADER

Archbishop Dr. Mar Aprem

**ഡോ. മാർ അപ്രേം മെത്രാപ്പോലീത്ത**

8

**കൽ**ദായ സുറിയാനി സഭയുടെ ഇന്ത്യയിലെ അധ്യക്ഷനായ മാർ അപ്രേം മെത്രാപ്പോലീത്ത 1955ൽ തൃശൂർ സെന്റ് തോമസ് കോളേജിൽ മദ്രാസ് സർവകലാശാലക്കു കീഴിലെ അവസാന ബാച്ചിലെ ഇന്റർമീഡിയറ്റ് വിദ്യാർത്ഥിയായിരുന്നു. മെത്രാപ്പോലീത്തയായി അമ്പതിലേറെ വർഷം സേവനം ചെയ്ത അദ്ദേഹം സിറിയൻ ഭാഷാപണ്ഡിതനുമാണ്.

1940 ജൂൺ 13ന് ജനിച്ച ജോർജ് ഡേവിഡ് മൂക്കൻ ആണ് ഡോ. അപ്രേം എന്ന ആർച്ചു ബിഷപ്പ്.

ദേവസിയുടെയും മറിയത്തിന്റെയും പത്തു മക്കളിൽ നാലാമനാണ് ജോർജ്ജ്. മധ്യപ്രദേശിലെ ലിയോനാർഡ് തിയോളജിക്കൽ കോളേജിൽ ബിരുദവും ഡെപാൽപൂർ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നു ബി.ഡി. ബിരുദവും നേടി. വേൾഡ് കൗൺസിൽ ഓഫ് ചർച്ചിന്റെ സ്കോളർഷിപ്പോടെ ഇംഗ്ലണ്ടിലെ സെന്റ് ബോനിപെസ് കോളേജിൽ ഉപരിപഠനം. കാന്റർബറിയിലെ കസന്റ് അഗസ്റ്റിൻ കോളേജ്, എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബോസെ സ്വിറ്റ്സർലൻഡ് എന്നിവിടങ്ങളിൽ ഹൃസ്വകാല കോഴ്സുകളും ചെയ്തു. സഭാചരിത്രത്തിൽ രണ്ടു മാസ്റ്റർ ഡിഗ്രികൾ നേടി. ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് എസ്.ടി.എം. ഡിഗ്രി നേടി.

അമേരിക്കയിലെ പ്രിൻസ്റ്റൺ തിയോളജിക്കൽ സെമിനാരിയിൽ ഡോക്ടർ ഓഫ് തിയോളജി പഠിക്കുമ്പോഴാണ് ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടത്. 1968 സെപ്റ്റംബറിൽ ഇറാക്കിലെ ബാഗ്ദാദിൽ മെത്രാപ്പൊലീത്തയായും ഉയർത്തപ്പെട്ടു. 1976ൽ കൽക്കട്ടയിലെ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഡി.ടി.എച്ച്. ഡിഗ്രി നേടി. അദ്ദേഹം കോട്ടയം മഹാത്മാഗാന്ധി സർവകലാശാലയിലെ 'സീരി' ക്രൈസ്റ്റ് എപ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക പ്രവർത്തകനും റിസേർച്ച് ഗൈഡുമാണ്. സിറിയക് ഭാഷയയിൽ എംഎ, പിഎച്ച്ഡി പ്രോഗ്രാമുകളുടെ കേന്ദ്രമാക്കി 'സീരി'യെ വളർത്തി. എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നു സിയറിയക് ഭാഷയിൽ പി.എച്ച്.ഡി.യും നേടി. ധാരാളം അവാർഡുകൾ നേടിയിട്ടുണ്ട്. 76ൽപരം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.



മാർത്താ മറിയം ചർച്ച് (വലിയപള്ളി), തൃശൂർ



## RELIGIOUS LEADER

Archbishop Mar Andrews Thazhath

### ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്

9

**പൂ**ർവ വിദ്യാർഥി കോളേജിന്റെ മാനേജരും രക്ഷാധികാരിയുമായി വളർന്ന ചരിത്രമാണ് ആർച്ച് ബിഷപ് ആൻഡ്രൂസ് താഴത്തിന്റേത്. സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രി വിദ്യാർഥിയായിരുന്നു. 2004 മേയ് ഒന്നിന് തൃശൂർ അതിരൂപതയുടെ സഹായ മെത്രാനായി ചുമതലയേറ്റതോടെ കോളേജിന്റെ മാനേജരായി. തൃശൂർ അതിരൂപതയുടെ ആർച്ച് ബിഷപ്പായി ചുമതലയേറ്റ 2007 മാർച്ച് 18 മുതൽ കോളേജിന്റെ രക്ഷാധികാരിയുമായി.

1951 ഡിസംബർ 13 നു പുതുക്കാട് താഴത്ത് അന്തപ്പായിയുടേയും റോസയുടേയും മകനായി ജനിച്ചു. 1967 ജൂൺ 14 നു സെമിനാരിയിൽ ചേർന്നു. 1977 മാർച്ച് 14 നു പൗരോഹിത്യം സ്വീകരിച്ചു. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ഓറിയന്റൽ കാനൻ ലോയിൽ ഡോക്ടറേറ്റ് നേടി.

കെ.സി.ബി.സി പ്രസിഡന്റ്, സെക്രട്ടറി, സിബിസി.ഐ. വൈസ് പ്രസിഡന്റ്, ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ചാൻസലർ, കെ.സി. ബി.സി. വിദ്യാഭ്യാസ കമ്മിഷൻ ചെയർമാൻ, കാനൻ ലോ സൊസൈറ്റി ഓഫ് ഇന്ത്യ വൈസ് പ്രസിഡന്റ്, ഓറിയന്റൽ കാനൻ ലോ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിഡന്റ്, സീറോ മലബാർ സഭാ കോടതിയുടെ ജഡ്ജി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു.

ഗിന്നസ് റിക്കാർഡിട്ട തൃശൂരിലെ സാന്താക്ലോസ് ഘോഷയാത്രയും ജീവകാരുണ്യ ഉത്സവവുമായ ബോൺ നത്താലെ അടക്കം അനേകം സാമൂഹ്യസേവന പദ്ധതികൾക്കു തുടക്കമിട്ടത് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്താണ്.

സെന്റ് തോമസ് കോളേജിനെ രാഷ്ട്രീയ സമരങ്ങളിൽനിന്നു മുക്തമാക്കാനും ഓട്ടോണമസ് പദവി നേടിയെടുക്കാനും നേതൃത്വം നൽകി. ശതാബ്ദി സ്മാരകമായി രാമവർമപുരത്തേക്കു കോളേജിന്റെ പുതിയ കാമ്പസ് വ്യാപിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കുന്നതും അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്.



കാത്തലിക് ആർച്ച്ബിഷപ്പ്സ് ഹൗസ്, തൃശൂർ



## RELIGIOUS LEADER

Bishop Mar Joseph Irimpan

**ബിഷപ്പ് മാർ ജോസഫ് ഇരിമ്പൻ**

10

**ഇ**രിഞ്ഞാലകുട രൂപതയിലെ പൂവത്തുശ്ശേരിയിൽ ജനനം (25.2.1919). എൽത്തുരുത്ത് സെന്റ് അലോഷ്യസ് ഹൈസ്കൂൾ പഠനത്തിനുശേഷം തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നും ഇന്റർ മീഡിയറ്റ് പഠനം പൂർത്തിയാക്കി. മദ്രാസ് സർവകലാശാലയിൽനിന്നും ബിരുദം കരസ്ഥമാക്കി. പേപ്പൽ കാന്റി സെമിനാരിയിൽ നിന്നും വൈദീകപഠനം പൂർത്തിയാക്കി. 1950ൽ വൈദികനായി. തൃശൂർ രൂപതവികാരി ജനറളായി സേവനമനുഷ്ഠിച്ചു. *പാലക്കാട് രൂപതയുടെ പ്രഥമ മെത്രാനായി 1974 സെപ്റ്റംബർ 8ന് കർദിനാൾ ജോസഫ് പാറേക്കാട്ടിലിൽനിന്നും അഭിഷിക്തനായി. എളിമയുടെയും വിനയത്തിന്റയും ആൾ രൂപമായിരുന്നു ബിഷപ്പ് ഇരിമ്പൻ. നാനാജാതി മതവിഭാഗങ്ങളുടെ പുണ്യപുരുഷനായിരുന്നു അദ്ദേഹം. മെത്രാന്മാർ ലാളിത്യത്തിന്റെ മാതൃകയാകണമെന്ന സന്ദേശംതന്റെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് പകർന്നു നൽകി.

1994 ഡിസംബർ 6ന് പാലക്കാട് രൂപതഭരണത്തിൽ നിന്നും വിരമിച്ചു. 1997 ആഗസ്റ്റ് 23ന് നിര്യാതനായി.



*ബിഷപ്പ്സ് ഹൗസ്, പാലക്കാട്



**ഇ**രിങ്ങാലക്കുട രൂപതയുടെ പ്രഥമ മെത്രാനായ മാർ ജയിംസ് പഴയാറ്റിൽ ആത്മീയ ആചാര്യനും വിദ്യാഭ്യാസ വിചക്ഷണനുമാണ്. തൃശൂർ സെന്റ് തോമസ് കോളേജിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടി. തൃശൂർ സെന്റ് തോമസ് കോളജിലെ ഇംഗ്ലീഷ് പ്രൊഫസറായും കോളേജ് ഹോസ്റ്റൽ വാർഡനായും പ്രവർത്തിച്ചു.

## RELIGIOUS LEADER

Bishop Mar James Pazhayattil

**ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ**

**11**

1934 ജൂലൈ 26 ന് തൃശൂരിലെ പുത്തൻചിറയിൽ ജനിച്ചു. 1952 ൽ തൃശൂർ തോപ്പ് മൈനർ സെമിനാരിയിൽ ചേർന്നു. കാൻഡി മേജർ സെമിനാരിയിൽനിന്നും പൂന സെമിനാരിയിൽനിന്നും തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഉന്നത റാങ്കോടെ പഠനം പൂർത്തിയാക്കി. 1961 ഒക്ടോബർ മൂന്നിന് കർദിനാൾ വലേരിയൻ ഗ്രേഷ്യസിൽനിന്നു വൈദീകപട്ടം സ്വീകരിച്ചു.

1978 ജൂൺ 22 ന് *ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ മെത്രാനായി നാമനിർദേശം ചെയ്യപ്പെട്ടു. 1978 സെപ്റ്റംബർ പത്തിന് കർദിനാൾ മാർ ജോസഫ് പാറേക്കാട്ട് മെത്രാനായി അഭിഷേകം ചെയ്തു. 1995 ജൂൺ ഏഴു മുതൽ 1997 ജനുവരി 18 വരെ സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പിന്റെ അസിസ്റ്റന്റായി പ്രവർത്തിച്ചു. സീറോ മലബാർ സഭയുടെ സ്ഥിരം സിനഡിന്റെ സബ്സ്റ്റിറ്റ്യൂട്ട് അംഗമായിരുന്നു.

സീറോ മലബാർ സഭയുടെ ഭാരതജ്യോതി അവാർഡും രാഷ്ട്രീയ രത്ന അവാർഡും ഉൾപ്പെടെ ഒട്ടനവധി അവാർഡുകൾ നേടിയിട്ടുണ്ട്.

75 ാം വയസൽ 2010 ഏപ്രിൽ 18 നു വിരമിച്ചു. ജീവിത ലാളിത്യവും സ്നേഹനിർഭരമായ പെരുമാറ്റവും അദ്ദേഹത്തെ ജനങ്ങളുടെ പ്രിയ ഇടയനാക്കി. 54 വർഷം പുരോഹിതനായും 37 വർഷം മെത്രാനായും പ്രവർത്തിച്ചു. 2016 ജൂലൈ പത്തിന് കാലം ചെയ്തു.



* ബിഷപ്പ്സ് ഹൗസ്, ഇരിങ്ങാലക്കുട

## RELIGIOUS LEADER

Bishop Mar Paul Chittilappilly

**ബിഷപ്പ് മാർ പോൾ ചിറ്റിലപ്പിള്ളി**



**12**

**താ**മരശേരി, കല്യാൺ രൂപതകളുടെ മെത്രാനും തൃശൂർ രൂപതയിൽ ദീർഘകാലം വികാരി ജനറാളുമായി പ്രവർത്തിച്ച ആത്മീയ ആചാര്യനാണു മാർ പോൾ ചിറ്റിലപ്പിള്ളി. സെന്റ് തോമസ് കോളേജിൽ ഇന്റർമീഡിയറ്റിനു പഠിച്ച അദ്ദേഹം പഠനം പൂർത്തിയാക്കിയത് തേവര എസ്.എച്ച് കോളേജിലാണ്.

തൃശൂരിലെ മറ്റം ഇടവകയിൽ ചിറ്റിലപ്പിള്ളി ചുമ്മാർ–കുഞ്ഞായി ദമ്പതിമാരുടെ മകനായി 1934 ഫെബ്രുവരി ഏഴിനാണു ജനനം. റോമിലെ ഉർബൻ യൂണിവേഴ്സിറ്റിയിലായിരുന്നു തിയോളജി പഠനം. 1961 ൽ ബിഷപ് മാർ മാത്യു കാവുകാട്ടിൽനിന്ന് റോമിൽ പൗരോഹിത്യം സ്വീകരിച്ചു. റോമിലെ ലാറ്ററൽ യൂണിവേഴ്സിറ്റിയിൽനിന്നു കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി, വടവാതൂർ മേജർ സെമിനാരിയിൽ പ്രഫസറായി. 1971ൽ തൃശൂർ രൂപത ചാൻസലർ, 1978 മുതൽ പത്തു വർഷം തൃശൂർ അതിരൂപതയുടെ വികാരി ജനറാൾ എന്നീ സ്ഥാനങ്ങൾ അലങ്കരിച്ചു. 1988ൽ കല്യാൺ രൂപതയുടെ പ്രഥമ മെത്രാനായി. 10 വർഷത്തോളം അവിടെ ശുശ്രൂഷ ചെയ്തു. തുടർന്ന് താമരശേരി രൂപതാ മെത്രാനായി. 2010 ഏപ്രിൽ എട്ടിന് വിരമിച്ച്, വിശ്രമ ജീവിതം നയിക്കുന്നു.



ഔവർ ലേഡി ഓഫ് ഡോളേഴ്സ് ബസിലിക്ക, തൃശൂർ



**പൗ**രസ്ത്യ കൽദായ സുറിയാനി സഭയുടെ ബിഷപ്പ് എന്നതിലുമുപരി കേരളത്തിലെ സാംസ്കാരിക നേതൃനിരയിലെ തെളിമയുള്ള സാന്നിധ്യമായിരുന്നു ഡോ.പൗലോസ് മാർ പൗലോസ്. സെന്റ് തോമസ് കോളേജിൽ നിന്നും ഗണിതശാസ്ത്ര ബിരുദം നേടി.

1941 സെപ്റ്റംബർ 14 ന് തൃശൂരിൽ ചിറയത്ത് കോനിക്കര അന്തോണിയുടേയും കൊച്ചുമറിയത്തിന്റേയും മകനായി ജനിച്ചു.

## RELIGIOUS LEADER

Bishop Dr Paulose Mar Paulose

**ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ്**

13

പഠനത്തിനുശേഷം സെറാംപൂർ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രം പഠിച്ചു. അമേരിക്കയിലെ പ്രിൻസ്റ്റൺ തിയോളജിക്കൽ സെമിനാരിയിൽ നിന്നു ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം. കാലിഫോർണിയായിലെ ബർക്കിലിയിലെ ഗ്രാജ്യുവേറ്റ് തിയോളജിക്കൽ യൂണിയനിൽ നിന്നു ഡോക്ടറേറ്റ് നേടി.

1965 ൽ വൈദികനായി. 1968ലാണു ബിഷപ്പായത്. ചെക്കോസ്ലോവിക്ക ആസ്ഥാനമായുള്ള ക്രൈസ്തവ സമാധാന സംഘടനയുടെ ഇന്ത്യയിലെ പ്രസിഡന്റ്, ജനീവ കേന്ദ്രമായുള്ള ലോകക്രൈസ്തവ വിദ്യാർത്ഥി ഫെഡറേഷന്റെ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. അന്തർദേശീയ എക്യുമെനിക്കൽ സമ്മേളനങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. 1989 ൽ ചൈനയിലെ ടിയാൻമെൻ സ്ക്വയറിലുണ്ടായ വിദ്യാർത്ഥി പ്രക്ഷോഭത്തിനു ദൃക്സാക്ഷിയായിരുന്നു. 'സ്വാതന്ത്ര്യമാണ് ദൈവം' പ്രഥമ പ്രബന്ധമാണ്. 'നിശബ്ദരായിരിക്കാൻ നിങ്ങൾക്കെന്തധികാരം', 'ചെറുത്തുനിൽപ്പിന്റെ സംസ്കാരം' എന്നീ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'സ്വാതന്ത്ര്യമാണ് ദൈവം' എന്ന ഗ്രന്ഥത്തിന് കേരളസാഹിത്യ അക്കാദമിയുടെ വൈദീക സാഹിത്യത്തിനുള്ള എൻഡോവ്മെന്റ് അവാർഡ് ലഭിച്ചു.

1998 മാർച്ച് 24 ന് കാലം ചെയ്തു.



അഞ്ചു വിളക്ക്, തൃശൂർ



## RELIGIOUS LEADER

Bishop Mar Tony Neelankavil

### ബിഷപ്പ് മാർ ടോണി നീലങ്കാവിൽ

**14**

**കോ**ളേജിലെ മുൻ ഇംഗ്ലീഷ് പ്രഫസറുടെ മകനും പ്രീഡിഗ്രി വിദ്യാർഥിയുമായ ടോണിയാണ് ഇപ്പോൾ സെന്റ് തോമസ് കോളേജിന്റെ മാനേജർ. 1982 ജൂൺ ഒന്നു മുതൽ 1984 മാർച്ച് 31 വരെ കോളേജിൽ പ്രീഡിഗ്രി സയൻസ് ഗ്രൂപ്പ് വിദ്യാർഥിയായിരുന്നു ടോണി.

ഷെവലിയാർ പ്രഫ. എൻ.എ. ഔസേഫിന്റേയും മേരി ടീച്ചറുടേയും മൂത്തമകനായി 1967 ജൂലൈ 23നു ജനിച്ചു. പ്രീഡിഗ്രി പഠനത്തിനുശേഷം 1984ൽ സെമിനാരിയിൽ ചേർന്നു. 1993 ഡിസംബർ 27നാണ് പൗരോഹിത്യം സ്വീകരിച്ചത്. ബെൽജിയത്തെ ലുവെൻ കാത്തലിക് യൂണിവേഴ്സിറ്റിയിൽനിന്ന് തിയോളജിയിൽ ഡോക്ടറേറ്റ് നേടി.

തൃശൂർ മുളയം മേരിമാതാ മേജർ സെമിനാരിയിൽ 2002 മുതൽ അധ്യാപകനായും പിന്നീട് റെക്ടറായും സേവനം ചെയ്തു. 2017 നവംബർ 18നു തൃശൂർ അതിരൂപതാ സഹായമെത്രാനായി സ്ഥാനമേറ്റതോടെ, മാർ ടോണി നീലങ്കാവിൽ കോളജിന്റെ മാനേജരുമായി.



ലൂർദ്ദ് മെട്രോപൊളിറ്റൻ കത്തീഡ്രൽ, തൃശൂർ



## RELIGIOUS LEADER

Bishop Mar Sebastian Pozholiparambil

### ബിഷപ്പ് മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ

**15**

**സീ**റോ മലബാർ സഭയിലെ ഹൊസൂർ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ (ജോബി) പൊഴോലിപറമ്പിൽ സെന്റ് തോമസ് കോളേജിലെ പ്രീഡിഗ്രി വിദ്യാർഥിയായിരുന്നു. ഇരിങ്ങാലക്കുട പുല്ലൂർ പരേതനായ കെ.എസ്. ലോനപ്പന്റെയും ടി.എൽ. സാറയുടേയും മകനായി 1957 സെപ്റ്റംബർ ഒന്നിനാണു ജോബിയുടെ ജനനം.

തൃശൂർ സെന്റ് മേരീസ് മൈനർ സെമിനാരി, സെന്റ് തോമസ് കോളേജ്, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവടങ്ങളിലാണ് പഠനം പൂർത്തിയാക്കിയത്.

1982 ഡിസംബർ 22 ന് വൈദികനായി. റോമിൽനിന്ന് ഡോക്ടറേറ്റ് നേടി. ചെന്നൈ മിഷന്റെ കോ-ഓഡിനേറ്ററും ഇരിങ്ങാലക്കുട രൂപതയുടെ വികാരി ജനറലുമായി പ്രവർത്തിച്ചു. 2017 നവംബർ 22ന് ബിഷപ്പായി അഭിഷിക്തനായി. മലയാളം, ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമൻ, തമിഴ് എന്നീ അഞ്ചു ഭാഷകൾ കൈകാര്യം ചെയ്യും.



മാർഗ്ഗം കളി



## RELIGIOUS LEADER


Bishop Mar Joy Alappat

### ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്

**16**

**ചി**ക്കാഗോ രൂപതാ സഹായ മെത്രാനും തൃശൂർ ജില്ലയിലെ പറപ്പൂക്കര സ്വദേശിയുമായ മാർ ജോയ് ആലപ്പാട്ട് സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രി വിദ്യാർഥിയായിരുന്നു (1973–75).

ആലപ്പാട്ട് വർഗീസിന്റേയും റോസിയുടേയും മകനായി 1956 സെപ്റ്റംബർ 27നു ജനിച്ചു. 1981 ഡിസംബർ 31നു പൗരോഹിത്യം സ്വീകരിച്ചു. ചെന്നൈ മിഷനിൽ ആറു വർഷം സേവനം ചെയ്തു. 1994 മുതൽ അമേരിക്കയിലാണു സേവനം. 2014 സെപ്റ്റംബർ 27 നാണു *ചിക്കാഗോ മെത്രാനായി അഭിഷിക്തനായത്.



ഹോളി നെയിം കത്തീഡ്രൽ, ചിക്കാഗോ



## RELIGIOUS LEADER

Bishop Mar Prince Panengaden

### ബിഷപ്പ് മാർ പ്രിൻസ് പാണേങ്ങാടൻ

17

**സീ**റോ മലബാർ സഭയുടെ *അദിലാബാദ് രൂപത ബിഷപ്പായ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ സെന്റ് തോമസ് കോളേജിലെ ബിരുദ വിദ്യാർഥി ആയിരുന്നു.

തൃശൂർ ജില്ലയിലെ അരിമ്പൂർ സ്വദേശിയാണ്. 1976 മാർച്ച് 13 നു ജനിച്ചു. ബംഗളൂർ ധർമാരാം വിദ്യാക്ഷേത്രം, ഉജ്ജെയിൻ റുഹാലയ സെമിനാരി എന്നിവിടങ്ങളിലായിരുന്നു പൗരോഹിത്യത്തിനുള്ള പഠനം പൂർത്തിയാക്കിയത്. 2007 ഏപ്രിൽ 25നു വൈദികനായി. റോമിലെ ഉർബാനിയാന യൂണിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ് നേടി. 2015 ഒക്ടോബർ 29നാണ് ബിഷപ്പായി അഭിഷിക്തനായത്.



*സെന്റ് ജോസഫ്സ് കത്തീഡ്രൽ, അദിലാബാദ്



## RELIGIOUS LEADER

Bishop Mar Thomas Vazhapilly

### ബിഷപ്പ് മാർ തോമസ് വാഴപ്പിള്ളി

18

**മൈ**സൂർ ബിഷപ്പായിരുന്ന ഡോ തോമസ് വാഴപ്പിള്ളി പെരിങ്ങോട്ടുകര സ്വദേശിയാണ്. സെന്റ് തോമസ് കോളേജിലെ ഇന്റർമീഡിയേറ്റ് വിദ്യാർഥിയായിരുന്നു.

1940 ഏപ്രിൽ 11നു ജനിച്ചു. 1964 ഡിസംബർ രണ്ടിനു പൗരോഹിത്യം സ്വീകരിച്ചു. ബംഗളൂരു സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ റെക്ടറായിരുന്നു. 2003 മാർച്ച് 25 നാണ് *മൈസൂർ ബിഷപ്പായി അഭിഷിക്തനായത്. 2017 ജനുവരി 25നു വിരമിച്ചു. 13 വർഷം മെത്രാനായി സേവനം ചെയ്തു.



സെന്റ് ഫിലോമിനാസ് കത്തീഡ്രൽ, മൈസൂർ



## RELIGIOUS LEADER

Msgr. Paul Kakkassery

**മോൺ. പോൾ കാക്കശ്ശേരി**

19

**ആ**ദ്ധ്യാത്മിക സാമൂഹ്യരംഗത്ത് തൃശൂർ രൂപതയിൽ നിറഞ്ഞുനിന്ന വൈദികനാണ് മോൺ പോൾ കാക്കശേരി പി.എച്ച്.ഡി. ഡി.ഡി. മറ്റം കാക്കശ്ശേരി ഔസേപ്പിന്റെയും മറിയത്തിന്റെയും മകനായി 1900 ക്രിസ്മസ് ദിനത്തിലാണു ജനിച്ചത്. സെന്റ് തോമസ് കോളേജിലെ പഠനത്തിനുശേഷം കാൻഡി സെമിനാരിയിൽ വൈദികപഠനത്തിന് ചേർന്നു.

1930 ഒക്ടോബർ അഞ്ചിന് കാൻഡി സെമിനാരിയിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. 1933ൽ ആരംഭിച്ച രൂപതാ ബുള്ളറ്റിൻ 'നവജീവിക' യുടെ പത്രാധിപനായി 12 വർഷം സേവനമനുഷ്ഠിച്ചു. *ഒല്ലൂർ ഫൊറോന വികാരിയായി 1942 ജനുവരി 10 മുതൽ 1955 ഏപ്രിൽ 15 വരെ പ്രവർത്തിച്ചു. ഇക്കാലത്താണ് മോൺസിഞ്ഞോർ പദവി നൽകി മാർപാപ്പ അംഗീകരിച്ചത്.

സാധുജന സേവനത്തിനായി അദ്ദേഹം തുടക്കം കുറിച്ച സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഇന്നും മികവോടെ പ്രവർത്തിക്കുന്നു. സാധുസംരംക്ഷണസംഘം (1943), അറോറ ക്ലബ്ബ്, വിൻസന്റ് ഡിപോൾ ഡിസ്പെൻസറി എന്നിവയാണ്. തോപ്പ് സെമിനാരി റെക്ടറായി നിയമിതനായതിനു ശേഷം 1958ൽ സേവനം ഊട്ടിയിലേക്കു മാറ്റി.



ഫൊറോന പള്ളി, ഒല്ലൂർ

## RELIGIOUS LEADER

Msgr. Antony Maliekkal

**മോൺ. ആന്റണി മാളിയേക്കൽ**

**20**




**മാ**തൃകാവൈദികൻ, പണ്ഡിതൻ, മികച്ച *സെമിനാരി റെക്ടർ, അദ്ധ്യാപകൻ, ഭരണകർത്താവ്, തികഞ്ഞ വിൻസെൻഷ്യൻ നേതാവ്, ജീവകാരുണ്യപ്രവർത്തകൻ തുടങ്ങി അനേകം വിശേഷണങ്ങൾ നൽകാവുന്ന അതുല്യവ്യക്തിത്വമാണ് മോൺ. ആന്റണി മാളിയേക്കൽ.

1917 ഏപ്രിൽ 21 ന് അവിഭക്ത തൃശൂർ രൂപതയിലെ മേലഡൂരിലാണ് ജനനം. തൃശൂർ സെന്റ് തോമസ് കോളേജിൽനിന്ന് ബിരുദം നേടി. ആലുവയിലും കാന്റിയിലുമായി വൈദികപഠനം പൂർത്തിയാക്കി. 1947 ഓഗസ്റ്റ് 24 ന് വൈദികനായി. മാർ ജെയിംസ് പഴയാറ്റിൽ, മാർ വലിയമറ്റം, മാർ ബോസ്കോ പുത്തൂർ, മാർ പോൾ ചിറ്റിലപ്പിള്ളി, മാർ ആൻഡ്രൂസ് താഴത്ത്, മാർ പോൾ ആലപ്പാട്ട്, മാർ റാഫേൽ തട്ടിൽ തുടങ്ങി അനേകം മെത്രാന്മാരുടെ ഗുരുവാണ്. മാർ ജോസഫ് കുണ്ടുകുളം സതീർത്ഥ്യനായിരുന്നു.
തൃശൂർ അതിരൂപതയിൽ അഗതി സേവന പ്രസ്ഥാനമായ സെന്റ് വിൻസന്റ് ഡി പോൾ സംഘം കെട്ടിപ്പടുത്തു. പാവപ്പെട്ടവർക്കു വേണ്ടി 'സേവ് എ ഫാമിലി' പദ്ധതി ആരംഭിച്ചു. മേരീവിജയം മാസിക പ്രഥമ മാനേജർ, സെന്റ് തോമസ് കോളേജിലെ ലാറ്റിൻ പ്രൊഫസർ എന്നീ നിലകളിലും പ്രവർത്തിച്ചു. 1976 ജൂണിൽ പോൾ ആറാമൻ മാർപാപ്പ മോൺസിഞ്ഞോർ പദവി നൽകി ആദരിച്ചു.
2001 ൽ അന്തരിച്ചു.




*സെന്റ് മേരീസ് മൈനർ സെമിനാരി, തൃശൂർ



## RELIGIOUS LEADER

Msgr. Joseph Vilangaden

### മോൺ. ജോസഫ് വിളങ്ങാടൻ

21

**തൃ**ശൂർ അതിരൂപതയ്ക്ക് അഗതിസേവനത്തിന്റെ മുഖം നൽകിയ അനേകം ജീവകാരുണ്യ സ്ഥാപനങ്ങളുടെ പിന്നാമ്പുറ ശിൽപിയാണു മോൺ ജോസഫ് വിളങ്ങാടൻ. സെന്റ് തോമസ് കോളേജിലെ ഇന്റർമിഡിയേറ്റ് വിദ്യാർഥിയായിരുന്നു. അഗതികളുടെ പിതാവ് എന്നറിയപ്പെട്ട മാർ ജോസഫ് കുണ്ടുകുളത്തോടൊപ്പം ചേർന്നു നിന്ന് ആരംഭിച്ച അഗതിപാലന സ്ഥാപനങ്ങളുടെ സേവനങ്ങൾ ദേശീയ, രാജ്യാന്തര തലങ്ങളിൽ പ്രശംസ നേടിയവയാണ്.

പ്രശസ്തിയിൽ നിന്നും പദവികളിൽനിന്നും അകന്നു നിൽക്കാൻ എന്നും ശ്രദ്ധിച്ച വൈദിക ശ്രേഷ്ഠൻ. അവിവാഹിതരായ അമ്മമാരേയും കുഞ്ഞുങ്ങളേയും സംരക്ഷിക്കുന്ന ഭവനം മുതൽ എയ്ഡ്സ് രോഗികൾക്കു വേണ്ടി ആരംഭിച്ച കേന്ദ്രം വരെയുള്ള ജീവകാരുണ്യ സ്ഥാപനങ്ങളിൽ സംരക്ഷണം നൽകിയത് അനേകായിരം നിരാലംബർക്കാണ്.

തൃപ്പുണിത്തുറ വിളങ്ങാടൻ ഉലഹന്നാൻ–അന്നമ്മ ദമ്പതികളുടെ മകനായി 1926 ആഗസ്റ്റ് 18 നു ജനിച്ച ജോസഫ് 1942–44 ലായിരുന്നു സെന്റ് തോമസ് കോളജിൽ പഠിച്ചത്. തൃശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിലും റോമിലെ പ്രൊപ്പഗാന്ത സെമിനാരിയിലും വൈദിക പഠനത്തിനുശേഷം 1954 ഡിസംബർ ഏഴിനു വൈദികനായി. റോമിൽ നിന്നു തന്നെ കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി. ഇംഗ്ലീഷ്, ഇറ്റാലിയൻ, ലാറ്റിൻ, ജർമൻ, ഫ്രഞ്ച് ഭാഷകളിൽ പ്രാവീണ്യം നേടി.

ബിഷപ്പുമാരായിരുന്ന മാർ ജോർജ് ആലപ്പാട്ട്, മാർ ജോസഫ് കുണ്ടുകുളം എന്നിവരുടെ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചു. മാർ കുണ്ടുകുളത്തോടൊപ്പം *നിർമലദാസി സന്യാസിനീ സമൂഹത്തിനു രൂപം നൽകി. പൗരസ്ത്യ സഭകളുടെ ഉപദേശക സമിതി അംഗം, തൃശൂർ രൂപതാ ചാൻസലർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. 1992 മേയ് ഏഴിന് മോൺസിഞ്ഞോർ പദവി നൽകി മാർപാപ്പ ആദരിച്ചു. 85 ാം വയസിൽ 2011 ഒക്ടോബർ ഒമ്പതിന് അന്തരിച്ചു.



*നിർമ്മലദാസി ജനറലേറ്റ്, മുളയം

22



Chief Justice M.S. Menon

## ചീഫ് ജസ്റ്റിസ് എം.എസ്. മേനോൻ

**കേരള** ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന ജസ്റ്റിസ് എം.എസ് മേനോൻ തൃശൂർ സെന്റ് തോമസ് കോളേജിലെ പൂർവ–വിദ്യാർത്ഥിയാണ്. 1953 ജനുവരി 29 മുതൽ 1969 ജൂൺ 12 വരെ *കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്നു.

23



Justice M.P. Menon

## ജസ്റ്റിസ് എം.പി. മേനോൻ

**കേരള** ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് എം.പി. മേനോൻ തൃശൂർ സെന്റ് തോമസ് കോളേജിലെ പൂർവ–വിദ്യാർത്ഥിയാണ്. 1978 മാർച്ച് 27 മുതൽ 1987 ഓഗസ്റ്റ് 31 വരെയുള്ള കാലത്താണ് അദ്ദേഹം *കേരള ഹൈക്കോടതിയിൽ ജഡ്ജിയായി സേവനം ചെയ്തത്.



* കേരളാ ഹൈക്കോടതി, എറണാകുളം




## 24

Justice K.T Sankaran

### ജസ്റ്റീസ് കെ.ടി. ശങ്കരൻ

പാലക്കാട് ജില്ലയിൽ പട്ടാമ്പിക്കു സമീപം തലകശേരിയിൽ ജനിച്ച ജസ്റ്റീസ് കെ.ടി. ശങ്കരൻ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രി വിദ്യാർത്ഥിയായി ചേർന്നു. തുടർന്ന് കർണ്ണാടക സംസ്ഥാനത്തെ കൂർഗിലെ സരസ്വതി ലോ കോളജിൽ നിന്നും നിയമബിരുദം നേടി. 1979ൽ പട്ടാമ്പി കോടതിയിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1982 ൽ കേരള ഹൈക്കോടതിയിൽ അഭിഭാഷകനായി സേവനം ആരംഭിച്ചു. 2005 ൽ കേരള ഹൈകോടതി അഡീഷണൽ ജഡ്ജിയായും 2006 ൽ സ്ഥിരം ജഡ്ജിയായും നിയമിതനായി. 2016 ൽ സർവീസിൽനിന്നു വിരമിച്ചു.



## 25

Justice G. Viswanatha Iyer

### ജസ്റ്റിസ് ജി. വിശ്വനാഥ അയ്യർ

തൃശൂർ സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർത്ഥിയായിരുന്ന ജസ്റ്റിസ് ജി. വിശ്വനാഥ അയ്യർ 1972 ഏപ്രിൽ മുതൽ 1982 ജനുവരി വരെ കേരള ഹൈക്കോടതി ജഡ്ജിയായി പ്രവർത്തിച്ചു.




അഡ്വക്കേറ്റ് ജനറൽ ഓഫീസ്, കേരള



Justice Ashok Menon

## 26

## ജസ്റ്റീസ് അശോക് മേനോൻ

സെന്റ് തോമസ് കോളേജിൽനിന്നും ഡിഗ്രി ബി.എ. ഇക്കണോമിക്സ് (1975–78) പഠനം പൂർത്തിയാക്കിയ ജസ്റ്റീസ് അശോക് മേനോൻ തുടർന്നു കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ നിന്നു നിയമത്തിൽ ബിരുദം നേടി. 1981ൽ തൃശൂർ, വടക്കാഞ്ചേരി കോടതികളിൽ പ്രാക്ടീസ് ആരംഭിച്ചു. 1988ൽ മുൻസീഫ്–മജിസ്ട്രേറ്റായി ജുഡീഷ്യൽ സർവീസിൽ സേവനം തുടങ്ങി. 1995 ൽ സബ് ജഡ്ജായി. 2002ൽ ജില്ലാ ജഡ്ജിയായി. 2009–10 കാലഘട്ടത്തിൽ സുപ്രീം കോടതിയിൽ രജിസ്ട്രാർ ആയി നിയമിതനായി. 2010–13ൽ കോംപിറ്റീഷൻ അപ്പലേറ്റ് ട്രൈബ്യൂണലായി ഡൽഹിയിൽ സേവനം അനുഷ്ഠിച്ചു. 2013 മുതൽ 2015 വരെ കൊല്ലം പ്രിൻസിപ്പൽ ജില്ലാ ജഡ്ജിയായി സേവനം ചെയ്തു. കേരള ഹൈക്കോടതി അഡീഷനൽ ജഡ്ജിയായിരുന്നു.



Justice M.S.Raman

## 27

## ജസ്റ്റിസ് എം.എസ്. രാമൻ

സെന്റ് തോമസ് കോളജിലെ പൂർവ വിദ്യാർഥിയായ ജസ്റ്റിസ് എം.എസ്. രാമൻ കേരള ഹൈക്കോടതിയിൽ പത്തു വർഷത്തോളം ജഡ്ജിയായിരുന്നു. എറണാകുളം ഗവൺമെന്റ് ലോ കോളജിൽ നിന്നു നിയമബിരുദം നേടി. കേരള ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ അംഗം, വിവിധ ഗവൺമെന്റ് കമ്പനികളുടെ വക്കീൽ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. 2001 സെപ്റ്റംബറിൽ കേരള ഹൈക്കോടതി ജഡ്ജിയായി. 2010ൽ വിരമിച്ചു.




ഗവ.ലോ കോളേജ്, തൃശൂർ

## FREEDOM FIGHTER

V.R Krishnan Ezhuthachan

### വി. ആർ കൃഷ്ണൻ എഴുത്തച്ഛൻ

**28**



രാഷ്ട്രീയനേതാവ്, പത്രാധിപൻ, സഹകാരി തുടങ്ങിയ നിലകളിൽ പ്രസിദ്ധനായ ഗാന്ധിയനാണു വി. ആർ കൃഷ്ണൻ എഴുത്തച്ഛൻ.

ഒല്ലൂരിനടുത്ത് അവിണിശ്ശേരി കർഷക കുടുംബമായിരുന്ന വടക്കൂട്ട് നെല്ലിപറമ്പിൽ രാമൻ എഴുത്തച്ഛന്റെയും പേരിങ്ങണ്ടൂർ ഞാറശ്ശേരി വളപ്പിൽ ലക്ഷ്മിഅമ്മയുടെയും പത്താമത്തെ പുത്രനായി 1909ൽ ജനനം.

സെന്റ് തോമസ് കോളേജിലെ പഠനത്തിനുശേഷം തിരുവനന്തപുരം ലോകോളേജിൽ നിന്നും നിയമബിരുദമെടുത്തു.

സർക്കാർ ജോലി ഉപേക്ഷിച്ച് സ്വാതന്ത്ര്യസമര രംഗത്തേക്കിറങ്ങി. ഗാന്ധിയൻ ദർശനങ്ങളിലെ സ്വാധീനം മൂലം ഖാദി–ഗ്രാമ വ്യവസായങ്ങൾ, ഗ്രാമോദ്ധാരണം, അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനം, ഹരിജനോദ്ധാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. കൊച്ചി നിയമസഭയിലേക്ക് 1945 ൽ ഊരകത്തുനിന്നും 1952 ൽ നെന്മാറയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു. തൃശൂർ ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റായി 25 വർഷം പ്രവർത്തിച്ചു. കൊച്ചി കർഷകസഭ പ്രസിഡന്റ്, കേരള കിസാൻ സഭ പ്രസിഡന്റ്, ജില്ലാ കോൺഗ്രസ് പ്രസിഡന്റ്, എ.ഐ.സി.സി., കെ.പി.സി.സി. അംഗം, കൊച്ചിരാജ്യ പ്രജാമണ്ഡലം സ്ഥാപക ജനറൽ സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. നവദീപം, ദീനബന്ധു ഗ്രാമക്ഷേമം, കർഷകൻ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ നടത്തിയിരുന്നു. നാൽപതു കോടിയുടെ ശബ്ദം, കൊച്ചിക്ക് ഒരു അഭിവൃദ്ധി പദ്ധതി, ആത്മകഥ തുടങ്ങി പത്തോളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കോടന്നൂർ പഞ്ചായത്ത് പ്രസിഡന്റ്, മദ്യനിരോധന കമ്മീഷൻ അംഗം, നാളികേര വികസന സമിതി അംഗം, കാംപ്കോ പ്രവർത്തകൻ, ഭാരത് കർഷക് സമാജം സംസ്ഥാന പ്രസിഡന്റ്, മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സഹകരണ യൂണിയൻ, വെയർഹൗസിംഗ് കോർപ്പറേഷൻ എന്നിവയുടെ ഭാരവാഹി, കെ.എസ്.എഫ്.ഇ. ഡയറക്ടർ, പഴം–പച്ചക്കറി, കപ്പ, സൊസൈറ്റികളുടെ പ്രസിഡന്റ്, കൊച്ചി കേന്ദ്രസഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. തൃശൂർ സഹകരണ സ്പിന്നിങ്ങ് മിൽ തുടങ്ങാൻ മുൻകൈ എടുത്തതും ഇദ്ദേഹമായിരുന്നു. 2004 മേയ് 13 ന് അന്തരിച്ചു.



സ്വരാജ് റൗണ്ട്, തൃശൂർ



## UNION MINISTER

A.M. Thomas

**എ.എം. തോമസ്**

കേന്ദ്രമന്ത്രി

**29**

ജവഹർലാൽ നെഹ്റുവിന്റേയും ലാൽ ബഹദൂർ ശാസ്ത്രിയുടേയും ഇന്ദിരാഗാന്ധിയുടേയും മന്ത്രിസഭയിലെ കേന്ദ്രമന്ത്രിയായിരുന്നു എ.എം. തോമസ്. *സെൻട്രൽ ഖാദി കമ്മീഷന്റെ ചെയർമാനായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്.

കേരള നിയമസഭ നിലവിൽ വരുന്നതിനു മുമ്പ് കൊച്ചി അസംബ്ലിയിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടിരുന്നു. തിരുവിതാംകൂർ–കൊച്ചി നിയമ സഭയിൽ സ്പീക്കറായിരുന്നു. 1952ൽ കൊച്ചിയിൽ നിന്ന് ലോകസഭയിൽ എത്തി. നെഹ്റു മന്ത്രിസഭയിൽ ഭക്ഷ്യ, കൃഷി വകുപ്പുകളുടെ സഹമന്ത്രിയായിരുന്നു. ശാസ്ത്രിയുടേയും ഇന്ദിരാഗാന്ധിയുടേയും മന്ത്രിസഭയിൽ പ്രതിരോധ മന്ത്രിയായി. ഓസ്ട്രേലിയ, സാംബിയ, ബോട്സ്വാന എന്നീ രാജ്യങ്ങളിൽ ഇന്ത്യൻ ഹൈക്കമ്മീഷണറായും പ്രവർത്തിച്ചു.

2004 ഏപ്രിൽ 27ന് 92 ാം വയസിൽ അന്തരിച്ചു.




*1925 ൽ ഗാന്ധിജി ഉദ്ഘാടനം നിർവ്വഹിച്ച് ആരംഭിച്ച ഖാദി ഓഫീസ്, ജലന്തർ, പഞ്ചാബ്



## MEMBER OF PARLIAMENT

P.A Antony (MP)

**പി.എ. ആന്റണി**

എം.പി.

30

ജനകീയ പൊതുപ്രവർത്തകനും പാർലമെന്റ് അംഗവുമായിരുന്ന പി.എ. ആന്റണി സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർ ഥിയാണ്.

തൃശൂരിൽ നിന്ന് 1984 ലും 1989 ലും ലോക്സഭയിലേക്കു തെര ഞ്ഞെടുക്കപ്പെട്ടു. 1984 ൽ അദ്ദേഹം നേടിയ 51,290 വോട്ടിന്റെ ഭൂ രിപക്ഷം തൃശൂർ ലോക്സഭാ മണ്ഡലത്തിൽ മറ്റാർക്കും ഭേദി ക്കാനായിട്ടില്ല. ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പ് 1972 ലെ ഉപതെരഞ്ഞെടുപ്പിൽ നിയമസഭയിലേക്കു തെര ഞ്ഞെടുക്കപ്പെട്ടിരുന്നു.

കെ.എസ്.യുവിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്നു അ ദ്ദേഹം. എ.കെ. ആന്റണി, ഉമ്മൻ ചാണ്ടി, വി.എം. സുധീരൻ, വ യലാർ രവി തുടങ്ങി നേതൃനിരയിലുണ്ടായിരുന്ന പത്തു നേതാ ക്കളിൽ ഒരാൾ. പിന്നീടു തൃശൂർ നഗരസഭാ കൗൺസിലറായി, തൃശൂർ ജില്ലാ കോൺഗ്രസ് അധ്യക്ഷനായി. ജനകീയനായ തൃ ശൂർക്കാരനായിരുന്നു ആന്റണി.

1936 ജനുവരി 26 നു തൃശൂരിലെ പുതുക്കാടൻ ഐപ്പുവിന്റെ മക നായി ജനിച്ച അദ്ദേഹം അറുപതാം വയസിൽ 1996 ഏപ്രിൽ 24ന് അന്തരിച്ചു.



നെഹ്റു പാർക്ക്, തൃശൂർ



## MEMBER OF PARLIAMENT

V.M Sudheeran M.P.

**വി. എം. സുധീരൻ എം.പി.**

(സ്പീക്കർ, മന്ത്രി) –കേരളം


**31**

**കേ**രള നിയമസഭയുടെ മുൻ സ്പീക്കറും മുൻ മന്ത്രിയും ലോകസഭാംഗവും കെ.പി.സി.സിയുടെ മുൻ പ്രസിഡന്റുമായ വി.എം. സുധീരന്റെ പൊതുപ്രവർത്തന കളരി തൃശൂർ സെന്റ് തോമസ് കോളേജായിരുന്നു. 1963– 68 വർഷങ്ങളിലാണ് സുധീരന്റെ കോളേജ് ജീവിതം. അക്കാലത്തു കെ.എസ്.യു നേതാവായിരുന്ന സുധീരൻ 1971 മുതൽ 73 വരെ കെ.എസ്.യു സംസ്ഥാന പ്രസിഡന്റായി. 1975 ൽ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായി. 1977 ൽ ആലപ്പുഴയിൽനിന്ന് എം.പി. ആയി. 1980 മുതൽ 1996 വരെ മണലൂരിൽ നിന്ന് എം.എൽ.എ ആയി. 1985–87 ലാണു നിയമസഭാ സ്പീക്കറായത്. അരോഗ്യവകുപ്പുമന്ത്രിയായും പ്രവർത്തിച്ചു.

അന്തിക്കാട് പടിയം പ്രദേശത്ത് വി.എസ്. മാമയുടെയും ഗിരിജയുടെയും മകനായി 1948 മേയ് 26 നാണു ജനനം.



ടൗൺ ഹാൾ, തൃശൂർ



## MEMBER OF PARLIAMENT

K. Mohandas M.P.

**കെ. മോഹൻദാസ് എം.പി.**

32

**ലോ**ക്സഭാംഗമായിരുന്ന കെ. മോഹൻദാസ് തൃശൂർ സെന്റ് തോമസ് കോളേജിൽ ബി.എ. ഇക്കണോമിക്സ് വിദ്യാർഥിയായിരുന്നു. വിദ്യാർഥിയായിരുന്നപ്പോൾത്തന്നെ ഗുരുവായൂർ ദേവസ്വം ബോർഡ് അംഗമായിരുന്നു.

വല്ലക്കുന്ന് കുഴിക്കാട്ടിപുറത്ത് വീട്ടിൽ വേലായുധമേനോൻ-കാർത്യായനി ദമ്പതികളുടെ നാലുമക്കളിൽ മൂത്തയാളാണ് മോഹൻദാസ്. 1984 നവംബർ 25നു വിവാഹദിനത്തിലാണ് അദ്ദേഹത്തെ സ്ഥാനാർഥിയായി നിശ്ചയിച്ചത്. കെ.എസ്.സി, യൂത്ത്ഫ്രണ്ട് സംസ്ഥാന പ്രസിഡന്റു സ്ഥാനങ്ങൾ വഹിച്ചു. 1984ൽ ലോക്സഭയിലേക്കു ജയിച്ചപ്പോൾ മോഹൻദാസ് സഭയിലെ ഏറ്റവും പ്രായംകുറഞ്ഞ അംഗമായിരുന്നു- 32 വയസ്.

ഭാര്യ: മിനി മോഹൻദാസ് (റിട്ട. പ്രിൻസിപ്പാൾ, ഇരിങ്ങാലക്കുട നാഷണൽ ഹയർ സെക്കന്ററി സ്കൂൾ), മക്കൾ: മേഘ, മിഥുൻ.

1996 സെപ്റ്റംബർ 20 ന് 44-ാം വയസിൽ അകാലത്തിൽ അന്തരിച്ചു.



ചിമ്മിനി ഡാം, തൃശൂർ



## MINISTER, GOVT.OF KERALA

Prof. Joseph Mundassery

### പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

മന്ത്രി

33

**വി**ദ്യാഭ്യസമന്ത്രി, സാഹിത്യ നിരൂപകൻ എന്നീ നിലകളിൽ പ്രശസ്തനായ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സെന്റ് തോമസ് കോളേജിന്റെ പൂർവ വിദ്യാർഥിയും പിന്നീട് കോളേജിലെ അധ്യാപകനുമായിരുന്നു. ഫിസിക്സിൽ ഡിഗ്രിയും തുടർന്ന് മലയാളത്തിലും സംസ്കൃതത്തിലും ബിരുദാനന്തര ബിരുദവും നേടി. 1952വരെ കോളേജിൽ വിദേശഭാഷ വിദ്യാഭ്യാസവകുപ്പ് തലവനായിരുന്നു.

1957ലെ ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്തു വിവാദ വിദ്യാഭ്യാസ ബിൽ കൊണ്ടുവന്നതിന്റെ പുറകിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയായിരുന്നു.

തൃശൂർ ജില്ലയിലെ കണ്ടശ്ശാംകടവിലാണു ജനനം. കേരള സംഗീത അക്കാദമി സ്ഥാപിക്കുന്നതിൽ ചുക്കാൻ പിടിച്ച മുണ്ടശ്ശേരി കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള സാഹിത്യ പരിഷത്തിന്റെ പ്രസിഡന്റായിരുന്നു. വിദ്യാഭ്യാസ പരിഷ്കർത്താവായ മുണ്ടശ്ശേരി മാസ്റ്റർ കൊണ്ടുവന്ന വിദ്യാഭ്യാസ ബിൽ കേരളത്തെ വിമോചന സമരത്തിലേക്കും ഇ.എം.എസ് മന്ത്രിസഭയുടെ പതനത്തിലേക്കും നയിച്ചു. സർവകലാശാലകളുടേയും കോളേജുകളുടേയും പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ഭരണസംവിധാനം പരിഷ്കരിച്ചു. കുസാറ്റ് വൈസ് ചാൻസലറായിരുന്നു. മത്തായി മാഞ്ഞൂരാൻ, അച്യുതമേനോൻ തുടങ്ങിയ പ്രഗത്ഭർ മുണ്ടശേരി മാസ്റ്ററുടെ ശിഷ്യരാണ്.

നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കൊന്തയിൽനിന്നും കുരിശിലേക്ക്, പാറപ്പുറത്ത് വിതച്ച വിത്ത്, സാഹിത്യവിമർശനം, കാവ്യപീഠിക, കുമാരനാശാന്റെ കവിത–ഒരു പഠനം. വള്ളത്തോളിന്റെ കവിത–ഒരു പഠനം, രൂപഭദ്രത, അന്തരീക്ഷം, പ്രയാണം, വായനശാലയിൽ (3 ഭാഗങ്ങൾ), പശ്ചാത്യസാഹിത്യസമീക്ഷ, മാറ്റൊലി, രാജരാജന്റെ മാറ്റൊലി. ആത്മകഥ: കൊഴിഞ്ഞ ഇലകൾ.

1977 ഒക്ടോബർ 25 ന് അന്തരിച്ചു.




കേരള സാഹിത്യ അക്കാദമി, തൃശൂർ



## MINISTER, GOVT.OF KERALA

Mathai Manjooran

**മത്തായി മാഞ്ഞൂരാൻ**

മന്ത്രി

34

**മൂ**ന്നാം കേരള നിയമസഭയിൽ ഇഎംഎസ് മന്ത്രിസഭയിലെ തൊഴിൽ മന്ത്രിയും രാജ്യസഭാംഗവുമായിരുന്ന മത്തായി മാഞ്ഞൂരാൻ സെന്റ്തോമസ് കോളേജിൽ ഇന്റർമീഡിയറ്റ് വിദ്യാർഥിയായിരുന്നു.

സ്വാതന്ത്ര്യ സമര പോരാളിയായ ഇദ്ദേഹം ദീർഘകാലം കോൺഗ്രസിൽ പ്രവർത്തിച്ചു. 1947 ൽ കേരള സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു. കേരളത്തിൽ 1950 കളിൽ രൂപപ്പെട്ട ഇടതുമുന്നണിയുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ്.

1912 ഒക്ടോബർ 13 നു ചക്കരക്കടവിലായിരുന്നു ജനനം.

1970 ജനുവരി 14 ന് അന്തരിച്ചു.



പീച്ചി ഡാം, തൃശൂർ



## MINISTER, GOVT.OF KERALA

Adv. K.T. Achuthan

**അഡ്വ. കെ.ടി. അച് യുതൻ**

മന്ത്രി

35

അഭിഭാഷകനും മുതിർന്ന കോൺഗ്രസ് നേതാവും ഗതാഗത മന്ത്രിയുമായിരുന്ന കെ.ടി. അച്യുതൻ സെന്റ് തോമസ് കോളേജിലെ പൂർവവിദ്യാർഥിയാണ്. 1962 – 64 ൽ ആർ. ശങ്കറിന്റെ മന്ത്രിസഭയിൽ ഗതാഗത – തൊഴിൽ വകുപ്പ് മന്ത്രിയായും 1960–62 ൽ പട്ടംതാണുപ്പിള്ളയുടെ മന്ത്രിസഭയിൽ ഗതാഗത – തൊഴിൽ വകുപ്പ് മന്ത്രിയായും പ്രവർത്തിച്ചു.

തയ്യൻ വൈദ്യർ– മാധവി ദമ്പതികളുടെ മകനായി 1911 നു ജനിച്ചു. കൊച്ചി ലജിസ്ളേറ്റീവ് അസംബ്ലി അംഗമായി 1943 –49 വരെ പ്രവർത്തിച്ചു. തിരുകൊച്ചി നിയമസഭയിൽ 1949 മുതൽ 1951 വരെ അംഗമായി. 1960 ൽ രണ്ടാം കേരള നിയമസഭയിലേക്കു നാട്ടികയിൽ നിന്നു കേരള കോൺഗ്രസ് സ്ഥാനാർഥിയായി ജയിച്ചു.

1952 മുതൽ 1957 വരെ കൊടുങ്ങല്ലൂർ മണ്ഡലം ലോകസഭാംഗവുമായിരുന്നു. ഇരിങ്ങാലക്കുട മുനിസിപ്പൽ കൗൺസിലറായി തുടങ്ങിയ പൊതുപ്രവർത്തനം പിന്നീട് ഡൽഹിയോളം വളർന്നു. കൊച്ചി എസ്എൻ.ഡി.പി.യോഗം ജനറൽ സെക്രട്ടറിയായിരുന്നു. ഭാര്യ: സാവിത്രി.

1999 ജനുവരി എട്ടിന് അന്തരിച്ചു.




പാറമേക്കാവ് ക്ഷേത്രം, തൃശൂർ



## MINISTER, GOVT.OF KERALA

K. Narayana Kuruppu

**കെ. നാരായണ കുറുപ്പ്**

മന്ത്രി

**36**

സംസ്ഥാനത്തെ ഗതാഗത മന്ത്രി, ഡെപ്യൂട്ടി സ്പീക്കർ എന്നീ നിലകളിൽ പ്രവർത്തിച്ച നാരായണ കുറുപ്പ് കേരള കോൺഗ്രസിന്റെ സ്ഥാപക നേതാക്കളിൽ ഒരാളാണ്. 26 വർഷം നിയമസഭാംഗമായിരുന്നു.

കോട്ടയം ജില്ലയിലെ കറുകച്ചാലിൽ 1927 ഒക്ടോബർ 23 നായിരുന്നു ജനനം. സെന്റ് തോമസ് കോളജിൽ ഇന്റർമീഡിയറ്റിനു പഠിച്ചു. ചെന്നൈയിലും മുംബൈയിലുമായിരുന്നു ഉപരിപഠനം. ചങ്ങനാശേരി എൻഎസ്എസ് കോളജിൽ അധ്യാപകനായിരുന്നു. കോൺഗ്രസിലും പിഎസ്പിയിലും പ്രവർത്തിച്ചശേഷമാണ് കേരള കോൺഗ്രസ് രൂപീകരണത്തിനു മുൻകൈയെടുത്തത്.

86 ാം വയസിൽ 2013 ജൂൺ 26 ന് അന്തരിച്ചു.



ശക്തൻ തമ്പുരാൻ പാലസ്, തൃശൂർ



## MINISTER, GOVT.OF KERALA

P.K. Velayudhan

**പി.കെ. വേലായുധൻ**

മന്ത്രി

37

**സെന്റ്** തോമസ് കോളേജിലെ അത്‌ലറ്റിക് ചാമ്പ്യനായിരുന്ന പി.കെ. വേലായുധൻ രാഷ്ട്രീയത്തിലും മികച്ച അത്‌ലറ്റായിരുന്നു. എം.എൽ.എ.യും മന്ത്രിയുമായി.

കരാഞ്ചിറയിൽ കുഞ്ഞയ്യപ്പന്റെ മകനായി 1946 സെപ്റ്റംബർ നാലിനു ജനിച്ചു. 1971–ലാണു സെന്റ് തോമസ് കോളേജിൽ പഠിച്ചത്. 1969–ൽ ജബൽപ്പൂരിലും 70–ൽ കട്ടക്കിലും 71–ൽ ബറോഡയിലും നടന്ന അഖിലേന്ത്യാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പുകളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി താരമായിരുന്നു. 1980–ൽ പന്തളം നിയമസഭാ മണ്ഡലത്തിൽ നിന്നും 1982–ൽ ഞാറയ്ക്കൽ മണ്ഡലത്തിൽ നിന്നും എം.എൽ.എ.യായി. 1983–ൽ കെ. കരുണാകരൻ മന്ത്രിസഭയിൽ മന്ത്രിയായി. 1980 ലും 1982 ലും ഭാരതീയ ദളിത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായിരുന്നു. യൂണിവേഴ്സിറ്റി സെനറ്റ് അംഗം, കെ.പി.സി.സി പ്രസിഡന്റ്, കേരള അക്വാറ്റിക് അസോസിയേഷൻ അംഗം, കെ.എസ്.ആർ.ടി.സി. ലേബർ ഓർഗനൈസേഷൻ പ്രസിഡന്റ് എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവർത്തിച്ചു.

ഭാര്യ: പി.വി. ഗിരിജ

2003 മെയ് 25 ന് അന്തരിച്ചു.




കോർപ്പറേഷൻ സ്റ്റേഡിയം, തൃശൂർ



## MINISTER, GOVT. OF KERALA

Baby John

**ബേബി ജോൺ**

മന്ത്രി

38

**കേ**രള കിസിംഗർ എന്ന പേരിൽ അറിയപ്പെട്ട നേതാവും മുൻമന്ത്രിയുമാണ് ബേബിജോൺ. രാഷ്ട്രീയ പ്രതിസന്ധികളെ മറികടക്കാനുള്ള തന്ത്ര മികവാണ് അദ്ദേഹത്തിന് ആ പേരു നേടിക്കൊടുത്തത്. സമാധാന നോബൽ സമ്മാനജേതാവായ യു.എസ്. സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന ഹെൻറി കിസിംഗറുടെ പിൻഗാമി എന്ന നിലയിലാണ് ഈ ബഹുമതിപ്പേരു കിട്ടിയത്.

സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായി വിദ്യാർഥിയായിരുന്നപ്പോൾ തന്നെ പൊതുപ്രവർത്തനത്തിനിറങ്ങി. ചെറുപ്പത്തിലേ അറസ്റ്റും ജയിൽവാസവുമൊക്കെയുണ്ടായി. കോൺഗ്രസുകാരനായി തുടങ്ങി. ഒടുവിൽ ആർ.എസ്.പിയുടെ പരമോന്നത നേതാവായി.

1952–54 ൽ തിരു–കൊച്ചി നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1960–ൽ കരുനാഗപ്പിള്ളിയിൽ നിന്നു രണ്ടാം നിയമസഭയിൽ അംഗമായി. 67, 70 കളിലും വിജയം ആവർത്തിച്ചു. 77 മുതൽ പത്താം കേരള നിയമസഭ വരെ ഈ അശ്വമേധം തുടർന്നു. സി. അച്യുതമേനോൻ, കെ. കരുണാകരൻ, ഇ.കെ. നായനാർ, പി.കെ. വാസുദേവൻനായർ മന്ത്രിസഭകളിൽ മന്ത്രിയായിരുന്നു.

ഭാര്യ: അന്നമ്മ. മക്കൾ: ഷാജി ബേബിജോൺ, ഷിബു ബേബിജോൺ, ഷീല ജയിംസ് ജോസഫ്.

1920 സെപ്റ്റംബർ 14 ന് ജനനം.

90 –ാം വയസിൽ 2008 ജനുവരി 29 ന് അന്തരിച്ചു.



പഞ്ചാരിമേളം



## MINISTER, GOVT. OF KERALA

P.P. George

**പി.പി. ജോർജ്**

മന്ത്രി

**39**

**മു**ൻ കൃഷിമന്ത്രി പി.പി. ജോർജ് സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർഥിയാണ്. ആറു തവണ വിവിധ നിയോജകമണ്ഡലങ്ങളിൽനിന്നായി നിയമസഭാംഗമായി. 1965, 1967, 1970 വർഷങ്ങളിൽ ചാലക്കുടിയിൽനിന്നും 1987 ൽ തിരുവമ്പാടിയിൽനിന്നും 1991 ലും 2001 ലും ഒല്ലൂരിൽനിന്നും നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. 1991 ലാണു കൃഷിമന്ത്രിയായത്.

കോൺഗ്രസ് നേതാവായിരുന്ന ജോർജ് മാസ്റ്റർ കെ.പി.സി.സി. വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ നികളിൽ പ്രവർത്തിച്ചു.

പുതുക്കാട് പുളിക്കൻ വീട്ടിൽ പൗലോസ്– മേരി ദമ്പതികളുടെ മകൻ. പുതുക്കാട് സെന്റ് ആന്റണീസ് സ്കൂളിലെ ഗണിതശാസ്ത്രം അധ്യാപകനായി സേവനം ചെയ്തു. *വിമോചന സമരത്തിലൂടെയാണു നേതൃനിരയിൽ എത്തിയത്.

72–ാം വയസിൽ 2008 ജനുവരി ആറിന് അന്തരിച്ചു.



*വിമോചന സമരം



## MINISTER, GOVT.OF KERALA

P.J. Joseph

**പി.ജെ. ജോസഫ്**

മന്ത്രി

**40**


**കേ**രളത്തിലെ വിദ്യാഭ്യാസ–പൊതുമരാമത്ത് വകുപ്പുകളുടെ മന്ത്രിയായിരുന്ന പി.ജെ. ജോസഫ് സെന്റ് തോമസ് കോളേജിലെ ബിരുദ വിദ്യാർത്ഥിയായിരുന്നു. ആഭ്യന്തര മന്ത്രിയായും പ്രവർത്തിച്ചിട്ടുണ്ട്.

തൊടുപുഴ പുറപ്പുഴക്കരയിൽ പാലത്തിനാൽ ജോസഫ്–അന്നമ്മ ദമ്പതികളുടെ ഏക മകനായി 1942 ജൂൺ 10 ന് ജനിച്ചു. സെന്റ് തോമസ് കോളേജ്, മദ്രാസ് ലെയോള കോളേജ്, തേവര എസ്.എച്ച് കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് എം.എ. ബിരുദധാരിയായി. ചെറുപ്പം മുതൽ തന്നെ സംഗീതത്തിൽ തൽപരനായിരുന്നു.

കൃഷിയിൽ ശ്രദ്ധിച്ച് കോളേജ് അദ്ധ്യാപകനായി പ്രവർത്തിച്ചു വരുമ്പോഴാണ് കേരള കോൺഗ്രസിൽ ചേർന്നത്. 1970 ൽ നിയമസഭാംഗമായി. തുടർന്ന് 1977, 80, 82, 87, 1996, 2001, 2006, 2011, 2016 വർഷങ്ങളിൽ ഇടതു–വലതു മുന്നണി സ്ഥാനാർത്ഥിയായി വിജയിച്ചു. 1978ൽ ആഭ്യന്തരമന്ത്രി, 1982ൽ റവന്യൂ മന്ത്രി, 1996ൽ പൊതുമരാമത്ത്–വിദ്യാഭ്യാസമന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ചു.



അതിരപ്പിള്ളി വെള്ളച്ചാട്ടം, ചാലക്കുടി



## MINISTER, GOVT.OF KERALA

Prof. C. Ravindranath

**പ്രൊഫ. സി. രവീന്ദ്രനാഥ്**

വിദ്യാഭ്യാസ മന്ത്രി

**41**

**വി**ദ്യാഭ്യാസ മന്ത്രിയായ പ്രൊഫ. സി. രവീന്ദ്രനാഥ് തൃശൂർ സെന്റ് തോമസ് കോളേജിലെ പൂർവ–വിദ്യാർഥിയും അദ്ധ്യാപകനുമായിരുന്നു. മൂന്നു തവണ 2006, 2011, 2016 വർഷങ്ങളിൽ പുതുക്കാട് നിയോജകമണ്ഡലത്തിൽനിന്നു നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 2016 മുതൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയാണ്. സമ്പൂർണ സാക്ഷരതാ പ്രസ്ഥാനം, എ.കെ.പി.സി.ടി.എ., ശാസ്ത്രസാഹിത്യ പരിഷത്ത് എന്നീ സംഘടനകളുടെ സജീവ പ്രവർത്തകനായിരുന്നു.

'നവ ലിബറൽ' അഥവാ 'ദുരിതങ്ങളുടെ നയം', 'ആസിയാൻ കരാറിന്റെ യഥാർത്ഥ്യങ്ങൾ', 'നിയമസഭ പ്രസംഗങ്ങൾ' എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യ–സാമ്പത്തിക–വൈകാരിക പ്രശ്നങ്ങൾ മൂലം പഠനത്തിൽ മികവു പുലർത്താനാവാത്ത വിദ്യാർത്ഥികളുടെ കഴിവുകൾ ഉയർത്തുന്നതിനുള്ള 'ശ്രദ്ധ പദ്ധതി'യുടെ ഉപജ്ഞാതാവാണ്. സംസ്ഥാന ആസൂത്രണ ബോർഡ് ഉപദേശകൻ, ജനകീയ ആസൂത്രണ പദ്ധതി തൃശൂർ ജില്ലാ കൺവീനർ എന്നീ നിലകളിൽ പ്രവർത്തിച്ചു.



മഹാത്മാ ഗാന്ധി സെന്റ് തോമസ് കോളേജിൽ– 1927



## MEMBER OF LEGISLATIVE ASSEMBLY

C.S. Gangadharan MLA

**സി.എസ്. ഗംഗാധരൻ എം.എൽ.എ.**

42

സെന്റ് തോമസ് കോളേജിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ പഠനമുപേക്ഷിച്ച് പൊതുപ്രവർത്തനത്തിലേക്ക് ഇറങ്ങിത്തിരിച്ച നേതാവാണ് സി.എസ്. ഗംഗാധരൻ. എക്സ് എംഎൽഎ. മത്തായി മാഞ്ഞുരാന്റെ ആഹ്വാനമനുസരിച്ചാണ് അദ്ദേഹം സ്വാതന്ത്ര്യ സമരപോരാളിയായത്.

1927 ഒക്ടോബർ ഏഴിന് കൂർക്കഞ്ചേരിയിലാണു ജനനം. കോൺഗ്രസിൽ ദീർഘകാലം പ്രവർത്തിച്ച അദ്ദേഹം പിന്നീട് കെ. എസ്.പി പ്രവർത്തകനായി. പാർട്ടിയിൽ വിവിധ ഭാരവാഹിത്വം വഹിച്ചു.

1970 ൽ ഇരിഞ്ഞാലക്കുടയിൽ നിന്ന് എം.എൽ.എ. ആയി. മിശ്രവിവാഹ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. അദ്ദേഹം കൊച്ചി ചീഫ് സെക്രട്ടറിയായിരുന്ന കോമാട്ടിൽ അച്ചുതമേനോന്റെ പേരമകൾ വിജയലക്ഷ്മിയെ 1952ൽ വിവാഹം ചെയ്തു. സ്വാതന്ത്ര്യസമരസേനാനികളുടെ സംഘടനയുടെ സംസ്ഥാന സമിതി സെക്രട്ടറിയും ചെയർമാനുമായി പ്രവർത്തിച്ചിട്ടുണ്ട്. സോഷ്യലിസ്റ്റ് വാരികയുടെ എഡിറ്ററായും ഗാന്ധിയൻ – മദ്യനിരോധനപ്രസ്ഥാനങ്ങളുടെ പ്രവർത്തകനുമായി പ്രവർത്തിച്ചിട്ടുണ്ട്.

2007 ഏപ്രിൽ എട്ടിന് മണ്ണുത്തിയിൽ അന്തരിച്ചു.



തൃശൂർ പൂരം



## MEMBER OF LEGISLATIVE ASSEMBLY

Adv. N.I. Devassikutty MLA

**അഡ്വ. എൻ. ഐ. ദേവസ്സികുട്ടി എം.എൽ.എ**

**43**

മണലൂർ നിയമസഭാ മണ്ഡലത്തിൽ നിന്ന് മൂന്നു തവണയായി 13 വർഷം എംഎൽഎ ആയിരുന്ന അഡ്വ. എൻ.ഐ. ദേവസികുട്ടി 1947ൽ തൃശൂർ സെന്റ് തോമസ് കോളേജ് യൂണിയൻ ചെയർമാനായിരുന്നു. കെഎസ് യുവിലൂടെ തുടങ്ങിയതാണു പൊതുപ്രവർത്തനം.

കോൾ കർഷക സംഘം പ്രസിഡന്റ്, ഓൾ കേരള പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ എന്നീ രാഷ്ട്രീയേതര സംഘടനകളുടെ പ്രസിഡന്റായിരുന്നു. കർഷക കോൺഗ്രസ് സ്ഥാപക പ്രസിഡന്റായിരുന്നു. *നാളികേര വികസന ബോർഡ് ചെയർമാനായി എട്ടു വർഷം സേവനം ചെയ്തു.




*നാളികേര വികസന ബോർഡ്, കൊച്ചി



## MEMBER OF LEGISLATIVE ASSEMBLY

Jose Thanikkal MLA

### ജോസ് താണിക്കൽ എം.എൽ.എ.

**44**

**മു**ൻ എം.എൽ.എ.യും കോൺഗ്രസ് നേതാവുമായിരുന്ന ജോസ് താണിക്കൽ സെന്റ് തോമസ് കോളേജിലെ ബിരുദ വിദ്യാർഥി യായിരുന്നു.

ടി.ഒ. ജോൺ–മറിയം ദമ്പതികളുടെ മകനായി 1946 മാർച്ച് എട്ടി നു ജനിച്ചു.

ഇരിങ്ങാലക്കുട നിയമസഭാ മണ്ഡലത്തിൽ നിന്ന് 1980 ലാണു നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടത്. എ.ഐ.സി.സി അംഗവും തൃശൂർ ഡി.സി.സി പ്രസിഡന്റുമായിരുന്നു. തൃശൂർ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റായിരുന്നു.

2009 ഡിസംബർ 31 ന് 64 ാം വയസിൽ അന്തരിച്ചു.




*സ്റ്റേറ്റ് മ്യൂസിയം, തൃശൂർ*



## MEMBER OF LEGISLATIVE ASSEMBLY

P.T Kunju Muhammed MLA

**പി. ടി. കുഞ്ഞു മുഹമ്മദ് എം.എൽ.എ**

45

ഗുരുവായൂർ നിയോജകമണ്ഡലം നിയമസഭാ സാമാജികൻ, (1998, 2007) അവാർഡുകൾ വാരിക്കൂട്ടിയ സിനിമകളുടെ നിർമാതാവ്, സിനിമാ സംവിധാന രംഗത്തേയ്ക്കുള്ള കന്നി പ്രവേശന ത്തിൽത്തന്നെ ദേശീയപുരസ്കാരം നേടിയ ചലചിത്രനടൻ എന്നീ നിലകളിൽ പ്രശസ്തനാണ് പി.ടി.കുഞ്ഞുമുഹമ്മദ്. സെന്റ് തോമസ് കോളേജിൽ ബിരുദ വിദ്യാർഥിയായിരിക്കെ തന്നെ നാടക പ്രതിഭയായിരുന്നു. നിരവധി അവാർഡുകൾ നേടിയ പുരു ഷാർത്ഥം, സ്വരൂപം, അശ്വത്ഥാമാവ് എന്നീ ചിത്രങ്ങളുടെ നിർമ്മാ താവാണ്.

1986ലെ മികച്ച രണ്ടാമത്തെ ചിത്രമെന്ന ബഹുമതിയും മികച്ച മലയാളചിത്രമെന്ന ദേശീയഅവാർഡും കരസ്ഥമാക്കിയ പവി ത്രന്റെ ‘ഉപ്പ്’ എന്ന സിനിമയിൽ മുഖ്യകഥാപാത്രത്തെ അവതരി പ്പിച്ചു. രവീന്ദ്രന്റെ ഒരേ തൂവൽ പക്ഷികൾ, ടി.വി. ചന്ദ്രന്റെ ‘ആലീ സിന്റെ അന്വേഷണം’ എന്നീ ചിത്രങ്ങളിലും അഭിനയിച്ചു. കുഞ്ഞു മുഹമ്മദ് ആദ്യം സംവിധാനം ചെയ്ത ‘മഗ്‌രിബ’ 1993ൽ മികച്ച സംവിധാനത്തിന് ദേശീയപുരസ്കാരം നേടി. കൈരളി ചാനലിന്റെ സ്ഥാപക ഡയറക്ടർമാരിലൊരാളാണ്. പരദേശി (2007), വീര പുത്രൻ (2011) എന്നീ സിനിമകളും പി.ടി.യുടെ സംഭാവനകളാണ്.



ജുമാ മസ്ജിദ്, തൃശൂർ



## LEGISLATIVE ASSEMBLY MEMBER

Adv. V. Balaram MLA

**അഡ്വ. വി. ബാലറാം എം.എൽ.എ**

**46**

**നി**യമസഭയിലേക്ക് 1996ലും 2001ലും വടക്കാഞ്ചേരിയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട അഡ്വ. വി. ബാലറാം കെ.പി.സി.സി ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. കൊച്ചിൻ അഗ്രികൾച്ചറൽ ബാങ്കിന്റെ പ്രസിഡന്റ്, കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് വൈസ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ചെയർമാനായിരുന്നു. കോൺഗ്രസ് തൃശൂർ ജില്ലാ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്.

ടി. രാമൻനായരുടേയും വേലൂർ ചിന്നമ്മു അമ്മയുടേയും മകനായി 1947 നവംബർ 10നാണു ജനിച്ചത്.

72–ാമത്തെ വയസ്സിൽ നിര്യാതനായി.



പൂമല ഡാം, തൃശൂർ



## MEMBER OF LEGISLATIVE ASSEMBLY

M.K Paulson Master MLA

**എം.കെ. പോൾസൺ മാസ്റ്റർ എം.എൽ.എ.**

47

അധ്യാപകൻ, രാഷ്ടീയനേതാവ്, ജനപ്രതിനിധി, സാമൂഹ്യപ്രവർത്തകൻ, പൊതുപ്രവർത്തകൻ, സംഘാടകൻ തുടങ്ങിയ നിലകളിൽ മികച്ച പ്രവർത്തനം കാഴ്ച്ചവച്ച എം.കെ പോൾസൺ സെന്റ് തോമസ് കോളേജിലെ എം.എ. ഇക്കണോമിക്സ് പൂർവ വിദ്യാർഥിയാണ്.

സ്വകാര്യ കോളേജിൽ അദ്ധ്യാപകനായി ദീർഘകാലം പ്രവർത്തിച്ചു. ചെറുപ്പം മുതൽ സമുദായിക–പൊതുരംഗങ്ങളിലും രാഷ്ട്രീയത്തിലും സേവനം ചെയ്തു. 23–ാം വയസിൽ കോൺഗ്രസിന്റെ കൊടകര നിയോജകമണ്ഡലം പ്രസിഡന്റും പുതുക്കാട് പഞ്ചായത്ത് മെമ്പറുമായി. കൊടകര ബ്ലോക്ക് ഡവലപ്മെന്റ് കമ്മിറ്റി ചെയർമാനായി. 1991 ൽ പ്രഥമ തൃശൂർ ജില്ലാ കൗൺസിലിലും 1996ൽ രൂപീകൃതമായ പ്രഥമ തൃശൂർ ജില്ല പഞ്ചായത്തിലും പുതുക്കാട് ഡിവിഷനിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു.

1979 ൽ പുതുക്കാട് കേന്ദ്രമായി രൂപീകൃതമായ സർവ്വകക്ഷി ഐക്യവേദിയുടെ പുതുക്കാട് വികസനസമിതി ചെയർമാനായി. 2001–06 ൽ മണലൂർ നിയോജകമണ്ഡലത്തിൽനിന്ന് എം.എൽ.എയായി തെരഞ്ഞെടുക്കപ്പെട്ടു.

ഗാന്ധിയൻ പ്രവർത്തനങ്ങളിലും മദ്യവിരുദ്ധപ്രവർത്തനങ്ങളിലും സജീവമാണ്.




പ്രജ്യോതി നികേതൻ കോളേജ് , പുതുക്കാട്



## MEMBER OF LEGISLATIVE ASSEMBLY

Anil Akkara MLA

**അനിൽ അക്കര എം.എൽ.എ**

48

തൃശൂർ സെന്റ് തോമസ് കോളേജിൽ ബി.എ. ഹിസ്റ്ററി ആൻഡ് ഇംഗ്ലീഷ് കോഴ്സിനു 2000–2003 ബാച്ച് വിദ്യാർഥിയായിരുന്നു. 2016 ൽ വടക്കാഞ്ചേരി മണ്ഡലത്തിൽനിന്ന് നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു.

കോൺഗ്രസ് ജില്ലാ സെക്രട്ടറി, അടാട്ട് പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

അടാട്ട് വിളക്കുംകാൽ അക്കരപട്ട്യേയ്ക്കൽ ആന്റണിയുടേയും ലില്ലിയുടേയും മകനാണ്. 1974 ലാണു ജനനം.



അടാട്ട് കോൾ, തൃശൂർ



## PRESIDENT, DISTRICT PANCHAYATH

K.V. Dasan

**കെ. വി. ദാസൻ**

പ്രസിഡന്റ്, തൃശൂർ ജില്ലാ പഞ്ചായത്ത്

49

**തൃ**ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന കെ.വി. ദാസൻ സെന്റ് തോമസ് കോളേജിൽ 1977–79 ൽ പ്രീഡിഗ്രി വിദ്യാർത്ഥിയായിരുന്നു. മാടക്കത്തറ ഡിവിഷൻ ജില്ലാ പഞ്ചായത്ത് മെമ്പറായിരുന്ന ദാസൻ 2013–18 വർഷങ്ങളിലാണ് *തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി സേവനം ചെയ്തത്. കോൺഗ്രസ് തൃശൂർ ജില്ലാകമ്മിറ്റി ജനറൽ സെക്രട്ടറിയും തൃശൂർ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ഉപാദ്ധ്യക്ഷനുമാണ്.



*തൃശൂർ ജില്ലാ പഞ്ചായത്ത് ഓഫീസ് സമുച്ചയം



## MAYOR

I.P. Paul

**ഐ.പി. പോൾ**

മേയർ

50

തൃശൂർ കോർപറേഷൻ മേയറായിരുന്ന ഐ.പി. പോൾ സെന്റ് തോമസ് കോളേജിലെ 1970–72 ബാച്ചിലെ പ്രീഡിഗ്രി വിദ്യാർഥി ആയിരുന്നു.

വിദ്യാർഥിയായിരുന്നപ്പോഴേ സോഷ്യലിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനായി രാഷ്ട്രീയ പ്രവർത്തനമാരംഭിച്ചു. അടിയന്തരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. തൃശൂർ ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റായ അദ്ദേഹം 1988–95 ൽ തൃശൂർ മുൻസിപ്പൽ കൗൺസിലറും 2000–15ൽ തൃശൂർ കോർപറേഷൻ കൗൺസിലറുമായിരുന്നു. 2010 മുതൽ 2013 വരെ *തൃശൂർ കോർപ്പറേഷൻ മേയറുമായി. അതിനുമുമ്പ് 2005–10 ൽ കോർപ്പറേഷൻ പ്രതിപക്ഷ നേതാവായിരുന്നു.

2013 ൽ മോസ്കോയിൽ നടന്ന മേയർമാരുടെ അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുത്തു. ലാലൂർ മലിനീകരണത്തിനും മലിനീകരണ വിരുദ്ധ സമരത്തിനും പരിഹാരം കണ്ടെത്തി. സംസ്ഥാന സർക്കാർ ആരോഗ്യവകുപ്പിന്റെ പുരസ്കാരം നേടി. തൃശൂർ അർബൻ കോപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡ് അംഗമാണ്.



കോർപ്പറേഷൻ ഓഫീസ്, തൃശൂർ



## MUNICIPAL CHAIRMAN

Adv. P.P Devassy

**അഡ്വ. പി.പി. ദേവസി**

ചെയർമാൻ, തൃശൂർ മുനിസിപ്പാലിറ്റി

51

തൃശൂർ മുനിസിപ്പൽ ചെയർമാൻ, കൊച്ചി സംസ്ഥാനത്തിന്റെ ലെജിസ്ളേറ്റീവ് അംഗം, ആക്ടിംഗ് ദിവാൻ, ഗവൺമെന്റ് പ്ലീഡർ എന്ന നിലകളിൽ പ്രശസ്തനായ അഡ്വ. പി.പി. ദേവസി തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നു ബിരുദവും മദ്രാസ് ലോ കോളേജിൽനിന്നു നിയമ ബിരുദവും നേടി. 1938 ൽ *തൃശൂർ ബാറിൽ പ്രാക്ടീസ് തുടങ്ങി. അനേകം ശിഷ്യരുണ്ട്. സിവിൽ, ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ഒരുപോലെ സമർത്ഥനാണ്. തൃശൂരിലെ നിരവധി കമ്പനികളുടെയും ട്രസ്റ്റുകളുടെയും സ്ഥാപനങ്ങളുടെയും പള്ളികളുടെയും നിയമോപദേശകനായി പ്രവർത്തിച്ചു.



*ജില്ലാകോടതി അയ്യന്തോൾ, തൃശൂർ



## MUNICIPAL CHAIRMAN

Adv. C.C. George

**അഡ്വ. സി.സി. ജോർജ്ജ്**

ചെയർമാൻ, തൃശൂർ മുനിസിപ്പാലിറ്റി

**52**

**തൃ**ശൂർ മുനിസിപ്പാലിറ്റിയുടെ ചെയർമാനായിരുന്ന അഡ്വ. സി.സി. ജോർജ് തൃശൂർ സെന്റ് തോമസ് കോളേജിലെ ഇന്റർമീഡിയറ്റ് വിദ്യാർത്ഥിയായിരുന്നു. 1968 മുതൽ 1976 വരെ തൃശൂർ ജില്ലാ കോൺഗ്രസ് പ്രസിഡന്റ്, കെ.പി.സി.സി നിർവഹക സമിതി അംഗം, *തൃശൂർ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ്, തൃശൂർ ഹോൾസെയിൽ ഉപഭോക്തൃ സംഘത്തിന്റെ സ്ഥാപക പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു.

സാമൂഹ്യ–സാംസ്കാരിക രാഷ്ട്രീയ കായിക രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച പൊതുപ്രവർത്തകനായിരുന്നു. തൃശൂരിലെ വ്യാപാരികളുടെ ക്ഷേമത്തിനു പരിശ്രമിച്ച വ്യക്തിയുമായിരുന്നു. ചെറുകിട വ്യാപാരികളുടെ ക്ഷേമത്തിനും വികസനത്തിനുമായി പ്രവർത്തിച്ചു. തൃശൂരിൽ സന്തോഷ് ട്രോഫി ഫുഡ്ബോൾ സംഘടിപ്പിക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചു.

ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ സംസ്ഥാന സമിതിയംഗം, തൃശൂർ അത്‌ലറ്റിക് അസോസിയേഷൻ വൈസ് പ്രസിഡന്റ്, തൃശൂർ അർബൻ കോ–ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഉപദേശകസമിതിയംഗം, കാത്തലിക് സിറിയൻ ബാങ്ക് ഡയറക്ടർ, കേരള സർവ്വകലാശാല സെനറ്റ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.



*ചേംബർ ഓഫ് കോമേഴ്സ്, തൃശൂർ



## MUNICIPAL CHAIRMAN

Adv. A.P. George

**അഡ്വ. എ.പി. ജോർജ്ജ്**

ചെയർമാൻ, ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി

53

**ഇ**രിങ്ങാലക്കുട നഗരസഭയുടെ മുൻചെയർമാനും കേരള സോൾവെന്റ് എക്സ്ട്രാക്ഷൻസ് ലിമിറ്റഡിന്റെ സ്ഥാപക ഡയറക്ടറുമായ അഡ്വ.എ.പി. ജോർജ് സെന്റ്തോമസ് കോളേജിലെ പൂർവവിദ്യാർഥിയാണ്.

ആദ്യകാല കോൺഗ്രസ് നേതാവ്, വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാപക ഡയറക്ടർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു.

ഇരിങ്ങാലക്കുട അക്കരക്കാരൻ കുഞ്ഞിപൈലോത്-റോസ ദമ്പതികളുടെ പുത്രനായി 1935 ഡിസംബർ 19 ന് ജനിച്ചു. എറണാകുളം ലോ-കോളേജിൽ നിന്ന് ബി.എൽ. ഡിഗ്രി പാസായി. കോളേജ് യൂണിയൻ ചെയർമാൻ, ഐ.എസ്.ഒ (സ്വതന്ത്ര വിദ്യാർത്ഥി സംഘടന) സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. 1967ൽ രൂപീകൃതമായ കത്തോലിക്ക യുവജന സംഘടനയുടെ സ്ഥാപക പ്രസിഡന്റായിരുന്നു.

ഇരിഞ്ഞാലക്കുട മുനിസിപ്പൽ കൗൺസിലറായി 17 വർഷം പ്രവർത്തിച്ച അദ്ദേഹം 1972 മുതൽ 1979 വരെ ചെയർമാനായിരുന്നു. ഓൾ കേരള ചിട്ടി ഫോർമെൻസ് അസോസിയേഷൻ സംസ്ഥാന ചെയർമാൻ, സാഹിത്യപരിഷത്ത് കമ്മറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



ഇരിഞ്ഞാലക്കുട സെന്റ് തോമസ് കത്തീഡ്രൽ ചർച്ച്, തൃശൂർ



## VICE CHANCELLOR

Dr. K. Gopalan

**ഡോ. കെ. ഗോപാലൻ**

വൈസ് ചാൻസലർ

54

കൊച്ചി ശാസ്ത്ര – സാങ്കേതിക സർവ്വകലാശാലയുടെ (കുസാറ്റ്) വൈസ് ചാൻസലർ ആയിരുന്ന ഡോ. കെ. ഗോപാലൻ തൃശൂർ സെന്റ് തോമസ് കോളേജിന്റെ പൂർവ വിദ്യാർത്ഥിയാണ്. 'കുസാറ്റി'നെ ശൈശവദശയിൽ നിന്ന് ഉന്നതിയിലേയ്ക്ക് വളർത്തിക്കൊണ്ടുവരാൻ ഇദ്ദേഹം ഭാവനാസമ്പന്നമായ നേതൃത്വം നൽകി. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന *നാഷണൽ കൗൺസിൽ ഓഫ് എഡ്യുക്കേഷണൽ റിസർച്ച് ട്രെയ്നിംഗിന്റെ (എൻ.സി.ഇ.ആർ.ടി) യുടെ ഡയറക്ടർ എന്ന നിലയിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്.




*നാഷണൽ കൗൺസിൽ ഓഫ് എഡ്യുക്കേഷണൽ റവിസർച്ച് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ന്യൂഡൽഹി



## VICE CHANCELLOR

Dr. T.N. Jayachandran

**ഡോ.ടി. എൻ. ജയചന്ദ്രൻ**

വൈസ് ചാൻസലർ

55

സംസ്ഥാന സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണർ (1994), *കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ (1983), കൊച്ചി പോർട്ട് ട്രസ്റ്റ് ചെയർമാൻ (1981), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ് ഡയറക്ടർ (1987) തുടങ്ങിയ നിലകളിൽ പ്രവർത്തിച്ച ഭരണതന്ത്രജ്ഞനും വിദ്യാഭ്യാസ വിചക്ഷണനുമാണ് ഡോ.ടി.എൻ ജയചന്ദ്രൻ.

1936 ജൂൺ 22ന് തൈവാലത്ത് നാരായണന്റെയും ഈശ്വരമംഗലത്ത് ശാരദയുടെയും മകനായി കൊടുങ്ങല്ലൂരിൽ ജനിച്ചു. സെന്റ് തോമസ് കോളേജിൽ പതിനാറാം വയസിൽ ഇന്റർമീഡിയറ്റ് പാസായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നു ബി.എ. ഓണേഴ്സ് നേടി. തൃശൂർ കേരളവർമ കോളേജിൽ ഇക്ണോമിക്സ് അദ്ധ്യാപകനായി. പിന്നീട് ഡപ്യൂട്ടി കലക്ടറായും ദേവികുളം ആർ.ഡി.ഒ ആയും സേവനമനുഷ്ഠിച്ചു. 1967ൽ കോട്ടയം കളക്ടർ ആയി. 1969ൽ മുഖ്യമന്ത്രി സി. അച്ചുതമേനോന്റെ പ്രൈവറ്റ് സെക്രട്ടറിയായി. 1971ൽ ലണ്ടനിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഒരു വർഷത്തെ പൊതുഭരണ പരിശീലനം നേടി.

ഭാര്യ: ശാന്ത. മക്കൾ: അനുരാധ, ഡോ. രഞ്ജിത്. തൃശൂർ പെരിങ്ങാവിൽ താമസിക്കുന്നു.




കാലിക്കറ്റ് യൂണിവേഴ്സ്റ്റി



## VICE CHANCELLOR

Dr. A. Jayakrishnan

**ഡോ. എ. ജയകൃഷ്ണൻ**

വൈസ് ചാൻസലർ

56

**കേ**രള യൂണിവേഴ്സിറ്റി യുടെയും *കൊച്ചിൻ യൂണി വേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയു ടെയും വൈസ് ചാൻസലർ ആയിരുന്ന ഡോ. എ. ജയ കൃഷ്ണൻ സെന്റ് തോമ സ് കോളേജിലെ പൂർവ വി ദ്യാർഥിയാണ്. ചെന്നൈ യിലെ ഇന്ത്യൻ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് ടെക്നോളജി യിലെ ബയോടെക്നോളജി ഡിപ്പാർട്ട് മെന്റിൽ നിന്നും പ്രൊഫസറായി 30.6.2018 ൽ വിരമിച്ചു.

തിരുവനന്തപുരം ശ്രീ ചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിൽ സീനിയർ സയന്റിസ്റ്റായും പ്രവർത്തിച്ചു.

കാലിക്കട്ട് സർവകലാശാലയിൽനിന്ന് കെമിസ്ട്രി എം.എസ്.സി ബിരുദവും ചെന്നൈ ഐ.ഐ.ടിയിൽനിന്ന് ഡോക്ടറേറ്റും അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് ഫ്ളോഡിറായിൽനിന്ന് പോസ്റ്റ് ഡോക്ടറേറ്റും നേടി. പോളിമെറിക് മെറ്റീരിയൽസ് ഫോർ മെഡിക്കൽ അപ്ലിക്കേഷൻസാണ് ഇഷ്ടവിഷയം. നൂറിലധികം ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. നിരവധി പുരസ്കാരങ്ങൾ നേടി. ബംഗളൂരുവിലെ ഇന്ത്യൻ അക്കാദമി ഓഫ് സയൻസിന്റെ ഫെലോഷിപ്പ് നേടിയിട്ടുണ്ട്. ചെന്നൈ ഐ.ഐ.ടിയുടെ വിശിഷ്ട പൂർവവിദ്യാർത്ഥി അവാർഡ്, പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിൽനിന്ന് ഏറ്റുവാങ്ങിയ ഇന്ത്യൻ സയൻസ് കോൺഗ്രസ് സ്വർണ മെഡൽ, രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാമിൽനിന്ന് ഏറ്റുവാങ്ങിയ സ്വദേശി ശാസ്ത്ര പുരസ്കാരം തുടങ്ങിയവ നേടിയിട്ടുണ്ട്. ന്യൂഡൽഹി ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമിയുടെയുടെ ഫെല്ലോഷിപ്പും നേടി.



*കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി



## VICE CHANCELLOR

Dr. R.S Krishnan

**ഡോ. ആർ.എസ്. കൃഷ്ണൻ**

വൈസ് ചാൻസലർ


57

പ്രശസ്ത ശാസ്ത്രജ്ഞനും കേരള സർവകലാശാല വൈസ് ചാൻസലറുമായിരുന്ന ഡോ. ആർ.എസ്. കൃഷ്ണൻ സെന്റ് തോമസ് കോളേജിന്റെ സയൻസ് ബ്ലോക്കിൽനിന്നു വളർന്ന പ്രതിഭയാണ്.

തൃശൂർ ജില്ലയിലെ രാപ്പാളിൽ 1911 ലാണു ജനനം. ഇന്ത്യൻ അക്കാദമി ഓഫ് സയൻസിന്റെയും ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമിയുടെയും ലണ്ടൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്സിന്റെയും ഫെല്ലോ ആയിരുന്നു. സി.വി. രാമൻ പ്രൈസ് ജേതാവാണ്. ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ പ്ലാറ്റിനം ജൂബിലി വിശിഷ്ട വിദ്യാർഥി അവാർഡും നേടിയിട്ടുണ്ട്. നോബൽ ജേതാവ് സി.വി. രാമന്റെ കീഴിലായിരുന്നു ഗവേഷണം. ബംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയസസ് ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ തലവനായിരുന്ന സി.വി. രാമൻ വിരമിച്ചപ്പോൾ ആർ.എസ് കൃഷ്ണൻ വകുപ്പു മേധാവിയായി. ഔദ്യോഗിക പദവിയിൽ നിന്നും വിരമിച്ച ശേഷമാണ് ഡോ ആർ. എസ് കൃഷ്ണൻ *കേരള സർവകലാശാല വൈസ് ചാൻസലറായി നിയമിതനായത്.




*കേരള യൂണിവേഴ്സ്റ്റി, തിരുവനന്തപുരം



## VICE CHANCELLOR

Dr. K. Mohandas
**ഡോ. കെ. മോഹൻദാസ്**
വൈസ് ചാൻസലർ

58

*കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആൻഡ് അലൈഡ് സയൻസസിന്റെ പ്രഥമ വൈസ് ചാൻസലറായ ഡോ. കെ. മോഹൻദാസ് തൃശൂർ സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർഥിയാണ്. പ്രീഡിഗ്രിയാണ് സെന്റ് തോമസിൽ പഠിച്ചത്. കോമൺവെൽത്ത് യൂണിവേഴ്സിറ്റീസ് ചെയർമാനായി സേവനം ചെയ്തിട്ടുണ്ട്. അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ പ്രസിഡന്റായിരുന്നു.
തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയുടെ ഡയറക്ടറായി സേവനം ചെയ്യവേയായിരുന്നു വൈസ് ചാൻസലർ നിയമനം. ഇംഗ്ലണ്ടിലെ റോയൽ കോളേജ് ഓഫ് അനസ്തേഷ്യസ്റ്റ്സിന്റെ ഹാർമണി ഫെലോഷിപ് നേടിയിട്ടുണ്ട്. വെല്ലൂർ ക്രിസ്ത്യൻ കോളജിൽനിന്നു വൈദ്യശാസ്ത്ര ബിരുദവും മൈസൂർ മെഡിക്കൽ കോളേജിൽനിന്ന് ബിരുദാനന്തര ബിരുദവും നേടി. തുടർന്ന് ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെന്ററിൽ അനസ്തോളജി പ്രഫസറായി സേവനം ആരംഭിച്ചു. ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെന്ററിലെ ആദ്യ ഹൃദയശസ്ത്രക്രിയക്കു മുഖ്യ അനസ്തെറ്റിസ്റ്റായി സേവനം ചെയ്തു.



*കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആൻഡ് അലൈഡ് സയൻസസ്, തൃശൂർ*



VICE CHANCELLOR

Dr. Ramachandran Thekkedath

**ഡോ. രാമചന്ദ്രൻ തെക്കേടത്ത്**

വൈസ് ചാൻസലർ

59

കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്)യുടെ വൈസ് ചാൻസലറായി 2009 മുതൽ സേവനം ചെയ്ത ഡോ. രാമചന്ദ്രൻ തെക്കേടത്ത് സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർഥിയാണ്. അമേരിക്കയിൽ ശാസ്ത്രജ്ഞനായി പ്രവർത്തിച്ചിരുന്നപ്പോഴാണ് ഡോ. രാമചന്ദ്രൻ തെക്കേടത്തിനെ കുസാറ്റ് വിസിയായി നിയമിച്ചത്. അമേരിക്കയിലെ ഉത്ഹ് സർവകലാശാലയിൽ ടെക്നോളജി കമേഴ്സ്യലൈസേഷൻ ഓഫീസറായിരുന്നു. കുസാറ്റിൽ നിന്നു ലേസർ ഫിസിക്സിൽ 1987 ൽ പി.എച്ച്.ഡി നേടിയിരുന്നു. ഒട്ടനവധി പേറ്റന്റിന്റെ ഉടമ കൂടിയാണ് ഇദ്ദേഹം. *ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ശാസ്ത്രജ്ഞനായും ഡോ. രാമചന്ദ്രൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്.




*ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം



## VICE CHANCELLOR

Dr. Dharmaraj Adat

**ഡോ. ധർമരാജ് അടാട്ട്**

വൈസ് ചാൻസലർ

**60**

**കാലടി** *ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ വൈസ്ചാൻസലറും ഗ്രന്ഥകാരനുമായ ഡോ. ധർമരാജ് അടാട്ട് സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർഥിയാണ്.

സംസ്കൃത പണ്ഡിതനായ ഡോ. ധർമരാജ് അടാട്ട് തൃശൂർ ജില്ലയിലെ അടാട്ട് സ്വദേശിയാണ്. കെ. എൻ എഴുത്തച്ഛന്റെ കേരളോദയം കവിതയെ ആസ്പദമാക്കി രചിച്ച പ്രബന്ധത്തെ അടിസ്ഥാനമാക്കി കാലിക്കട്ട് സർവകലാശാലയിൽനിന്നു ഡോക്ടറേറ്റ് സ്വന്തമാക്കി. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ പ്രവേശിക്കുന്നതിനു മുമ്പ് ഡോ. അടാട്ട് തൃശൂർ ശ്രീകേരളവർമ്മ കോളജിലും മാവേലിക്കര ബിഷപ്പ് മൂർ കോളജിലും സംസ്കൃത വിഭാഗം അദ്ധ്യാപകനായിരുന്നു. കോഴിക്കോട് സർവകലാശാലയുടെ സെനറ്റ് അംഗം, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ സിൻഡിക്കേറ്റ് അംഗം, അക്കാദമി കൗൺസിൽ അംഗം തുടങ്ങിയ നിലയിൽ പ്രവർത്തിച്ചു. മുപ്പത്തഞ്ചിലധികം പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവാണ്. കേരള സാഹിത്യ അക്കാദമി അവാർഡ് ഉൾപ്പെടെ ഒട്ടനവധി പുരസ്കാര ജേതാവാണ്.




**ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കാലടി*

## SCIENTIST

Padma Shri Dr. E.D Jemmis

# പത്മ ശ്രീ ഡോ. ഇ.ഡി. ജെമ്മീസ്

ശാസ്ത്രജ്ഞൻ

**61**



ഗവേഷകനും ശാസ്ത്രജ്ഞനുമായ പത്മശ്രീ പ്രഫ. ഇ.ഡി. ജെമ്മീസ് എന്ന എലുവത്തിങ്കൽ ദേവസി ജെമ്മീസ് തൃശൂർ സെന്റ് തോമസ് കോളേജിലെ ബി.എസ്.സി കെമി സ്ട്രി വിദ്യാർഥിയായിരുന്നു. 1951 ഒക്ടോബർ 31ന് തൃശൂർ ജില്ലയിലെ ചൊവ്വൂരിലാണു ജനനം. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ തിയററ്റിക്കൽ കെമിസ്ട്രി പ്രഫസറായ അദ്ദേഹത്തെ രാജ്യം 2014 ൽ പത്മശ്രീ നൽകി ആദരിച്ചു. തിരുവനന്തപുരത്തെ *ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡുക്കേഷൻ ആൻഡ് റിസർച്ചിന്റെ സ്ഥാപക ഡയറക്ടറായിരുന്നു. അദ്ദേഹത്തിന്റെ പ്രാഥമിക ഗവേഷണ മേഖല അപ്ലൈഡ് തിയററ്റിക്കൽ കെമിസ്ട്രിയാണ്.

തൃശൂർ സെന്റ് തോമസ് കോളേജിലെ ബിരുദപഠനത്തിനു ശേഷം ഐ.ഐ.ടി. കാൺപൂരിൽനിന്ന് എംഎസ് സി ബിരുദം നേടി.

തുടർന്ന് 1973 ൽ അമേരിക്കയിലെ പ്രിൻസൺ യൂണിവേഴ്സിറ്റിയിൽ ഗവേഷണം. 1998ലെ നോബൽ ജേതാവ് പ്രഫ. ഡോ. ജോൺ പോപ്പിൾ, പ്രഫ. ഡോ. പോൾവോൻ റയ്ഗ് ഷെയ്‌ലർ എന്നിവരുടെ കീഴിലായിരുന്നു ഗവേഷണം. ഒരു സെമസ്റ്റർ യൂണിവേഴ്സിറ്റി ഓഫ് മ്യൂണികിലും, നാലു സെമസ്റ്ററുകൾ യൂണിവേഴ്സിറ്റി ഓഫ് എർലാണ്ടൻ ന്യൂറെൻ ബേർഗിലുമാണു പൂർത്തിയാക്കിയത്. പോസ്റ്റ് ഡോക്ടറൽ ഗവേഷണം കോർണർ യൂണിവേഴ്സിറ്റിയിൽ 1981ലെ നോബൽ ജേതാവ് പ്രഫ. റൊൾഡ് ഹോഫ്മാന്റെ കീഴിലാണ് പൂർത്തിയാക്കിയത്. തുടർന്ന് ഹൈദരാബാദ് യൂണിവേഴ്സിറ്റിലെ സ്കൂൾ ഓഫ് കെമിസ്ട്രിയിൽ ചേർന്ന അദ്ദേഹം 1990ൽ പ്രഫസറായും, 2002ൽ ഡീൻ ആയും സേവനം ചെയ്തു.

1991ൽ ഓസ്ട്രേലിയൻ നാഷനൽ യൂണിവേഴ്സിറ്റിയിലും 2000ൽ സെന്റർ ഫോർ കംപ്യൂട്ടേഷൻ ക്വാണ്ടം കെമിസ്ട്രി യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, ഏഥൻസിലും വിസിറ്റിംഗ് പ്രഫസറായിരുന്നു. 2005ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ ചേർന്നു. 2008ൽ തിരുവനന്തപുരത്ത് ഐ.ഐ.എസ്.ഇ.ആർ തുടങ്ങാനായി ഡപ്യൂട്ടേഷനിൽ സേവനം ചെയ്തു.

ഗവേഷണരംഗത്ത് നിസ്തുലമായ സംഭാവനകൾ നൽകി. മോളിക്യൂളുകളുടെ ഘടന, റിയാക്ഷൻ എന്നിവയിൽ തിയററ്റിക്കൽ മാതൃകയിൽ ഗവേഷണങ്ങൾ നടത്തി. ഓർഗാനിക് ആൻഡ് ഓർഗനോ മെറ്റഡിക് കെമിസ്ട്രി, പോളിമോർഫ്സ് ഓഫ് എലിമെന്റ്സ്, അവയുടെ കോമ്പൗണ്ടുകൾ എന്നിവയിൽ നിരന്തരമായ ഗവേഷണങ്ങൾ നടത്തി. അദ്ദേഹം കണ്ടെത്തിയ ഗവേഷണഫലങ്ങൾ ലോകമെമ്പാടുമുള്ള വിവിധ ടെക്സ്റ്റുബുക്കുകളിൽ ഇടം പിടിച്ചു. അദ്ദേഹത്തിന്റെ കീഴിൽ 20 പേർ പി.എച്ച്.ഡി പൂർത്തിയാക്കി. ഇരുന്നൂറിലേറെ ഗവേഷണ പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. നിരവധി യൂണിവേഴ്സിറ്റികളുടേയും അക്കാദമികളുടേയും ഫെലോഷിപ്പുകളും അവാർഡുകളും ലഭിച്ചിട്ടുണ്ട്. ബട് നഗർ അവാർഡ് ജേതാവാണ്.



*ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആൻഡ് റിസർച്ച്, തിരുവനന്തപുരം



## SCIENTIST

Padma Shri Pradeep T.

**പത്മ ശ്രീ പ്രദീപ് ടി.**

ശാസ്ത്രജ്ഞൻ

**62**

മദ്രാസ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ പ്രൊഫസറായ പത്മ ശ്രീ ഡോ. പ്രദീപ് ടി. തൃശൂർ സെന്റ് തോമസ് കോളേജിലെ കെമിസ്ട്രി ബിരുദ, ബിരുദാനന്തര വിദ്യാർഥിയായിരുന്നു. ഇന്ന് നാനോ സയൻസിൽ അറിയപ്പെടുന്ന ശാസ്ത്രജ്ഞനാണ്.

നാനോ സയൻസ് ആന്റ് ടോക്നോളജി, നാനോ മെറ്റീരിയൽസ്, ജലശുചീകരണം, ഐസ് കെമിസ്ട്രി, സർഫസ് സയൻസ്, സെപ്ക്ട്രോസ് സ്കോപി, സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ, ബിസിനസ് ഇൻകുബേഷൻ എന്നീ മേഖലകളിൽ ഡോ. പ്രദീപ് ഗവേഷണം നടത്തിയിട്ടുണ്ട്.

*ഐ.ഐ.ടി. മദ്രാസിലെ ദീപക് പരേക് ഇൻസ്റ്റിറ്റ്യൂട്ട് ചെയർ പ്രൊഫസറും കെമിസ്ട്രി പ്രൊഫസറുമാണ്. 1980–85 വർഷങ്ങളിലാണ് തൃശൂർ സെന്റ് തോമസ് കോളേജിലെ പഠനം. 1986–91ൽ ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് സയൻസിൽനിന്ന് പി.എച്ച്.ഡി നേടി. 1992–93 ൽ കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ ലോറൻസ് ബർക്കലി ലബോറട്ടറിയിലും 1993ൽ ഇന്ത്യാനയിലെ പുർഡു യൂണിവേഴ്സിറ്റിയിലും പോസ്റ്റ് ഡോക്ടർ ഫെലോ ആയിരുന്നു.




ഇൻഡ്യൻ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ടെക്നോളജി, മദ്രാസ്



SCIENTIST

Dr. T.R. Viswanathan

## ഡോ. ടി.ആർ. വിശ്വനാഥൻ

ശാസ്ത്രജ്ഞൻ

63

ഓസ്റ്റിനിലെ ടെക്സാസ് സർവകലാശാലയിലെ ഇലക്ട്രിക്കൽ ആൻഡ് കംപ്യൂട്ടർ എൻജിനിയറിംഗ് ഡിപ്പാർട്ടുമെന്റിൽ റിസർച്ച് പ്രൊഫസറായിരുന്നു ഡോ. ടി. ആർ. വിശ്വനാഥൻ. ഇന്ത്യക്കു പുറമേ, അമേരിക്കയിലും കാനഡയിലും ഗവേഷകനും അദ്ധ്യാപകനുമായി സേവനമനുഷ്ഠിച്ചു.

ഡോ. ടി.ആർ. വിശ്വനാഥന്റെ വിവിധ കണ്ടുപിടിത്തങ്ങൾക്ക് അമേരിക്കയിൽ 23 പേറ്റന്റുകളുണ്ട്. ഒരു ടെക്സ്റ്റ് ബുക്കും 45 ജേണൽ പേപ്പറുകളും എഴുതിയിട്ടുണ്ട്.

ഇന്ത്യയിലെ കാൺപൂരിലെ ഐ.ഐ.ടി.യിൽ ഇലക്ട്രിക്കൽ എൻജിനീറിംഗ് വിഭാഗം പ്രൊഫസറും ഡീനും ആയിരുന്നു. *ടെക്സാസ് സർവകലാശാലയിൽനിന്നു ഡയറക്ടർ ഓഫ് റിസർച്ച് ആൻഡ് ഡവലപ്പ്മെന്റ് ഡയറക്ടറായാണ് വിരമിച്ചത്. എ.ടി. ആൻഡ് ടി ബെൽ ലബാറട്ടറീസിൽ പത്തു വർഷം ടെക്നിക്കൽ മാനേജരായിരുന്നു. ഇലക്ട്രിക്കൽ ആൻഡ് കമ്പ്യൂട്ടർ എൻജിനീറിംഗിലും കമ്പ്യൂട്ടർ എൻജിനീറിംഗിലും ഒട്ടനവധി ഗവേഷണ വിദ്യാർഥികളുടെ ഗൈഡായി. ഇന്ത്യയിലും കാനഡായിലും അമേരിക്കയിലുമുള്ള ഒട്ടനവധി വ്യവസായസ്ഥാപനങ്ങളുടേയും സർക്കാരിന്റേയും ഉപദേശകനാണ് ഡോ. വിശ്വനാഥൻ.

തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നും ഫിസിക്സിൽ ബിരുദവും ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്ന് ഇലക്ട്രിക്കൽ കമ്മ്യൂണിക്കേഷൻസ് എൻജിനീയറിംഗിൽ ബിരുദവും നേടി. പിന്നീട് കാനഡയിലെ സസ്കാചെവൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. ഡാർളിംഗ്ടൺ അവാർഡ്, തേർഡ് മില്ലേനിയം മെഡൽ, ജാക്ക് കിൽബി അവാർഡ് തുടങ്ങി നിരവധി അവാർഡുകളും, ഏറ്റവും മികച്ച ഊർജതന്ത്ര വിദ്യാർഥിക്കുള്ള സ്വർണമെഡലും കരസ്ഥമാക്കിയിട്ടുണ്ട്.



*ടെക്സാസ് യൂണിവേഴ്സിറ്റി, യു.എസ്.എ.



## SCIENTIST

Dr. E.J James

**ഡോ. ഇ.ജെ. ജയിംസ്**

ശാസ്ത്രജ്ഞൻ

**64**

**കോ**യമ്പത്തൂരിലെ *കാരുണ്യ ഡീംഡ് യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന ഡോ. ഇ.ജെ. ജയിംസ് സെന്റ് തോമസ് കോളേജിലെ പ്രീഡിഗ്രി പൂർവ വിദ്യാർത്ഥിയാണ്. 1947 സെപ്റ്റംബർ 18ന് കാട്ടൂരിൽ ജനിച്ചു. കർണാടക റീജണൽ എൻജിനിയറിംഗ് കോളേജ് (എൻ.ഐ.ടി.കെ.) യൂണിവേഴ്സിറ്റി ഓഫ് മൈസൂരിൽനിന്ന് സിവിൽ എൻജിനീയറിംഗ് ഹൈഡ്രോളജി ആൻഡ് വാട്ടർ റിസോഴ്സിൽ ബി.ഇ ബിരുദവും എം.ടെക് ബിരുദവും കൊൽക്കത്ത യൂണിവേഴ്സിറ്റിയിൽ നിന്ന് ഗവേഷണ ബിരുദവും നേടി. പോസ്റ്റ് ഡോക്റ്ററൽ പഠനങ്ങൾ യു.കെ.യിലായിരുന്നു.

ഇന്ത്യയിലെ വാട്ടർ റിസോഴ്സ് ആൻഡ് ഹൈഡ്രോളജി മേഖലയിൽ അറിയപ്പെടുന്ന ശാസ്ത്രജ്ഞന്മാരിൽ ഒരാളാണ്. കേരള വാട്ടർ ആൻഡ് ലാൻഡ് മാനേജ്മെന്റ് ഡയറക്ടറായും (2003–2007) സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡവലപ്മെന്റ് ആൻഡ് മാനേജ്മെന്റിൽ 'എ' ഗ്രേഡ് സയന്റിസ്റ്റ് ആൻഡ് എക്സിക്യൂട്ടീവ് ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്.

ഇന്ത്യയിലെ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ്, ഇന്ത്യൻ വാട്ടർ റിസോഴ്സസ് സൊസൈറ്റി, ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് ഹൈഡ്രോളജിക് സയൻസ്, ഇന്ത്യൻ അസോസിയേഷൻ ഓഫ് ഹൈഡ്രോളജി റിസർച്ച്, ഇന്റർനാഷണൽ വാട്ടർ ഹിസ്റ്ററി അസോസിയേഷൻ എന്നിവയിൽ മെമ്പറാണ്.

ജലമേഖലയിൽ വിവിധ പദ്ധതികൾ നടപ്പാക്കി. കേരള കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട്, കേരള മൈനർ ഇറിഗേഷൻ പ്രോജക്ട്, അട്ടപ്പാടി എക്കോ–റിസ്റ്ററോഷൻ പ്രോജക്ട് തുടങ്ങിയവ ഇക്കൂട്ടത്തിൽപെടുന്നു. രാജ്യാന്തര ഏജൻസികളായ വേൾഡ് ബാങ്ക്, യുഎൻഡിപി, വെറ്റലാന്റ് ഇന്റർനാഷണൽ, തുടങ്ങിയവയുടേയും കേന്ദ്രസർക്കാർ, ഒറീസ, മണിപ്പൂർ, ജമ്മു–കാഷ്മീർ, വെസ്റ്റ് ബംഗാൾ, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാന പ്രോജക്റ്റുകളുടേയും കൺസൾട്ടന്റായിരുന്നു. കോയമ്പത്തൂർ അമൃത യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറുമായിരുന്നു.

അംഗീകാരങ്ങൾ: ബ്രിട്ടീഷ് കൗൺസിൽ സ്കോളർഷിപ്പ് (1984), അമേരിക്കൻ സയൻസ് ഫൗണ്ടേഷൻ ഫെല്ലോഷിപ്പ് (1986), എൻജിനിയർ ഓഫ് ദ ഇയർ– 2000.



*കാരുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ്, കോയമ്പത്തൂർ



## SCIENTIST

Dr. Sebastian C. Peter

### ഡോ. സെബാസ്റ്റ്യൻ സി. പീറ്റർ

ശാസ്ത്രജ്ഞൻ

65

**ഇ**ന്ത്യാ ഗവൺമെന്റിന്റെ യംഗ് സയന്റിസ്റ്റ് സ്വർണ്ണ ജയന്തി അവാർഡ് (2017) നേടിയ ഡോ. സെബാസ്റ്റ്യൻ സി. പീറ്റർ രാജ്യാന്തര പ്രശസ്തനായ ശാസ്ത്രജ്ഞനാണ്. തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്ന് 1998ൽ കെമിസ്ട്രിയിൽ ബിഎസ്സിയും 2000 ൽ എം.എസ്.സി യും പാസായി. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽനിന്ന് എം.ടെക് നേടി. ജർമനിയിലെ മുൻസ്റ്റർ യൂണിവേഴ്സിറ്റിയിൽനിന്ന് 2006ൽ പി.എച്ച്.ഡി നേടി. തുടർന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോയായി ജർമനിയിലെ മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കെമിക്കൽ ഫിസിക്സ് ഓഫ് സോളിഡ്സിലും, അമേരിക്കയിലെ നോർത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റിയിലും പ്രവർത്തിച്ചു. 2010 നവംബറിൽ അദ്ദേഹം ബാംഗ്ലൂരിലെ ജവഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ച് സെന്ററിൽ ഫെല്ലോഷിപ്പ് നേടി. നിരവധി ഗവേഷണ വിദ്യാർഥികൾക്കു ക്രിസ്റ്റലോഗ്രാഫി വിഷയത്തിൽ ക്ലാസെടുക്കാറുണ്ട്. രാജ്യാന്തര ശാസ്ത്ര സമിതികളിൽ അംഗമാണ്. തൃശൂർ ജില്ലയിലെ വാണിയമ്പാറ സ്വദേശിയാണ്.



കേരള ഫോറസ്റ്റ് റിസർച്ച് സെന്റർ, പീച്ചി, തൃശൂർ



**SCIENTIST**

Dr. V.K Krishnan

## ഡോ. വി.കെ. കൃഷ്ണൻ

ശാസ്ത്രജ്ഞൻ

**66**

ഇന്ത്യയിലെ അറിയപ്പെടുന്ന ഗണിത ശാസ്ത്രജ്ഞനായ ഡോ. വി.കെ. കൃഷ്ണൻ സെന്റ് തോമസ് കോളേജിൽ 1953 ൽ ഇന്റർമീഡിയറ്റും തുടർന്ന് ബിരുദവും പൂർത്തിയാക്കിയാണു ശാസ്ത്രത്തിന്റെ വിജയപടവുകളിലേക്ക് ഉയർന്നത്. ബിരുദാനന്തര ബിരുദപഠനം *പാലക്കാട് വിക്ടോറിയ കോളജിലായിരുന്നു. സെന്റ് തോമസ് കോളജിൽ സ്റ്റാറ്റിസ്റ്റിക്സ് പ്രൊഫസറായി സേവനം ചെയ്തു. എം.എസ്.സി മാത്തമാറ്റിക്സും, എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സും സ്വന്തമാക്കിയ കൃഷ്ണൻ മാത്തമാറ്റിക്സിലാണ് ഗവേഷണം നടത്തിയതും, ഇന്ത്യയിലെ അറിയപ്പെടുന്ന ഗണിത ശാസ്ത്രജ്ഞനായതും. ഡോ. കൃഷ്ണന്റെ പുസ്തകങ്ങൾ പ്രന്റിസ് ഹാൾ, പിയേഴ്സൺ എഡ്യുക്കേഷൻ എന്നീ പ്രസാധകർ പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വിദേശത്തെ സർവകലാശാലകളിലും പാഠപുസ്തകമാക്കിയിട്ടുണ്ട്. ഇന്ത്യയിലെ കോളേജ് അദ്ധ്യാപകർക്കുള്ള പരിശീലന കോഴ്സുകളിൽ പരിശീലകനായ ഡോ. കൃഷ്ണൻ, മികച്ച ചെസ് താരം കൂടിയായിരുന്നു.



*ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്



## SCIENTIST

Dr. Thomas A. Kodenkandath

**ഡോ. തോമസ് എ. കോടങ്കണ്ടത്ത്**

ശാസ്ത്രജ്ഞൻ

67

രസതന്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ പ്രമുഖ കാർട്ടൂണിസ്റ്റാണ് ഡോ. തോമസ് എ. കോടങ്കണ്ടത്ത്.

തൃശൂർ സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രി മുതൽ എം.എസ്.സി. കെമിസ്ട്രി വരെ പഠിച്ചു. (1978–1985). പഠനകാലത്തുതന്നെ കേരളത്തിലെ അറിയപ്പെടുന്ന കാർട്ടൂണിസ്റ്റായി തോമസ് എ. കോടങ്കണ്ടത്ത്. ചെന്നൈ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്നു രസതന്ത്രത്തിൽ ഡോക്റ്ററേറ്റ് നേടി. അമേരിക്കയിൽ ഹെയ്സൺ ഗോൾഡൻ കമ്പനിയിൽ പ്രോഗ്രാം മാനേജർ ആൻഡ് സീനിയർ സയിന്റിസ്റ്റാണ്.

യുനസ്കോയുടെ വികസ്വരരാഷ്ട്രങ്ങളിൽ നിന്നുള്ള പ്രോമിസിംഗ് യങ്ങ് സയന്റിസ്റ്റ് ഫെല്ലോഷിപ്പ് (1993), എൻജിനീയറിംഗ് ആൻഡ് ഫിസിക്കൽ സയൻസ് റിസേർച്ച് കൗൺസിലിന്റെ യുണൈറ്റഡ് കിംഗ്ഡം ഫെല്ലോഷിപ്പ് (1996), നാഷണൽ സയൻസ് ഫൗണ്ടേഷന്റെ അമേരിക്കൻ കെമിക്കൽ സൊസൈറ്റി ഫെല്ലോഷിപ്പ് (1999), കേരള ലളിത–കലാ അക്കാദമി അവാർഡ്, അമേരിക്കയിലെ അസോസിയേഷൻ ഓഫ് എഡിറ്റോറിയൽ കാർട്ടൂണിസ്റ്റ് അവാർഡ് തുടങ്ങിയ അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

ഇന്റർനാഷണൽ സയന്റിഫിക് ജേണലുകളിൽ 75 ലധികം പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും, ഏഴിലധികം പേറ്റന്റിന്റെ ഉടമയുമാണ്. ഇംപീരിയൽ കോളേജ് ലണ്ടൻ ഫെല്ലോയായ ഇദ്ദേഹം 1200ലധികം കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.




ലളിതകലാ അക്കാദമി, തൃശൂർ

CIVIL SERVICE

D.K. Manavalan I.A.S.

## ഡി.കെ. മണവാളൻ ഐ.എ.എസ്



68

സെന്റ് തോമസ് കോളേജിലെ പൂർവവിദ്യാർത്ഥിയായ ഡേവി കെ. മണവാളൻ എന്ന ഡി.കെ. മണവാളൻ ഐ.എ.എസ്, 1965 ബാച്ച് പശ്ചിമബംഗാൾ കാഡറിൽപ്പെട്ട ഉദ്യോഗസ്ഥനാണ്. 1941 മാർച്ച് 27 ന് ജനിച്ച അദ്ദേഹം 1960 ൽ ബി.എസ്.സി ഹോണേഴ്സ് ഫസ്റ്റ് ഡിവിഷനിൽ പാസായി. 1962–67 കാലഘട്ടത്തിൽ കോഴ്സ് ഓഫ് എൻജിനീയേഴ്സിൽ ചേർന്നു.

1968ൽ മുസോറിയിലെ നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷനിൽ പബ്ലിക് അഡ്മിനിസ്ട്രേഷൻ ട്രെയിനിംഗ് നേടി. 1973ൽ വേൾഡ് ബാങ്കിൽ ഇക്കണോമിക് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഫെലോ ആയിരുന്നു.

1973–81ൽ സിക്കിമിൽ എക്സ്ടേണൽ അഫയേഴ്സ് മിനിസ്റ്ററിയിൽ കമ്മീഷണറായും ഹോം സെക്രട്ടറിയായും ചീഫ് ഇലക്ഷൻ ഓഫീസറായും സേവനം ചെയ്തു. പശ്ചിമബംഗാളിൽ സ്പെഷ്യൽ സെക്രട്ടറി, ഫിനാൻസ് ആൻഡ് കമ്മീഷണർ ഓഫ് കോമേഴ്സ്യൽ ടാക്സസായി 1986 വരെ സേവനം ചെയ്തു. 1992–93 ൽ റൂറൽ ഡെവലപ്പ്മെന്റ് ആൻഡ് പഞ്ചായത്ത് സെക്രട്ടറിയായി. 1995 വരെ കോമേഴ്സ് ആൻഡ് ഇന്റസ്ട്രീസ് പ്രിൻസിപ്പൽ സെക്രട്ടറിയായി. 1992ൽ റിസോഴ്സ് ഡവലപ്മെന്റ് മിനിസ്ട്രിയിൽ യുവജനകാര്യ ജോയിന്റ് സെക്രട്ടറി, 1995–97ൽ മിനിസ്റ്ററി ഓഫ് വെൽഫെയറിൽ അഡീഷണൽ ജനറൽ സെക്രട്ടറി, 1998–99 ൽ മിനിസ്റ്ററി ഓഫ് ജസ്റ്റീസ് ആൻഡ് എംപവർമെന്റിൽ സെക്രട്ടറി, 1999–2001 ൽ ഡിപ്പർട്ട്മെന്റ് ഓഫ് യൂത്ത് അഫയേഴ്സ് സ്പോർട്സ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു.

2001 ൽ റിട്ടയർ ചെയ്തശേഷം ദേശീയതലത്തിൽ ആക്ഷൻ ഫോർ ഫുഡ് പ്രൊഡക്ഷൻ, നാച്യുറൽ റിസോഴ്സ് മാനേജ്മെന്റ്, ട്രൈബൽ വാട്ടർഷെഡ് ആൻഡ് ലൈവ്‌ലിഹുഡ് പരിപാടി തുടങ്ങിയ മേഖലകളിൽ സേവനം ചെയ്യുന്നു.



കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ–(കില), തൃശൂർ



## CIVIL SERVICE

Dr. K.N. Sathish IAS

**ഡോ. കെ.എൻ. സതീഷ് ഐ.എ.എസ്.**

**69**

**സി**വിൽ സർവീസ് മേഖലയിൽ കർമ്മകുശലതകൊണ്ട് സ്വന്തമായ ഇടം വെട്ടിത്തുറന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ സി.എം.ഡി. ഡോ.കെ.എൻ. സതീഷ് തലശേരി സ്വദേശിയാണ്. തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നു എം.എസ്.സി ബിരുദം കരസ്ഥമാക്കി. സർക്കാർ സർവീസിൽ ചാവക്കാട് തഹസിൽദാറായി ജോലിയിൽ പ്രവേശിച്ച സതീഷ് 2004ൽ ഐ.എ.എസ്. നേടി. കാസർകോടും *തിരുവനന്തപുരത്തും കളക്ടറായിരുന്നു. ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ, ശ്രീപത്മനാഭസ്വാമി ക്ഷേത്രം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമലയിൽ ഡ്യൂട്ടി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്, ഫോർട്ട് കൊച്ചി ആർ.ഡി.ഒ. വിവിധ ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ, ഹയർ സെക്കൻഡറി ഡയറക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. കയർ ബോർഡ് ഡയറക്ടർ, ട്യൂറിസം അഡീഷണൽ ഡയറക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചു. സെൻസസ് പ്രവർത്തന മികവിന് രാഷ്ട്രപതിയുടെ മെഡൽ നേടി. ലാത്തൂരിൽ ഭൂകമ്പമുണ്ടായ വേളയിൽ റെസ്ക്യൂ – ഡിസാസ്റ്റർ മാനേജ്മെന്റ് പ്രവർത്തനങ്ങളിൽ സജീവമായി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഒബ്സർവറായിരുന്നു.



*സെക്രട്ടറിയേറ്റ്, തിരുവനന്തപുരം



CIVIL SERVICE

P.M. Francis IAS

## പി.എം ഫ്രാൻസീസ് ഐ.എ.എസ്

70

സംസ്ഥാന വ്യവസായ വകുപ്പു ഡയറക്ടറായും ജില്ലാ കളക്ടറായും സേവനം ചെയ്ത പി.എം. ഫ്രാൻസിസ് തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നാണ് 1982–84 ൽ എം.കോം പാസായത്. പത്തു വർഷം സൗത്ത് ഇന്ത്യൻ ബാങ്കിൽ സേവനം ചെയ്ത ശേഷം 1993 ൽ സർക്കാർ സർവീസിൽ ഡെപ്യൂട്ടി കളക്ടറായി. 2004 ൽ ഐഎഎസ് നേടി. എ.ഡി.എം, ആർ.ഡി.ഒ. തസ്തികകളിൽ തൃശൂർ, മലപ്പുറം, കൊല്ലം, എറണാകുളം എന്നീ ജില്ലകളിൽ സേവനം ചെയ്തു. *കളക്ടറായി തൃശൂർ, മലപ്പുറം, തിരുവനന്തപുരം ജില്ലകളിലും പ്രവർത്തിച്ചു. 2009–10 ൽ സുനാമി പുനരധിവാസ സ്പെഷൽ ഓഫീസറായി പ്രവർത്തിച്ചു. 2014 മുതൽ 17 വരെ സംസ്ഥാന വ്യവസായ വകുപ്പ് ഡയറക്ടറായിരുന്നു.

ഏങ്ങണ്ടിയൂർ പൊറത്തൂർ കിട്ടൻ മാത്യു മാസ്റ്ററുടെ മകനായി 1957 മേയ് 11 നാണു ജനനം. അരിമ്പൂരിലെ മനക്കൊടിയിൽ കുടുംബ സമേതം താമസിക്കുന്നു.



കളക്ടറേറ്റ്, തൃശൂർ



## CIVIL SERVICE

Francis Kodenkandath IRS

**ഫ്രാൻസീസ് കോടങ്കണ്ടത്ത് ഐ.ആർ.എസ്.**

**71**

**ലോ**കപ്രശസ്ത ചിത്രകാരനാണ് ഫ്രാൻസിസ് കൊടങ്കണ്ടത്ത്. കസ്റ്റംസ് രഹസ്യാന്വേഷണ വിഭാഗം കമ്മീഷണറാണ്. തൃശൂർ സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രി മുതൽ എം.കോം. വരെ ഏഴു വർഷം വിദ്യാർത്ഥിയായിരുന്നു. *നെടുമ്പാശ്ശേരി ഇന്റർനാഷണൽ വിമാനത്താവളത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റ് 2017 ൽ ഇന്ത്യൻ റവന്യൂ സർവീസ് പദവി നൽകി.

ഫ്ളോറൻസ് (ഇറ്റലി), ലണ്ടൻ, യു.എസ്.എ, യു.എ.ഇ, ഫ്രാൻസ്, ജപ്പാൻ, എന്നീ വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ എല്ലാപ്രധാനപ്പെട്ട നഗരങ്ങളിലുമുള്ള ആർട്ട് ഗാലറികളിൽ ചിത്രപ്രദർശനം നടത്തി.

ഇറ്റലിയിലെ ഫ്ളോറൻസ് ബിനാലെ (2015)യിൽ ബിനാലെ മെഡൽ നേടി. ലണ്ടൻ 2017 ബിനാലെയിലേക്ക് ഇന്ത്യയിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട ഏക ചിത്രകാരൻ. ഐക്യരാഷ്ട്ര സഭയുടെ അന്താരാഷ്ട്ര കോൺഫ്രൻസ് വേദിയിൽ ഫ്രാൻസീസിന്റെ 18 ചിത്രങ്ങൾ (2018)ൽ പ്രദർശിപ്പിച്ചു. ദേശീയ ഉപ്പുസത്യാഗ്രഹ മ്യൂസിയത്തിലേക്ക് ഫ്രാൻസീസിന്റെ രണ്ടു ചിത്രങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു. ഐക്യരാഷ്ട്രസഭയുടെ ഉന്നത പ്രശംസപത്രം നേടി. കേന്ദ്ര ലളിതകലാ അക്കാദമിയുടെയും (2004) കേരള ലളിതകലാ അക്കാദമിയുടെയും (1989,1986, 1993) പുരസ്കാരങ്ങൾ നേടി. കംസ്റ്റംസ് ഡിപ്പാർട്ട്മെന്റിൽ ജീവൻതൃണവൽക്കരിച്ചുള്ള സേവനത്തിന് 10 തവണ കേന്ദ്രസർക്കാറിന്റെ ഔദ്യോഗിക പുരസ്കാരവും 196 തവണ  അംഗീകാരവും നേടി.




*കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട്, നെടുമ്പാശ്ശേരി



## CIVIL SERVICE

K.M Thomas IES

**കെ.എം. തോമസ് ഐ.ഇ.എസ്.**

72

കേന്ദ്ര ആസൂത്രണ കമ്മീഷനിലും ഫിനാൻസ് കമ്മീഷനിലും ഡയറക്ടറായിരുന്ന കെ.എം. തോമസ് ഐ.ഇ.എസ് തൃശൂർ സെന്റ് തോമസ് കോളേജിന്റെ ഒന്നാം റാങ്ക് ജേതാവാണ്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ സാമ്പത്തികശാസ്ത്രത്തിൽ ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയത് സെന്റ് തോമസ് കോളേജിൽ നിന്നാണ്.

1968–69 ൽ സെന്റ് തോമസ് കോളേജിൽ ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റിൽ അധ്യാപകനായി സേവനം ആരംഭിച്ചു. 1969 ൽ ഇന്ത്യൻ ഇക്കണോമിക് സർവീസിൽ പ്രവേശിച്ചു. *ധനകാര്യ മന്ത്രാലയത്തിൽ പ്ലാനിംഗ് കമ്മീഷനിൽ ജോലിയിൽ പ്രവേശിച്ചു. കേന്ദ്ര സർക്കാരിന്റെ പതിനൊന്നാമതു ഫിനാൻസ് കമ്മീഷൻ ഡയറക്ടറായിരുന്നു കെ.എം. തോമസ്.



*സെൻട്രൽ സെക്രട്ടറിയേറ്റ്, ന്യൂഡൽഹി



CIVIL SERVICE

Dr. P. Sarin IAAS

## ഡോ. പി. സരിൻ ഐ.എ.എ.എസ്

73

**കിസ്** പ്രോഗ്രാമുകളിലൂടെ ജനശ്രദ്ധ നേടിയ തൃശൂർ സെന്റ് തോമസ് കോളേജിലെ പ്രീഡിഗ്രി വിദ്യാർത്ഥിയായിരുന്നു പി. സരിൻ. പ്രീഡിഗ്രി പഠനശേഷം കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ് കരസ്ഥമാക്കി. കോളേജിന്റെ വിദ്യാർത്ഥി യൂണിയൻ ചെയർമാനായിരുന്നു.

ദൂരദർശൻ ചാനലിൽ സ്പോർട്സ് സൂപ്പർ സ്റ്റാറിലും (2010) നാഷണൽ ജിയോഗ്രഫിക് ചാനലിൽ ഇന്ത്യൻ ക്വിസ് ലീഗിലും (2013) ഡോ. സരിൻ കിരീടം സ്വന്തമാക്കി. മഴവിൽ മനോരമയിൽ 'കുട്ടികളോടാണോ കളി' എന്ന പ്രോഗ്രാമിലൂടെ വിദ്യാർത്ഥി ലോകത്തിന് ഏറെ സുപരിചിതനാണ്. ക്വിസും യുവാക്കളോടുള്ള സംവാദവും ഏറെ ഇഷ്ടപ്പെടുന്ന ഡോ. സരിൻ നിരവധി ക്വിസ് ക്ലബുകളിലും വിവിധ ചർച്ചാ വേദികളിലും സജീവമാണ്.

സെന്റ് തോമസ് കോളേജ് ലൈബ്രറിയിലെ പരന്ന വായനയാണ് സരിന് ക്വിസിന്റെ ലോകത്തുനിന്ന് യു.പി.എസ്.സി സിവിൽ സർവീസ് പരീക്ഷയിൽ ആദ്യ ശ്രമത്തിൽ തന്നെ ഐ.എ.എസ് നേടാൻ സഹായിച്ചത്. സിവിൽ സർവീസ് പരീക്ഷയ്ക്ക് ക്വിസ് ഒന്നാന്തരം ടൂൾ ആണെന്ന് സരിൻ അനുഭവത്തിലൂടെ വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു. കാൻസർ ബോധവത്ക്കരണ രംഗത്തും പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിലും സജീവമായ ഡോ. സരിൻ നല്ല ഒരു ഹെൽത്ത് ആക്ടിവിസ്റ്റാണ്. തിരുവനന്തപുരത്തും ബാംഗ്ലൂരിലും ഇന്ത്യ ഗവണ്മെന്റിന്റെ ഇന്ത്യൻ ഓഡിറ്റ് ആൻഡ് അക്കൗണ്ട് സർവീസിൽ സേവനമനുഷ്ഠിച്ചു. വിരമിക്കുമ്പോൾ കേരള – കർണ്ണാടക റീജിയണിന്റെ ഡെപ്യൂട്ടി ജനറാളായിരുന്നു. തൃശൂരിൽ സിവിൽ സർവീസ് പരിശീലത്തിനായി *ഐ.എ.എസ് ഹോട്സ്പോട്ട് എന്ന റെസിഡൻഷ്യൽ സ്ഥാപനം നടത്തുകയാണ് ഇദ്ദേഹം.




ഐ.എ.എസ് ഹോട്ട് സ്പോട്ട്, തൃശൂർ



## PRO VICE CHANCELLOR

Dr. N.D Inasu

**ഡോ. എൻ.ഡി. ഇനാശു**

74

**കൊ**ച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ പ്രോ വൈസ് ചാൻസലറായിരുന്ന ഡോ. എൻ.ഡി. ഇനാശു സെന്റ് തോമസ് കോളേജിലാണു പ്രീഡിഗ്രിയും ഡിഗ്രിയും (1971–76) പഠിച്ചത്. തൃശൂർ ജില്ലയിലെ *എൽതുരുത്ത് സെന്റ് അലോഷ്യസ് കോളേജിന്റെ പ്രിൻസിപ്പലായി സേവനം ചെയ്തിട്ടുണ്ട്.




*സെന്റ് അലോഷ്യസ് കോളേജ്, തൃശൂർ



## PRO VICE CHANCELLOR

Prof. K. Ravindranath

**പ്രൊഫ. കെ. രവീന്ദ്രനാഥ്**

75

**കോ**ഴിക്കോട് സർവകലാശാല പ്രോ വൈസ് ചാൻസലർ, കേരള ഉന്നത വിദ്യാഭ്യാസകൗൺസിൽ ഉപസമിതി അദ്ധ്യക്ഷൻ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ച വിദ്യാഭ്യാസ വിചക്ഷണനാണ് പ്രൊഫ. കെ. രവീന്ദ്രനാഥ്.

തൃശൂർ സെന്റ് തോമസ് കോളേജിൽ 1973–75 ൽ പ്രീഡിഗ്രി, 1975–78 ൽ ബി.കോം കോഴ്സുകളിൽ വിദ്യാർത്ഥിയായിരുന്നു. 2011 മുതൽ 2015 വരെ കാലിക്കട്ട് സർവകലാശാല പ്രോ വൈസ് ചാൻസലറായി ഔദ്യോഗിക ജീവിതത്തിൽനിന്നു വിരമിച്ചു. ഹോളി ഗ്രേസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്.

**ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ്* പ്രിൻസിപ്പാൾ, കോഴിക്കോട് സർവകലാശാല സെനറ്റ് അംഗം. ശ്രീകൃഷ്ണ കോളേജ് ഭരണ സമിതി അംഗം. യൂജിസി ഉപസമിതി അംഗം. കാലിക്കട്ട് സർവകലാശാല കോമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. വിലാസം: അരവിന്ദം, തിരൂർ, മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ




**ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ*



## ACADEMICIAN

Prof. M.P. Paul

### പ്രൊഫ. എം.പി. പോൾ

76

**സാം**സ്കാരികരംഗത്തെ മഹാപ്രതിഭയാണ് പ്രൊഫ. എം.പി. പോൾ. സാഹിത്യകാരൻ, നിരൂപകൻ, അദ്ധ്യാപകൻ എന്നീ നിലകളിൽ സാംസ്കാരിക ജീവിതത്തിൽ തന്റെ വ്യക്തിത്വം അടയാളപ്പെടുത്തി.

നോവൽ, കഥ, നിരൂപണം എന്നിവയെപ്പറ്റി ആധികാരിക ഗ്രന്ഥങ്ങൾ രചിച്ചു. തൃശൂർ സെന്റ് തോമസ് കോളേജിൽ സ്കോളർഷിപ്പോടെ ഇന്റർ മീഡിയറ്റ് പാസായി.

*ട്രിച്ചി സെന്റ് ജോസഫ്സ് കോളേജിൽ നിന്നു ബി.എ. ചരിത്രം ഒന്നാം ക്ലാസോടെ ജയിച്ചു. രണ്ടു വർഷം അവിടെ ട്യൂട്ടറായി. 1928 ൽ തൃശൂർ സെന്റ് തോമസ് കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി. ഇക്കാലത്ത് ഇ.എം.എസ്., സി. അച്ചുതമേനോൻ, മഹാകവി സി.എ. ജോസഫ്, എന്നിവർ ഇവിടെ വിദ്യാർത്ഥികളായിരുന്നു. 1934 ൽ ചങ്ങനാശ്ശേരി എസ്.ബി കോളേജിൽ രണ്ടു വർഷം പ്രൊഫസറായി. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലും ഇംഗ്ലീഷ് അധ്യാപകനായിരുന്നു.

കേരളത്തിലെ ട്യൂട്ടോറിയൽ കോളജുകളുടെ സ്ഥാപകനാണ്. 1932ൽ പോൾസ് ട്യൂട്ടോറിയൽ തുടങ്ങി. പാരലൽ കോളേജ് (ട്യൂട്ടോറിയൽ) പ്രസ്ഥാനത്തിന്റെ ആരംഭമായിരുന്നു അത്. തൃശൂർ, കോട്ടയം, ചങ്ങനാശേരി, തിരുവനന്തപുരം എന്നിവിടങ്ങളിലെല്ലാം ഇത് നടത്തുകയുണ്ടായി. പുരോഗമന സാഹിത്യ സംഘടനയുടെ പ്രഥമ അദ്ധ്യക്ഷൻ. സാഹിത്യ പ്രവർത്തക സഹകരണ സംഘം സ്ഥാപകപ്രവർത്തകൻ എന്നീ നിലകളിലും പ്രവർത്തിച്ചു.

തൃശൂരിൽ മഹാത്മഗാന്ധിയുമായി കൂടിക്കാഴ്ച നടത്തി. നോവൽ സാഹിത്യം, ചെറുകഥ, പ്രസ്ഥാനം, സൗന്ദര്യനിരീക്ഷണം, സാഹിത്യവിചാരം, ഗദ്യഗതി തുടങ്ങിയ കൃതികൾ, ഇന്നും മലയാളത്തിലെ പ്രമുഖസാഹിത്യരചനകളാണ്.

1952 ജൂലൈ 12 ന് അന്തരിച്ചു.



*ട്രിച്ചി സെന്റ് ജോസഫ്സ് കോളേജ്, തമിഴ്നാട്



## ACADEMICIAN


Chev. Prof. N.A. Ouseph

**ഷെവലിയർ പ്രഫ. എൻ.എ. ഔസേഫ്**

**77**

പ്രസംഗവേദികളിൽ കുളിർക്കാറ്റായി വീശുകയും മിന്നലായി ജ്വലിക്കുകയും സിംഹമായി ഗർജിക്കുകയും ചെയ്ത പ്രഭാഷകനാണ് ഷെവലിയർ പ്രഫ. എൻ.എ. ഔസേഫ്. ദൈവശാസ്ത്രരംഗത്തും വിദ്യാഭ്യാസമണ്ഡലങ്ങളിലും അത്മായ പ്രേഷിത മേഖലയിലും തിളങ്ങിയ നേതാവ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഉൾകാഴ്ചകൾ ദൈവശാസ്ത്രപരമായി അപഗ്രഥിച്ച് സമൂഹമദ്ധ്യേ ആവിഷ്കരിച്ചു. അദ്ധ്യാപനം മൂല്യാധിഷ്ഠിതപഠനത്തിന്റെയും പ്രബോധനത്തിന്റെയും താളുകളായിരുന്നു അദ്ദേഹത്തിന്.

തൃശിനാപ്പിള്ളി സെന്റ് ജോസഫ് കോളേജിൽ പഠിച്ചിരുന്നപ്പോൾ മലയാളി സമാജത്തിന്റെ പ്രസിഡന്റായിരുന്നു. സി.എൽ.സി, ഐക്കഫ് തുടങ്ങിയ പ്രസ്ഥാനങ്ങളിൽ സജീവമായിരുന്നു. തൃശൂർ സെന്റ് തോമസ് കോളേജിൽ എം.എ. ഇംഗ്ലീഷ് വിദ്യാർത്ഥിയും ഹോസ്റ്റൽ അസിസ്റ്റന്റ് വാർഡനുമായിരുന്നു. പിന്നീട് കോളേജിലെ ഇംഗ്ലീഷ് പ്രഫസറായി. ഇന്ത്യയിലും വിദേശത്തും ദൈവശാസ്ത്രരംഗത്തും അത്മായ പരിശീലനരംഗത്തുമുള്ള മാസ്റ്ററുടെ സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. കാത്തലിക് യൂണിയൻ ഓഫ് തൃശൂരിന്റെ സ്ഥാപകാംഗം, ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ വൈസ് പ്രസിഡന്റ്, കാത്തലിക് യൂണിയൻ തൃശൂർ ചെയർമാൻ, സി.ബി.സി.ഐ, സി.ആർ.ഐ കമ്മീഷൻ ഫോർ വൊക്കേഷൻ കൺസൾട്ടന്റ്, ടെംപെസ്റ്റ് മാസിക മാനേജിംഗ് എഡിറ്റർ, സി.ബി.സി.ഐ വിദ്യാഭ്യാസകമ്മീഷൻ കൾസൾട്ടന്റ് എന്നി നിലകളിൽ പ്രവർത്തിച്ചു. കേരളത്തിൽ ചരിത്രം കുറിച്ച കോളേജ് സമരം നയിച്ചു. ഒ.പി. ത്യാഗിബില്ലിനെതിരെയുള്ള പോരാട്ടങ്ങളിലും ന്യൂനപക്ഷവകാശപോരാട്ടങ്ങളിലും മുന്നിലുണ്ടായിരുന്നു. ആഗോളസഭക്ക് അദ്ദേഹം നൽകിയ സംഭാവനക്ക് മാർപാപ്പ ഗ്രാന്റ് ഷെവലിയർ പദവി നൽകി. കേരളസഭാതാരം അവാർഡ്, അഖില കത്തോലിക്ക കോൺഗ്രസിന്റെ അധീതി അവാർഡ്, ഈ നൂറ്റാണ്ടിന്റെ അത്മായനുള്ള കത്തോലിക്ക കോൺഗ്രസിന്റെ അവാർഡ് എന്നിവ നേടി. മൂത്തമകൻ ബിഷപ്പ് മാർ ടോണി നീലങ്കാവിൽ തൃശൂർ അതിരൂപതയുടെ സഹായമെത്രാനാണ്.



അർണോസ് പാതിരി ഭവൻ, വേലൂർ, തൃശൂർ

## ACADEMICIAN

P. Chithran Namboodiripad

**പി. ചിത്രൻ നമ്പൂതിരിപ്പാട്**

78



1920 ജനുവരി 19 നു ജനനം. ചെന്നൈയിലെ പാച്ചിയപ്പ കോളേജിൽനിന്നു ബിരുദാനന്തര ബിരുദം നേടി. നാട്ടിലെത്തിയ അദ്ദേഹം അവിടെ 1952 ൽ വിദ്യാലയം ആരംഭിച്ചു. അവിടെ ആദ്യത്തെ ഹെഡ്മാസ്റ്ററുമായി. പിന്നീട് 1957 ൽ സ്കൂൾ ഒരു രൂപയ്ക്ക് സർക്കാരിനു വിട്ടുകൊടുത്തു. സർക്കാർ സർവീസിൽ ചേർന്ന അദ്ദേഹം 1978 ൽ വിദ്യാഭ്യാസ വകുപ്പു ജോയിന്റ് ഡയറക്ടറായി വിരമിച്ചു.

1958ൽ കേരളത്തിലെ സ്കൂൾ വിദ്യാർഥികൾക്കു സംസ്ഥാന സ്കൂൾ കലോൽസവം ആരംഭിച്ചത് അദ്ദേഹത്തിന്റെ കാലത്തായിരുന്നു. കലാ സാംസ്കാരിക സ്പോർട്സ് മേഖലകളിലെല്ലാം തൽപരനായിരുന്നു. സ്കൂളുകളിൽ സ്പോർട്സിനു പ്രാധാന്യം നൽകാൻ തുടങ്ങിയതും അദ്ദേഹത്തിന്റെ സംഭാവനയാണ്.

സർവീസിൽനിന്ന് വിരമിച്ചശേഷം കേരള കലാമണ്ഡലം സെക്രട്ടറിയായി പ്രവർത്തിച്ചു. 1967 ൽ ദേശീയ അധ്യാപക അവാർഡ് നേടി.

99–ാം വയസിലുൾപ്പെടെ *ഹിമാലയത്തിലേക്ക് 29 തവണ യാത്ര നടത്തി വാർത്തകളിൽ ഇടം നേടി. 'പുണ്യ ഹിമാലയം', ആത്മകഥയായ 'സ്മരണകളുടെ പൂമുഖം' എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

പ്രഗൽഭ വിദ്യാഭ്യാസ വിചക്ഷണനായ പി. ചിത്രൻ നമ്പൂതിരിപ്പാട് സർക്കാർ വിദ്യാഭ്യാസ വകുപ്പിൽ ജോയിന്റ് ഡയറക്ടറായിരുന്നു. സെന്റ് തോമസ് കോളേജിൽ ഇന്റർമീഡിയേറ്റ് വിദ്യാർഥിയായിരുന്നു. ബിരുദാനന്തര ബിരുദ പഠനം പൂർത്തിയാക്കി സ്വന്തം നാടായ മലപ്പുറം മൂക്കുതലയിൽ തിരിച്ചെത്തി നാടിന്റെ വിദ്യാഭ്യാസപരമായ സമുദ്ധാരണത്തിനു സ്കൂൾ ആരംഭിച്ചുകൊണ്ടാണ് അദ്ദേഹം സേവനങ്ങൾക്കു തുടക്കമിട്ടത്.



*ഹിമാലയൻ സാനുക്കൾ



## ACADEMICIAN

Chev. Prof. George Menachery

**ഷെവലിയർ പ്രഫ. ജോർജ് മേനാച്ചേരി**

79

**ലോക** പ്രശസ്ത ചരിത്രകാരനായ പ്രഫ. ജോർജ് മേനാച്ചേരി ഒല്ലൂർ സ്വദേശിയും സെന്റ് തോമസ് കോളേജ് പൂർവ വിദ്യാർത്ഥിയും ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് മേധാവിയുമായിരുന്നു. സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ എഡിറ്ററാണ്. ഇന്ത്യൻ ക്രൈസ്തവസഭ, സീറോമലബാർ സഭ എന്നിവയിൽ ഗവേഷണ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. *ആലുവ പൊന്തിഫിക്കൻ സെമിനാരി അദ്ധ്യാപകനായും നിരവധി വർഷം പ്രവർത്തിച്ചിട്ടുണ്ട്.

കെ.സി.ബി.സി അവാർഡ്, കേരള സഭാതാരം അവാർഡ്, ഇന്ത്യൻ ചർച്ച് ഹിസ്റ്ററി അവാർഡ് (ഡൽഹി) തുടങ്ങിയ അംഗീകാരങ്ങൾ നേടി. മലയാളം സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗം, സംസ്ഥാന ആർക്കിയോളജി അഡ്വൈസറി അംഗം, കലാസദൻ പ്രസിഡന്റ്, കേരള സാഹിത്യ അക്കാദമി അംഗം, ചർച്ച് ഹിസ്റ്ററി അസോസിയേഷൻ വൈസ് പ്രസിഡന്റ്, കേരള ഹിസ്റ്റോറിക്കൽ റിസർച്ച് സൊസൈറ്റി സ്ഥാപക പ്രസിഡന്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയർ ഗവേണിംഗ് ബോഡി അംഗം തുടങ്ങിയ നിലയിൽ പ്രവർത്തിച്ചു.

മൂന്നു വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ, ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ് വാല്യം 1, ദി നസ്രാണീസ്, തോമപീഡിയ, ഇന്ത്യാസ് ക്രിസ്ത്യൻ ഹെറിറ്റേജ് എന്നിവയാണു പ്രധാന കൃതികൾ.



*ആലുവ പൊന്തിഫിക്കൽ സെമിനാരി



## WRITER

Vilasini (M.K. Menon)

**വിലാസിനി**


(എം.കെ. മേനോൻ)

**80**

പ്രശസ്ത സാഹിത്യകാരനും മാധ്യമപ്രവർത്തകനുമായ വിലാസിനി എന്ന എം.കെ. മേനോൻ തൃശൂർ സെന്റ് തോമസ് കോളേജിലെ ഗണിതശാസ്ത്ര ബിരുദധാരിയാണ്. 1947 ലെ പഠനത്തിനു ശേഷം മദ്രാസ് സർവകലാശാലയിൽ ഉപരിപഠനം നടത്തി. 1953 ൽ സിംഗപ്പൂരിൽ പോയി ഇന്ത്യൻ മൂവീ ന്യൂസ് എന്ന ഇംഗ്ലീഷ് മാസിക ആരംഭിച്ചു. രണ്ടു വർഷത്തിനുശേഷം ഫ്രഞ്ച് ന്യൂസ് സർവീസായ എഎഫ്പിയുടെ സബ് എഡിറ്ററായി ജോലി ആരംഭിച്ചു.

1977 ൽ കേരളത്തിൽ തിരിച്ചെത്തിയശേഷമാണ് അദ്ദേഹത്തിന്റെ മാസ്റ്റർപീസ് നോവലായ *'*അവകാശികൾ*' എഴുതിയത്. 1980 ൽ പ്രസിദ്ധീകരിച്ച 'അവകാശികൾ' ഇന്ത്യയിലെ ഏറ്റവും വലിയ നോവലാണ്. നാലു വാല്യങ്ങളിലായി 3,958 പേജുള്ള നോവൽ. വടക്കാഞ്ചേരിക്കു സമീപം കരുമത്രയിൽ 1928 ൽ ജനിച്ച അദ്ദേഹം സ്കൂൾ വിദ്യാർഥി ആയിരുന്നപ്പോഴേ കവിതകൾ എഴുതി. എൻ. വി. കൃഷ്ണവാര്യരാണ് നോവലുകളിലേക്ക് തിരിയാൻ പ്രേരിപ്പിച്ചത്. 1965 ൽ പ്രസിദ്ധീകരിച്ച 'നിറമുള്ള നിഴലുകളാ'ണ് ആദ്യ നോവൽ.

ഇണങ്ങാത്ത കണ്ണികൾ, ഊഞ്ഞാൽ, ചുണ്ടെലി, തുടക്കം, അവകാശികൾ, യാത്രാമുഖം എന്നിവയാണ് വിലാസിനിയുടെ നോവലുകൾ. മംഗളോദയം മാസികയിൽ വന്ന കവിതകളിൽ ചിലത് പിന്നീട് സമാഹരിച്ചതാണ് കൈത്തിരി. ലേഖനസമാഹാരമാണ് ഉതിർമണികൾ. ജേർണലിസത്തെപ്പറ്റി എഴുതിയ കൃതിയാണ് 'സ്വ.ലേ.' വിവർത്തനശാഖയിൽ അദ്ദേഹത്തിന്റെ സംഭാവനകളാണ് സഹശയനം, കുരുടൻ മൂങ്ങ, പെഡ്രോപരാമോ എന്നീ നോവലുകൾ. കേരളസാഹിത്യഅക്കാദമി പുരസ്കാരം, വയലാർ പുരസ്കാരം, ഓടക്കുഴൽ പുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.











## WRITER

C.A Joseph

**സി.എ. ജോസഫ്**

81

അഴിക്കോടിനെകൊണ്ടു പറയിപ്പിക്കാൻ കഴിഞ്ഞ കവിയാണ് തൃശൂർക്കാരനായ സി.എ. ജോസഫ്.

1910 ഫെബ്രുവരി 26ന് പാടൂരിൽ (തൃശൂർ) ജനിച്ച അദ്ദേഹം തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നും ബി.എ. ഇക്കണോമിക്സ് പാസ്സായി. ഒരു വർഷം തൃശൂർ *സേക്രഡ് ഹാർട്ട് സ്കൂളിൽ അദ്ധ്യാപകനായി. പിന്നീട് മദ്രാസ് റവന്യൂ ബോർഡിൽ ജോലിയിൽ പ്രവേശിച്ച് 1965ൽ R.T.O ആയി റിട്ടയർ ചെയ്തു.

മാതൃസ്മരണ, ഉദയത്തിലേക്ക്, ഏകാകി, അന്തരംഗം, ഇന്നോളം, ദർശനം, മന്ദാരത്തിന്റെ കഥ, അകവും പുറവും, വിക്കൻമാരുടെ രാഷ്ട്രം, നിക്കോളാസും റഷ്യയും തുടങ്ങിയ് കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'A New Cots' Reverie and other Poems' എന്ന പേരിൽ ഇംഗ്ലീഷ് കവിതാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'A New Grove' എന്ന പേരിൽ 2017ൽ പുതിയ പതിപ്പ് ഇറങ്ങി. അന്തരംഗം, ഏകാകി എന്നീ കൃതികൾ കോഴിക്കോട്, മൈസൂർ, സർവ്വകലാശാലകളിൽ പാഠപുസ്തകങ്ങളായിരുന്നു. ചിക്കഗോയിൽ നിന്ന് MAHFIL മാസിക പ്രസിദ്ധീകരിച്ച കവിത 'നിറങ്ങളുടെ അമ്മ' എന്ന പേരിൽ മലയാളത്തിൽ 1960കളിൽ എട്ടാം ക്ലാസ് പാഠാവലിയിൽ ഉൾപ്പെടുത്തുകയുണ്ടായി.

1977ലെ പ്രഥമ ലോക മലയാള സമ്മേളനത്തിൽ "Smilies in Malayalam Poetry" എന്ന പ്രബന്ധമവതരിപ്പിക്കുകയുണ്ടായി. കൂടാതെ കേരള സാഹിത്യഅക്കാദമിക്കുവേണ്ടി കെ.ടി. മുഹമ്മദിന്റെ 'വെളിച്ചം വിളക്കന്വേഷിക്കുന്നു' എന്ന നാടകത്തിന്റെ ഇംഗ്ലീഷ് വിവർത്തനം അദ്ദേഹം നിർവഹിച്ചിട്ടുണ്ട്. സാഹിത്യരംഗത്ത് വലിയ അംഗീകാരങ്ങൾ ലഭിക്കാതെപോയ ഈ കാവ്യപ്രതിഭക്ക് മേരിവിജയം മാസികയുടെ മോൺ. പോൾ കാക്കശ്ശേരി അവാർഡ്, തൃശൂർ റോട്ടറി ക്ലബ്ബ് സാഹിത്യ അവാർഡ്, കേരള കത്തോലിക്ക അത്മായഅസോസിയേഷൻ പുരസ്കാരം എന്നിവ ലഭിക്കയുണ്ടായി.

മലയാളത്തിലും ഇംഗ്ലീഷിലും കവിതകളെഴുതി കേരളത്തിന്റെ കവികളുടെയിടയിൽ ശ്രദ്ധേയനാണ് സി.എ.ജോസഫ്. വിവർ ത്തകൻ, ട്രാൻപോർട്ട് ഓഫീസർ എന്നീ നിലകളിലും പ്രവർത്തിക്കുകയുണ്ടായി.

തൃശൂർ സെന്റ്തോമസ് കോളേജിൽ ഇ.എം.എസ്സിന്റെ സഹപാഠിയായിരുന്നു. മനുഷ്യ ജീവിതം ഒരു തീർത്ഥ യാത്രയായി കണ്ട ജീവിതത്തെ തമസാപരമായ ഒരു പുനർജന്മമായി കാണുകയും ആ കാഴ്ചയെ ഭാവസുന്ദരവും സുഘടിതവുമായ ഒരു വിപുലശിൽപമാക്കി വികസിപ്പിക്കുകയും ചെയ്യുന്ന കവിയാണ് ജോസഫെന്ന് ഡോ.സുകുമാർ



*സേക്രഡ് ഹാർട്ട് ഹൈസ്കൂൾ, തൃശൂർ

## WRITER - SOCIAL WORKER



I.M Velayudhan Master

## ഐ.എം. വേലായുധൻ മാസ്റ്റർ

82

**മി**കച്ച അദ്ധ്യാപകൻ, പ്രഭാഷകൻ, ഗ്രന്ഥകാരൻ, രാഷ്ട്രീയനേതാവ്, ഗാന്ധിയൻ, മദ്യനിരോധന പ്രവർത്തകൻ, സംഘാടകൻ, ഗ്രന്ഥശാല പ്രവർത്തകൻ, സാംസ്കാരിക നേതാവ് തുടങ്ങി വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ കൊണ്ട് സംസ്ഥാനതലത്തിൽ അറിയപ്പെട്ട അതുല്യ പ്രതിഭയായിരുന്നു ഐ.എം. വേലായുധൻ മാസ്റ്റർ.

ഇരിങ്ങാലക്കുട ചെമ്മണ്ടയിൽ 1927 ഏപ്രിൽ 23 നു ജനിച്ചു. സെന്റ് തോമസ് കോളേജിൽ ബി.എ വിദ്യാർഥിയായിരുന്നു.

കോഴിക്കോടുനിന്ന് ബി.ടി. ബിരുദം. കുട്ടനെല്ലൂർ രാജർഷി മെമ്മോറിയൽ ഹൈസ്കൂൾ, പെരിഞ്ഞനം ആർ.എച്ച് സ്കൂൾ, *കണിമംഗലം എസ്.എൻ. സ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപകനായിരുന്നു. ഹെഡ്മാസ്റ്ററായാണു വിരമിച്ചത്. 1975 ൽ മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡും 1977 ൽ ദേശീയ അവാർഡും ലഭിച്ചു. 1942 ൽ ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്തു. 1954 ൽ തൃശൂർ ഡിസിസി സെക്രട്ടറിയായി പ്രവർത്തിച്ചു.

1965 ൽ മണലൂരിൽനിന്ന് എം.എൽഎ യായി തെരഞ്ഞെടുക്കപ്പെട്ടെങ്കിലും ആർക്കും ഭൂരിപക്ഷമില്ലാത്തതിനാൽ നിയമസഭയിൽ പോകാൻ കഴിഞ്ഞില്ല. അടിയന്തിരാവസ്ഥയെ എതിർത്തുകൊണ്ട് ജനതാപാർട്ടിയിൽ ചേർന്നു. ഗ്രന്ഥശാല പ്രവർത്തനം, ഗാന്ധിയൻ പ്രവർത്തനം, മദ്യനിരോധന പ്രവർത്തനം എന്നിവയിൽ സജീവമായിരുന്നു. ദീനബന്ധു പത്രത്തിന്റെ സഹപത്രാധിപനായിരുന്നു. വിവേകോദയം പ്രൊഹിബിഷൻ മാസികയുടെ പത്രാധിപരായിരുന്നു.

സാമൂഹ്യവിദ്യാഭ്യാസചിന്തകൾ, വൈദ്യരുടെ കഥ, പുതിയകാവൽ നായ്ക്കൾ (നാടകം) എന്നീ ഗ്രന്ഥങ്ങളും കെ.കൊച്ചുകുട്ടൻ സ്മരണിക, എ.മാധവൻ മാസ്റ്റർ സ്മരണിക, ജി.കുമാരപ്പിള്ള എന്നിവ എഡിറ്റു ചെയ്തിട്ടുണ്ട്.

നെഹ്റു, ആചാര്യ കൃപാലാനി, സുചേത കൃപലാനി, രാജഗോപാലാചാരി, യു.എൻ. ഢേബർ എന്നിവരുടെ ഇംഗ്ലീഷ് പ്രസംഗങ്ങൾ തത്സമയം പരിഭാഷപ്പെടുത്തിയിട്ടുണ്ട്.



*കണിമംഗലം എസ്.എൻ സ്കൂൾ, തൃശൂർ



## WRITER

T. L. Jose

### ടി. എൽ. ജോസ്

**83**

പ്രസിദ്ധ നാടകകൃത്തും നടനുമായ ടി.എൽ ജോസ് സെന്റ് തോമസ് കോളേജിന്റെ കാമ്പസിൽ നിന്നാണ് സർഗാത്മകതയുടെ അരങ്ങിലേക്കു ചുവടുവച്ചത്.

1964 മുതൽ 1971 വരെ സെന്റ് തോമസ് കോളേജിനോടു ചേർന്നു നിന്നത് നാടകരചനയിലും അഭിനയരംഗത്തും വളരാൻ ഏറെ സഹായിച്ചിട്ടുണ്ട്. കോളേജ് ലൈബ്രറി ഏറെ ഉപയോഗപ്പെടുത്തിയിരുന്നു.

സാഹിത്യഅക്കാദമിയുടെ നല്ല രചന, നല്ല നടൻ, നല്ല അവതരണം, നല്ല ബാലനടൻ, നല്ല നടി എന്നീ അഞ്ച് അവാർഡുകൾ നേടിയ ‘സമുദായം’, ‘സമാഗമം’, ‘ലേലം’, ‘കല്ലെടുക്കുന്ന തുമ്പി’, ‘സ്വർണഗോപുരം’, ‘അന്തപ്പുരം’, ‘മോചനം നാളെ’, ‘സാവധാൻ’, ‘പ്രസവവേദന’ എന്നീ നാടകങ്ങളാണ് പ്രധാനകൃതികൾ.




*സ്കൂൾ ഓഫ് ഡ്രാമ, അരണാട്ടുകര, തൃശൂർ*



## WRITER & SOCIAL ACTIVIST

Fr. Dr. Francis Alappatt

### ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്

**84**

1953ൽ തൃശൂരിൽ ജനനം. പൂർവ്വാശ്രമത്തിൽ കരാഞ്ചിറ ആലപ്പാട്ട് ആന്റണിയുടെയും റോസിയുടെയും മകൻ. തൃശൂർ സേക്രഡ് ഹാർട്ട്, മോഡൽ ബോയ്സ് ഹൈസ്കൂൾ, സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ പഠനം. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ്. ബിരുദം. കോഴിക്കോട് ജെസ്യൂട്ട് ട്രെയിനിംഗ് കോളേജ്, അഡയാർ സേക്രഡ് ഹാർട്ട് കോളേജ്, ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ ഇൻസ്റ്റിസ്റ്റ്യൂട്ട് എന്നിവിടങ്ങളിൽ നിന്നായി തത്വശാസ്ത്ര–ദൈവശാസ്ത്ര ബിരുദങ്ങളും. 1995–ൽ വൈദികാഭിഷേകത്തിനു ശേഷം പാവറട്ടി ഇരവിമംഗലം എന്നിവിടങ്ങളിൽ ശുശ്രൂഷ. മാനസികാരോഗ്യ ആശുപത്രിക്കു വേണ്ടി കേരള ഹൈക്കോടതി നിയമിച്ച മോണിറ്ററിംഗ് കമ്മിറ്റി അംഗമായിരുന്നു. രക്തദാനത്തിന് ആളുകൾ തയ്യാറാകാതിരുന്ന 1979–ൽ തന്നെ ദീർഘവീക്ഷണതത്തോടു കൂടി കേരള ബ്ലഡ് ഡോണേഴ്സ് ഫോറം സ്ഥാപിച്ച ഫാദർ ആലപ്പാട്ട് 'പൂവിതൾ പൊഴിയുമ്പോൾ' എന്ന രക്തദാന ഡോക്യുമെന്ററിയുടെ കഥാസംവിധാനം നിർവ്വഹിച്ചിട്ടുണ്ട്. തൃശൂർ അതിരൂപത വികാരി ജനറൽ, *ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ, സാന്ത്വനം ചെയർമാൻ, സത്സംഗ് രക്ഷാധികാരി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

കൃതികൾ : വിവാഹ വേദിയിലേക്ക്, ഇലഞ്ഞിപ്പൂമണമൊഴുകി വരുന്നൂ, ദൈവവചനം–ധ്യാനിക്കാനും ജീവിക്കാനും, സുഭാഷിതങ്ങൾ ചിന്താദളങ്ങൾ, രാഘവാ കൃഷ്ണാ.



*ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശൂർ



WRITER & SOCIAL ACTIVIST

Balachandran Vadakkedath

## ബാലചന്ദ്രൻ വടക്കേടത്ത്

85

സാഹിത്യനിരൂപകനും പ്രഭാഷകനുമായ ബാലചന്ദ്രൻ വടക്കേടത്തിന്റെ ആദ്യകാല സാഹിത്യ, പ്രഭാഷണ കളരി അദ്ദേഹം ഡിഗ്രിക്കു പഠിച്ച തൃശൂർ സെന്റ് തോമസ് കോളേജായിരുന്നു. 1955 ൽ നാട്ടികയിലാണു ജനനം. *കേരളകലാമണ്ഡലം സെക്രട്ടറിയായും സാഹിത്യ പരിഷത്ത് നിർവാഹക സമിതി അംഗമായും പ്രവർത്തിച്ചു.

പ്രധാന കൃതികൾ: വാക്കിന്റെ സൗന്ദര്യശാസ്ത്രം, മരണവും സൗന്ദര്യവും, നിഷേധത്തിന്റെ കല, ഉത്തരസംവേദനം, വായനയുടെ ഉപനിഷത്ത്, അർത്ഥങ്ങളുടെ കലഹം, പുതിയ ഇടതുപക്ഷം, പുരോഗമന പാഠങ്ങൾ, ആധുനികതക്കും ഉത്തരാധുനികതയ്ക്കും ഇടയിൽ, പ്രത്യവമർശം, ആനന്ദമീമാംസ, കുട്ടിവായന.

പുരസ്കാരങ്ങൾ: രാജരവിവർമപുരസ്കാരം, കുറ്റിപ്പുഴ അവാർഡ്, ഫാ. അബ്രഹാം വടക്കേൽ അവാർഡ്, കാവ്യമണ്ഡലം അവാർഡ്, ഗുരുദർശന അവാർഡ്.



*കലാമണ്ഡലം, തൃശൂർ



## WRITER

V.G Thambi

### പ്രൊഫ. വി.ജി. തമ്പി

86

**ക**വി, നിരൂപകൻ, സംവിധായകൻ, യാത്രികൻ എന്നീ നിലകളിൽ പ്രസിദ്ധനാണ്. തൃശൂർ സെന്റ് തോമസ് കോളേജിൽ 1975–78 ൽ ബി.എ. ഇക്കണോമിക്സ് വിദ്യാർഥിയായിരുന്നു വി.ജി. തമ്പി. 'തച്ചനറിയാത്ത മരം', 'ഹവ്വ മുലപ്പാൽ കുടിക്കുന്നു', 'നഗ്നൻ' (കാവ്യസമാഹാരം) 'ആത്മവിദ്യാലയം', 'സൗഹൃദത്തിന്റെ ഒറ്റമരക്കാട്' (ഓർമ്മ), 'നിശബ്ദനായിരിക്കാൻ അവകാശമുണ്ട്', 'ആയിരം ചിറകുള്ള പക്ഷി' (ലേഖനങ്ങൾ), 'യൂറോപ്', 'ആത്മചിഹ്നങ്ങൾ' (യാത്ര); ക്ലാസിക്കുകളും നവഭാവുകത്വവും, നിത്യചൈതന്യയതി: അനുരാഗപർവം (ജനറൽ എഡിറ്റർ) Suckling Eve ഇംഗ്ലീഷ് പരിഭാഷ. എന്നിവയാണ് പ്രധാന കൃതികൾ.

വെറോനിക്ക ഓഫ് ദ പാഷൻ, കളേഴ്സ് ഓഫ് ദ സോൾ, മദർ മറിയം ത്രേസ്യ, നഗര വെളിച്ചം, സക്രാരിയച്ചൻ, തരിശുനിലം തുടങ്ങി 15 ഹ്രസ്വചിത്രങ്ങൾ സംവിധാനം ചെയ്തു. രസന, കനൽ, പാഠഭേദം എന്നീ സമാന്തര പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായിരുന്നു. ശ്രദ്ധ ഓൺലൈൻ മാസികയുടെ എഡിറ്റർറും എഴുത്തു മാസികയുടെ ചീഫ് എഡിറ്ററുമാണ്. വാഗർത്ഥം എന്ന ശീർഷകത്തൽ ജീവൻ ടെലിവിഷൻ സംപ്രേഷണം ചെയ്ത സാഹിത്യ ദൃശ്യാഖ്യാന പരമ്പര സംവിധാനം ചെയ്തു.

തൃശൂർ *കേരളവർമ കോളജിൽ മലയാള വിഭാഗം അദ്ധ്യാപകനായിരുന്നു. കൊടകര സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ ലാംഗേജ് ആൻഡ് ലിറ്ററേച്ചർ ഡീൻ ആണ്. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയിട്ടുണ്ട്.




*ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ*



## WRITER - FILM CRITIC

Prof. I. Shanmughadas

**പ്രൊഫ. ഐ. ഷൺമുഖദാസ്**

87

പ്രശസ്ത സിനിമാ നിരൂപകനും ഗ്രന്ഥകാരനുമായ പ്രഫ. ഐ. ഷൺമുഖദാസ് തൃശൂർ സെന്റ് തോമസ് കോളേജിലാണ് പ്രീഡിഗ്രി മുതൽ എംഎ വരെ പഠിച്ചത്. 1970 മുതൽ 1977 വരെ സെന്റ് തോമസ് കോളേജിൽ പഠിച്ച ഷൺമുഖദാസ് 1974– 75 ലെ കോളജ് മാഗസിൻ എഡിറ്ററായിരുന്നു.

പ്രീഡിഗ്രിക്ക് ഫസ്റ്റ് ഗ്രൂപ്പും, ഡിഗ്രിക്കു ഡബിൾ മെയിനായി ഇംഗ്ലീഷും ഹിസ്റ്ററിയും, പി.ജി ക്ക് ഇംഗ്ലീഷ് ഭാഷാസാഹിത്യവുമാണു പഠിച്ചത്. തുടർന്നു സർക്കാർ കോളജിൽ അധ്യാപകനായി. കുട്ടനെല്ലൂർ സി. അച്യുതമേനോൻ ഗവൺമെന്റ് കോളേജ് ഇംഗ്ലീഷ് വകുപ്പ് അദ്ധ്യക്ഷനായി വിരമിച്ചു.

1999 ൽ മികച്ച ചലച്ചിത്ര നിരൂപകനുള്ള ദേശീയ അവാർഡ് നേടിയിട്ടുണ്ട്. 1996 ൽ സത്യജിത് റായിയെ കുറിച്ചുള്ള പുസ്തകത്തിന് സംസ്ഥാന അവാർഡ്, 2008 ൽ ഗോർദാർദിനെക്കുറിച്ചുള്ള പുസ്തകത്തിന് കേരള സാഹിത്യ അക്കാദമിയുടെ ജി.എൻ പിള്ള എൻഡോവ്മെന്റ് പുരസ്കാരം, 2012 ൽ ‘ശരീരം, നദി, നക്ഷത്രം‘ എന്ന പുസ്തകത്തിന് കേരളസാഹിത്യ അക്കാദമിയുടെ ’വിലാസിനി’ പുരസ്കാരം, ‘സിനിമയും ചില സംവിധായകരും‘ എന്ന പുസ്തകത്തിന് കോഴിക്കോടൻ പുരസ്കാരം, 2013 ൽ എം.ടി. യുടെ ’നിർമ്മാല്യ’ത്തെ കുറിച്ചുള്ള ‘ദൈവനർത്തകന്റെ ക്രോധം‘ എന്ന ലേഖനത്തിന് മികച്ച ചലചിത്രലേഖനത്തിനുള്ള കേരള സംസ്ഥാന അവാർഡ് എന്നിവ നേടി.

എട്ടു പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. മലകളിൽ മഞ്ഞുപെയ്യുന്നു, സിനിമയുടെ വഴിയിൽ, സഞ്ചാരിയുടെ വീട് , ആരാണ് ബുദ്ധനല്ലാത്തത്, ഗോദാർദ് : കോളയ്ക്കും മാർക്സിനും നടുവിൽ, പി. രാമദാസ് : വിദ്യാർത്ഥിയുടെ വഴി, സിനിമയും ചില സംവിധായകരും എന്നിവയാണ് സിനിമസംബന്ധമായ പ്രസിദ്ധീകരണങ്ങൾ. അരുന്ധതി റോയിയുടെ ‘ദ ഗോഡ് ഓഫ് സ്മോൾ തിംഗ്സ് ‘എന്ന വിഖ്യാതമായ നോവലിനെ കുറിച്ചുള്ള പഠനമാണ് ‘ശരീരം, നദി, നക്ഷത്രം’ എന്ന പുസ്തകം.





അനേകം അർബുദ ബാധിതർക്ക് താങ്ങും തണലുമായ * തിരുവനന്തപുരം ആർ.സി.സി ഡയറക്ടറായിരുന്ന ഡോ.കെ. രാമദാസ് സെന്റ് തോമസ് കോളജിലെ പൂർവ വിദ്യാർഥിയാണ്.

## SOCIAL ACTIVIST

Dr. K. Ramdas

**ഡോ. കെ. രാമദാസ്**

**88**

ഹെഡ്–നെക് ഓങ്കോളജി ആൻഡ് എപ്പിഡെമിയോളജിയിലാണ് അദ്ദേഹത്തിന്റെ സ്പെഷ്യലൈസേഷൻ. ആർ.സി.സിയിൽ ഇപ്പോൾ റേഡിയേഷൻ ഓങ്കോളജി വകുപ്പ് മേധാവിയാണ്. 2018 ഒക്ടോബർ വരെ ഒമ്പതു വർഷം ആർ.സി.സിയിൽ അഡീഷണൽ ഡയറക്ടറായി. 90 ൽ പരം പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. വിവിധ പാഠപുസ്തകങ്ങളിൽ 18 അദ്ധ്യായങ്ങൾ ഇദ്ദേഹത്തിന്റെതായുണ്ട്.

കാൻസർ രോഗബാധ തടയുന്നതിനുള്ള പ്രവർത്തനം പരിഗണിച്ചു സംസ്ഥാന സർക്കാർ 2006 ൽ ഇദ്ദേഹത്തിനു മികച്ച ഡോക്ടർ പുരസ്കാരം സമ്മാനിച്ചു. 2007 ൽ സീനിയർ റിസർച്ചർമാർക്കുള്ള ലോകാരോഗ്യസംഘടനയുടെ വിസിറ്റിംഗ് സയന്റിസ്റ്റ് അവാർഡ് നേടി. 2011 ൽ കാൻസർ ചികിത്സക്കും റിസർച്ചിനുമുള്ള വേറിട്ട പ്രവർത്തനങ്ങൾക്കു നൽകുന്ന അവാർഡു സമ്മാനിച്ചു. 2012 ൽ കാൻസർ റിസർച്ചിനുള്ള അമേരികെയർ ഇന്ത്യയുടെ സ്പിരിറ്റേഴ്സ് ഓഫ് ഹ്യൂമൻ അവാർഡും നേടി. കേരള യൂണിവേഴ്സിറ്റി 2013 ൽ ഡോക്റ്ററേറ്റ് ബിരുദം നൽകി.



** റീജയണൽ ക്യാൻസർ സെന്റർ ടീമിനൊപ്പം*



## SOCIAL ACTIVIST

Captian Dr.George Varghese

### ക്യാപ്റ്റൻ ഡോ. ജോർജ് വർഗീസ്

**89**

**ക്യാപ്റ്റൻ** എന്നു പൊതുവെ അറിയപ്പെടുന്ന ഡോ. ജോർജ്ജ് വർഗീസ് 1960–63 കാലഘട്ടത്തിൽ തൃശൂർ സെന്റ് തോമസ് കോളേജിൽ ബിരുദ വിദ്യാർത്ഥിയായിരുന്നു. 1940–ൽ ഏപ്രിൽ 29 ന് തൃശൂരിൽ നെടുപുഴയിലാണു ജനനം. 1968ൽ മംഗലാപുരം കസ്തൂർബ മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ് നേടി. മെഡിക്കൽ കോളേജ് വോളിബോൾ ടീം ക്യാപ്റ്റനായിരുന്നു. മൈസൂർ യൂണിവേഴ്സിറ്റി ഇന്റർ കൊളീജിയറ്റ് ടൂർണമെന്റിലും വെയ്റ്റ് ലിഫ്റ്റിംഗിലും ചാമ്പ്യനായിരുന്നു.

1969 ൽ ആർമി മെഡിക്കൽ കോറിൽ ഹ്രസ്വകാല കമ്മീഷൻഡ് ഓഫീസറായി. 1971 ലെ ഇൻഡോ–പാക് യുദ്ധത്തിൽ പങ്കെടുത്തു. 1974ൽ ആർമിയിൽ നിന്നു വിരമിച്ചശേഷം കേരള ഗവൺമെന്റ് ആരോഗ്യ മേഖലയിൽ സേവനം ചെയ്തു. 1995ൽ കേരള ഗവൺമെന്റ് സർവീസിൽനിന്നു വിരമിച്ചു. കേരള മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷന്റെ വൈസ് പ്രസിഡന്റ്, തൃശൂർ ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഐ.എം.എ തൃശൂർ ബ്രാഞ്ചിന്റെ പ്രസിഡന്റായിരുന്നു. എട്ടു തവണ സംസ്ഥാന സാമൂഹ്യസുരക്ഷ സ്കീം അവാർഡ് നേടി. തൃശൂർ രാമവർമ്മപുരത്തെ *ഐ.എം.എ ബ്ലഡ് ബാങ്ക് കോംപ്ലക്സ് ഡയറക്ടറായിരുന്നു. ദീർഘകാലം തൃശൂർ സെന്റ് തോമസ് കോളേജ് പൂർവ വിദ്യാർത്ഥി സംഘടനയുടെ പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. ഐ.എം.എയുടെ കേരളത്തിലെ ഏറ്റവും മികച്ച 'ഫാമിലി ഡോക്ടർ' എന്ന അവാർഡ് നേടിയിട്ടുണ്ട്.



** ഐ.എം.എ ബ്ലഡ് ബാങ്ക്, രാമവർമ്മപുരം. തൃശൂർ*

## ENTREPRENEUR

Kochouseph Chittilappilly

**കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി**

**90**



വിഗാർഡ് ഇന്റസ്ട്രീസ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും കൊച്ചിയിൽ വീഗാലാന്റ്, ബാഗ്ലൂരിൽ വണ്ടർലാ എന്നീ അമ്യൂസ്മെന്റ് പാർക്കുകളുടെ സ്ഥാപകനുമായ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഭൗതികശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയത് 1970ൽ തൃശൂർ സെന്റ് തോമസ് കോളജിൽ നിന്നാണ്. തൃശൂർ പറപ്പൂർ സ്വദേശിയായ ഇദ്ദേഹം ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ചത് *സെന്റ് ജോൺസ് ഹൈസ്കൂളിലാണ്.

ഇലക്ട്രോണിക് സ്റ്റബിലൈസറുകൾ നിർമിക്കുന്ന ടെലിക്സ് എന്ന കമ്പനിയിൽ സൂപ്പർവൈസർ ആയാണ് കൊച്ചൗസേപ്പ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 1977 ൽ പിതാവിൽ നിന്നു കടം വാങ്ങിയ ഒരു ലക്ഷം രൂപയുമായി ഇലക്ട്രോണിക് സ്റ്റബിലൈസറുകൾ നിർമിച്ച് വിപണനം ചെയ്യുന്നതിനായി ഒരു ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിച്ചു. അക്കാലത്ത് കേരളത്തിൽ ആരംഭിച്ച ടെലിവിഷൻ തരംഗവും കടുത്ത വോൾട്ടേജ് ക്ഷാമവും സ്റ്റബിലൈസറുകൾക്കു മികച്ച വിപണി നേടിക്കൊടുത്തു. രണ്ടു തൊഴിലാളികളുമായി തുടങ്ങിയ വി-ഗാർഡ് ഇന്റസ്ട്രീസിൽ ഇന്ന് രണ്ടായിരത്തിലേറെ തൊഴിലാളികളുണ്ട്. 300 കോടിയിലധികം വിറ്റുവരവുമുള്ള കമ്പനിയായി വളർന്നു. ഇലക്ട്രോണിക് സ്റ്റബിലൈസറുകൾക്ക് പുറമെ ഇലക്ട്രിക് പമ്പ്, വാട്ടർ ഹീറ്ററുകൾ, കേബിളുകൾ, യു.പി.എസ്, ഫാനുകൾ തുടങ്ങിയവയും കമ്പനി ഉൽപാദിപ്പിക്കുന്നു. ഇന്ത്യൻ ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്ത പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്.

കേരളത്തിൽ ചുമട്ടുതൊഴിലാളികളുടെ നോക്കുകൂലി നിരോധിക്കാൻ വഴിയൊരുക്കിയ ഇടപെടൽ നടത്തിയ അദ്ദേഹം സ്വന്തം വൃക്ക ദാനം ചെയ്തും ജീവകാരുണ്യ സേവനങ്ങൾ ചെയ്തും ശ്രദ്ധേയനാണ്. ഏതാനും പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുമുണ്ട്.




* സെന്റ് ജോൺസ് ഹൈസ്കൂൾ, പറപ്പൂർ



## ENTREPRENEUR

Padma Shri C.K. Menon

## പത്മ ശ്രീ സി.കെ. മേനോൻ

**91**

രാജ്യാന്തര വ്യവസായിയായിരുന്ന പത്മ ശ്രീ അഡ്വ. സി.കെ. മേനോന്റെ പ്രീഡിഗ്രി വിദ്യാഭ്യാസം സെന്റ് തോമസ് കോളേജിലായിരുന്നു. ചേരിൽ കൃഷ്ണമേനോൻ എന്ന സി.കെ. മേനോൻ 35 വർഷമായി ഇന്ത്യയിലെ അറിയപ്പെടുന്ന പ്രവാസി വ്യവസായിയായിരുന്നു.

പെട്രോളിയം ഉൽപന്നങ്ങൾ ഉൾപ്പെടെയുള്ള ആഗോള ഇന്ധന വിപണിയിലെ അറിയപ്പെടുന്ന പ്രസ്ഥാനമായ ബെഹ്സാദ് ഗ്രൂപ്പിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്നു. ദോഹയാണ് ആസ്ഥാനം. ഗൾഫ് രാജ്യങ്ങൾ, യുണൈറ്റഡ് കിംഗ്ഡം, സുഡാൻ, അമേരിക്ക എന്നിവിടങ്ങളിൽ അദ്ദേഹത്തിന്റെ വ്യവസായ സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിക്കുന്നു. സ്റ്റീൽ ഉൽപാദനം, എൻജിനിയറിംഗ് യന്ത്രോപകരണങ്ങൾ, കാറുകളുടെ ഘടകങ്ങൾ തുടങ്ങിയവയുടെ വിപണന മേഖലയിലും ബിസിനസ് ശൃംഖലയുണ്ട്.

വരുമാനത്തിന്റെ വലിയൊരു ഭാഗവും അനേകായിരങ്ങൾക്കും അനേകം പ്രസ്ഥാനങ്ങൾക്കും ജീവകാരുണ്യ സഹായമായി നൽകുന്ന മഹാമനസ്കനായിരുന്നു. അദ്ദേഹത്തിന്റെ സേവനങ്ങൾക്കുള്ള അംഗീകാരമായി *രാജ്യം 2009ൽ പത്മ ശ്രീ പുരസ്കാരം നൽകി ആദരിച്ചു. പ്രവാസി ഭാരതീയ സമ്മാൻ നേടിയിട്ടുണ്ട്.

തൃശൂരിൽ പുളിയാംകോട്ട് നാരായണൻ നായരുടേയും ചേരിൽ കാർത്ത്യായനി അമ്മയുടേയും മകനായി 1949 ൽ ജനിച്ചു. ജബൽപൂരിൽ നിന്നാണ് നിയമബിരുദം നേടിയത്. രണ്ടു വർഷം കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്തശേഷമാണ് വിദേശത്തു പോയി സംരംഭങ്ങൾ ആരംഭിച്ചത്.

2019 സെപ്റ്റംബറിൽ നിര്യാതനായി.

** 2009 മാർച്ച് 31 ന് മികച്ച സാമൂഹ്യ പ്രവർത്തകനുള്ള പത്മ ശ്രീ പുരസ്കാരം മുൻ രാഷ്ട്രപതി പ്രതിഭാ പട്ടേലിൽനിന്നും ശ്രീ. സി.കെ മേനോൻ സ്വീകരിക്കുന്നു.*



## ENTREPRENEUR

V.P. Nandakumar

# വി.പി. നന്ദകുമാർ

**92**



മണപ്പുറം ഫിനാൻസിന്റെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ വി.പി. നന്ദകുമാർ സെന്റ് തോമസ് കോളേജിലെ സയൻസ് ബിരുദ വിദ്യാർത്ഥിയായിരുന്നു.

ബാങ്ക് ഓഫീസറായി സേവനം ആരംഭിച്ച നന്ദകുമാർ, ജോലി രാജിവച്ചാണ് 1986–ൽ പിതാവ് വി.സി. പത്മനാഭൻ നടത്തിയിരുന്ന ബിസിനസ് ഏറ്റെടുത്തത്. ഇപ്പോൾ ഇന്ത്യയിലെത്തന്നെ മുൻനിര ബാങ്കിതര ധനകാര്യ സ്ഥാപനമാണ് മണപ്പുറം ഗ്രൂപ്പ്. 28 സംസ്ഥാനങ്ങളിലായി 4,260 ശാഖകളും ഇരുപത്തയ്യായിരത്തിലേറെ ജീവനക്കാരും 17,000 കോടി രൂപയുടെ ബിസിനസുമുണ്ട്.

ഓഹരി വിപണിയിൽ മികച്ച പ്രീമിയം നേട്ടങ്ങളുണ്ടാക്കുന്ന കമ്പനിയാണ് മണപ്പുറം. തീരപ്രദേശത്തെ ജനങ്ങൾക്കു സൗജന്യ ചികിൽസ ഉറപ്പാക്കുന്ന ഇൻഷ്വറൻസ് പരിരക്ഷ, വിദ്യാഭ്യാസ സഹായം തുടങ്ങിയ പദ്ധതികൾ * മണപ്പുറം ഗ്രൂപ്പിന്റെ സാമൂഹ്യ സേവനങ്ങളുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്.

1954 ൽ ജനിച്ച നന്ദകുമാർ സയൻസിൽ ബിരുദാനന്തര ബിരുദവും ബാങ്കിംഗ് ആൻഡ് ഫോറിൻ ട്രേഡിൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും നേടി. ഐ.ഐ.എം ബംഗളൂരുവിലും ഹൈദരാബാദിലും ചീഫ് എക്സിക്യൂട്ടീവ്മാർക്കു നടത്തിയ മാനേജുമെന്റ് ഡവലപ്മെന്റ് പ്രോഗ്രാമുകളിലും ഫിലാഡൽഫിയയിൽ വാർട്ടൺ ബിസിനസ് സ്കൂൾ നടത്തിയ ഗ്ലോബൽ സ്ട്രാറ്റജിക് ലീഡർഷിപ്പ് പ്രോഗാമിലും പങ്കെടുത്തിട്ടുണ്ട്.




** മണപ്പുറം ഫിനാൻസി ലിമിറ്റഡ്–ഹെഡ് ഓഫീസ്, വലപ്പാട്*



## ENTREPRENEUR

M.P Ramachandran

**എം.പി. രാമചന്ദ്രൻ**

93

**ഉജാല** അടക്കമുള്ള ഉൽപന്നങ്ങളിലൂടെ വസ്ത്രങ്ങൾക്കു വെൺമയും ശുദ്ധിയും വടിവും നൽകുന്ന *ജ്യോതി ലബോറട്ടറീസിന്റെ സ്ഥാപകനും ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എം.പി. രാമചന്ദ്രൻ സെന്റ് തോമസ് കോളേജിൽ നിന്നാണു ബിരുദം നേടിയത്.

തൃശൂർ ജില്ലയിലെ കണ്ടാണശേരിയിലാണു ജനനം. ജോലി അന്വേഷിച്ചു മുംബൈയിൽ എത്തിയ രാമചന്ദ്രൻ ഏതാനും വർഷം അവിടെ ജോലി ചെയ്തു. 1983–ലാണ് ജ്യോതി ലബോറട്ടറീസ് എന്ന പേരിൽ ഉജാല പുറത്തിറക്കിയത്. വെള്ളവസ്ത്രങ്ങൾക്കു ശോഭ വർദ്ധിപ്പിക്കാൻ നീലം എന്ന രാസവസ്തു മാത്രം നിലവിലിരുന്ന കാലത്ത് വിപണിയിൽ എത്തിച്ച ഉജാലയ്ക്ക് അവിശ്വസനീയമായ സ്വീകരണമാണ് ലഭിച്ചത്. വെറും അയ്യായിരം രൂപയുടെ നിക്ഷേപവുമായി ആരംഭിച്ച സ്ഥാപനത്തിൽ ഇപ്പോൾ അയ്യായിരത്തിലേറെ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. സോപ്പ്, സോപ്പുപൊടി, വസ്ത്രങ്ങൾ വടിവൊത്തു നിലനിർത്തുന്ന സ്റ്റാർച്ച് ഇനങ്ങൾ തുടങ്ങിയ ഉൽപന്നങ്ങളുമായി ജ്യോതി ലാബ് ഇന്ന് ആഗോള പ്രശസ്തമായ സ്ഥാപനമാണ്.




**ഹെഡ് ഓഫീസ്, ജ്യോതി ലബോറട്ടറീസ് ലിമിറ്റഡ്*

## DRAMA

Dr. C.K Thomas

**ഡോ. സി.കെ. തോമസ്**

**94**



പ്രമുഖ നാടക സംവിധായകനും * ദൂരദർശൻ തൃശൂർ കേന്ദ്രം മുൻ ഡയറക്ടറുമായ ഡോ.സി.കെ.തോമസ് തൃശൂർ സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർത്ഥിയാണ്. രാജ്യത്തെ പ്രമുഖ ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് പ്രോഗ്രാം ഓഫീസറും അനേകം ടെലിവിഷൻ പരിപാടികളുടെ നിർമാതാവുമാണ്. മൂന്ന് ദശകത്തോളം ഗാന്ധിയൻ ചിന്തകൾ സിനിമ, ടെലിവിഷൻ, നാടകമാധ്യമങ്ങളിലൂടെ പ്രേഷകരിലെത്തിച്ചു.

അദ്ദേഹം നടത്തിയ ഗവേഷണമാണ് മുടിയാട്ടം കലയ്ക്ക് കേരളത്തിന്റെ പാരമ്പര്യ കലയെന്നു യുനെസ്കോയുടെ അംഗീകാരം നേടി കൊടുത്തത്. തിയേറ്റർ കലയിൽ നാൽപതിലേറെ വർഷത്തെ അനുഭവസമ്പത്തുണ്ട്. ആഗോളതലത്തിൽ ഇരുപതിലേറെ പ്രശസ്ത സംവിധായകരൊടൊത്ത് പ്രവർ ത്തിച്ചിട്ടുണ്ട്. അദ്ദേഹം സംവിധാനം ചെയ്ത 'ആ മനുഷ്യൻ നീ തന്നെ', 'എക്ച്ചേ ഹോമോ', 'ഒഥെല്ലോ' തുടങ്ങിയവ ഇന്ത്യൻ നാടകരംഗത്തെ മറക്കാനാവാത്ത സംഭാവനകളാണ്.

ഡൽഹി നാഷനൽ സ്കൂൾ ഓഫ് ഡ്രാമ, ഏഷ്യൻ തിയറ്റർ ഇൻസ്റ്റിറ്റ്യൂട്ട്, പൂനെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എന്നിവിടങ്ങളിലായിരുന്നു കലാരംഗത്തെ ഉപരിപഠനം. കേരള സംഗീതനാടക അക്കാദമി അവാർഡ്, പുഴങ്കര ബാലനാരായണൻ സ്മാരക മീഡിയ അവാർഡ്, തൃശൂർ രൂപത മേരിവിജയം മാധ്യമ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ നേടി. 2010–17ൽ തൃശൂർ കലാസദന്റെ പ്രസിഡന്റായിരുന്നു. 'ഒരിക്കൽ' എന്ന ഷോട്ട് ഫിലിം സംവിധാനം ചെയ്തു. റിച്ചാർഡ് ആറ്റംബെറോയുടെ ഗാന്ധി ഫിലിമിന്റെ അസിസ്റ്റന്റ് പ്രൊഡക്ഷൻ ടീമിലുണ്ടായിരുന്നു. തുടർച്ചയായി 10 വർഷം 'ഗാന്ധി ദർശൻ' എന്ന പ്രതിവാര ടെലിവിഷൻ പരിപാടി അവതരിപ്പിച്ചു.

കാലിക്കറ്റ് സർവകലാശാല സ്കൂൾ ഓഫ് ഡ്രാമ, പോണ്ടിച്ചേരി യൂണിവേഴ്സിറ്റി, പൂനെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ അദ്ധ്യാപകനായിരുന്നു. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ഹലോ റേഡിയോ 1990–2008 ഡയറക്ടറും ഉപദേശകനുമാണ്. ഹിന്ദിയിലും, മലയാളത്തിലും നിരവധി പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. കോളജിന്റെ പൂർവ വിദ്യാർത്ഥി സംഘടനയുടെ പ്രസിഡന്റായിരുന്നു. ഗാന്ധിജിയുടെ ജീവ ചരിത്രത്തെ ആസ്പദമാക്കി തയ്യാറാക്കി ഉടൻ പ്രദർശനത്തിനെത്തുന്ന 'ആത്മ വിദ്യാലയം' എന്ന ഫീച്ചർ ഫിലിമിന്റെ നിർമ്മാതാവും സംവിധായകനുമാണ് ഇദ്ദേഹം.




** ദൂരദർശൻ കേന്ദ്രം, തൃശൂർ*



## FILM DIRECTOR

Hariharan

**ഹരിഹരൻ**


95


പ്രശസ്ത സിനിമാ സംവിധായകനായ ഹരിഹരൻ സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർഥിയാണ്.

1973 ൽ ലേഡിസ് ഹോസ്റ്റൽ എന്ന സിനിമയിലൂടെയാണ് ഹരിഹരൻ സിനിമ വ്യവസായ രംഗത്ത് ഹരിശ്രീ കുറിക്കുന്നത്.

പ്രേംനസീർ, മധു, ജയൻ, ഷീല എന്നീ പ്രശസ്തരായ നടീനടൻമാർ ഹരിഹരന്റെ സിനിമയിൽ സജീവസാന്നിദ്ധ്യമായിരുന്നു. വളർത്തുമൃഗങ്ങൾ, പഞ്ചാഗ്നി, നഖക്ഷതങ്ങൾ, ഒരുവടക്കൻ വീരഗാഥ, സർഗ്ഗം, പരിണയം, എന്ന് സ്വന്തം ജാനകികുട്ടി എന്നീ സിനിമകൾ ദേശീയ ഫിലിം ഫെസ്റ്റിവലിന്റെ പനോരമയിൽ പങ്കെടുത്തു. സർഗ്ഗം നല്ല സംവിധായകനുള്ള സംസ്ഥാന അവാർഡും ജനപ്രിയ സിനിമയ്ക്ക് ദേശീയഫിലിം അവാർഡും സ്വന്തമാക്കി. പരിണയം ലോകത്തിന്റെ വിവിധരാജ്യങ്ങളിൽ ഏഴ് ഫിലിം ഫെസ്റ്റിവെല്ലിൽ പങ്കെടുത്തിട്ടുണ്ട്.

ഹരിഹരൻ – എം.ടി. കൂട്ടുകെട്ടിൽ പിറന്ന *'ഒരു വടക്കൻ വീരഗാഥ' എന്ന ചരിത്ര സിനിമ – 1989ൽ ജനപ്രിയ സിനിമയ്ക്കുള്ള സംസ്ഥാന ഫിലിം അവാർഡ് സ്വന്തമാക്കി. ഏറ്റവും നല്ല ജനപ്രിയ സിനിമക്കുള്ള അവാർഡ് പഴശ്ശിരാജ നേടിയിട്ടുണ്ട്. പഴശ്ശിരാജക്കും പരിണയത്തിനും നല്ല സംവിധായകനുള്ള ഫിലിം ഫെയർ അവാർഡ് ലഭിച്ചിട്ടുണ്ട്.





## FILM DIRECTOR

K.R. Mohanan

**കെ. ആർ മോഹനൻ**

96

ജീവിക്കുന്ന കെ.ആർ മോഹനൻ എന്ന സംസ്ഥാന ചലചിത്ര വികസന കോർപറേഷനിലെ ഫിലിം ഓഫീസർ.

1963 ൽ സെന്റ് തോമസ് കോളേജിൽ പ്രീ യൂണിവേഴ്സിറ്റി അവസാന ബാച്ചിലെ വിദ്യാർഥിയായിരുന്നു. 1964ൽ കോളേജിലെ ബി.എസ്.സി സുവോളജി വിദ്യാർഥിയായി. 1968ൽ ബിരുദം പൂർത്തിയാക്കി. സിനിമാ സംവിധാനം പഠിക്കാൻ *പൂനെയിൽ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് ഡിപ്ലോമ നേടി. 'ചെണ്ട' എന്ന സിനിമയുടെ സഹസംവിധായകനായി. 1976ൽ കേരള സംസ്ഥാന ചലചിത്ര വികസന കോർപറേഷനിൽ ഉദ്യോഗസ്ഥനായി ചേർന്നു.

ഇരുപത്തഞ്ചോളം ഡോക്യുമെന്ററികൾ തിരകഥയെഴുതി സംവിധാനം ചെയ്തു. സംസ്ഥാന, ദേശീയതലത്തിൽ പുരസ്കാരം നേടി. ഏറ്റവും നല്ല മലയാളചലചിത്രത്തിനുള്ള ദേശീയ, സംസ്ഥാന അവാർഡുകൾ നേടി.

**സെന്റ്** തോമസ് കലാലയത്തിൽ നിന്നുയർന്ന കലാകാരനാണു അഭിനേതാവും സംവിധായകുനുമായ കെ.ആർ. മോഹനൻ.

സെന്റ് തോമസ് കോളേജിലെ പഴയ കോസ്മോപൊളിറ്റൻ ഹോസ്റ്റലിൽ അഭിനയം പയറ്റിയ പഴയ കോസ്മോ മോഹനനാണ് ഇന്ന് അഭിനയത്തിനുവേണ്ടി




* ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ, പൂനെ



## FILM-SCRIPT WRITER £ DIRECTOR

Ranjith Sankar

**രഞ്ജിത് ശങ്കർ**

**97**

**ആ**ധുനിക മലയാളസിനിമയുടെ യുവതാരം രഞ്ജിത് ശങ്കർ തിരക്കഥാ കൃത്ത്, നിർമാതാവ്, സംവിധായകൻ എന്നീ നിലകളിൽ മലയാളികളുടെ മനം കവർന്നു. സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രി വിദ്യാർഥിയായിരുന്നപ്പോൾ മെഡ്‌ലിക്കോട്ട് ഹാളിലാണ് രഞ്ജിത്തിന്റെ മനസിൽ സിനിമയുടെ വിത്തു വീണത്.

2009–ൽ പ്രേക്ഷകമനസിൽ ഇടം നേടിയ 'പാസഞ്ചർ' എന്ന സിനിമയുടെ തിരക്കഥാകൃത്തും സംവിധായകനുമായാണ് രഞ്ജിത് സിനിമാരംഗത്തേക്ക് കടന്നു വന്നത്. ആദ്യസിനിമയ്ക്കു തന്നെ സംസ്ഥാന സർക്കാരിന്റെ നവസംവിധായകനുള്ള അവാർഡു നേടി. സാമൂഹിക അർപ്പണ സിനിമക്കുള്ള അവാർഡും *'പാസഞ്ചർ' കരസ്ഥമാക്കി.

'അർജുനൻ സാക്ഷി', 'മോളി ആന്റി റോക്സ്', 'പുണ്യാളൻ അഗർബത്തീസ്', 'വർഷം', 'സൂ...സൂ... സുധിവാത്മീകം', 'പ്രേതം', 'രാമന്റെ ഏദേൻത്തോട്ടം', 'പുണ്യവാളൻ പ്രൈവറ്റ് ലിമിറ്റഡ്', 'ഞാൻ മേരികുട്ടി', 'പ്രേതം –2', തുടങ്ങിയവയെല്ലാം ഹിറ്റു ചിത്രങ്ങളായി.

*'പാസഞ്ചർ' സിനിമയുടെ സ്ക്രീൻ പ്ലേക്ക് ഏഷ്യനെറ്റ് ഫിലിം അവാർഡ്, ലോകമലയാളി കൗൺസിലിന്റെ കൈരളി അവാർഡ് എന്നിവ ലഭിച്ചു. കോതമംഗലം എം.എ കോളേജ് ഓഫ് എൻജിനിയറിംഗിൽ നിന്നു ബി.ടെക് ബിരുദം നേടിയിട്ടുണ്ട്.





## FILM-MUSIC DIRECTOR

### Johnson Master
### ജോൺസൺ മാസ്റ്റർ

**98**

പ്രശസ്ത സംഗീത സംവിധായകനായ ജോൺസൺ മാസ്റ്റർ, സെന്റ് തോമസ് കോളേജിലെ വേദികളിലൂടെ സംഗീതലോകത്തു ചുവടുറപ്പിച്ച പ്രതിഭയാണ്.

കോളജിൽ ജോൺസനും ഔസേപ്പച്ചനും ആറ്റ്ലിയും പോൾസൻ മാസ്റ്ററും ചേർന്ന സംഗീതസദസ് ഏറെ സമ്പന്നമായിരുന്നു. നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലെ ഗായകസംഘത്തിലൂടെയാണ് സംഗീതത്തിന്റെ ആദ്യക്ഷരങ്ങൾ കുറിച്ചത്. ശാസ്ത്രീയസംഗീതം പഠിച്ചിട്ടില്ലാത്ത ജോൺസൺ പഠനകാലത്തുതന്നെ ആകാശവാണിയിലൂടെ ലളിതഗാനങ്ങളും നാടകഗാനങ്ങളും എഴുതി ചിട്ടപ്പെടുത്തിയിരുന്നു. 'വോയ്സ് ഓഫ് തൃശൂരി'ലൂടെ ദേവരാജൻ മാസ്റ്ററുമായുള്ള ബന്ധം ജോൺസനെ സിനിമാരംഗത്തെത്തിച്ചു. 1978 ൽ ഭരതന്റെ 'ആരവം' സിനിമയിലൂടെ സിനിമാരംഗത്ത് എത്തി. ഇരുപത്തഞ്ചാം വയസിൽ 'ഇണയെതേടി' എന്ന ചിത്രത്തിലൂടെ സംഗീതസംവിധായകനായി. മലയാളം, തമിഴ്, ഹിന്ദി (പശ്ചാത്തലസംഗീതം) ഉൾപ്പെടെ മുന്നൂറിലധികം ചിത്രങ്ങൾക്ക് സംഗീതം നൽകി. ദേവരാജൻ മാസ്റ്റർക്കുശേഷം ഏറ്റവും കൂടുതൽ ചിത്രങ്ങൾക്ക് സംഗീതസംവിധാനം നിർവഹിച്ച മലയാള സംഗീത സംവിധായകനാണ്. 1991 ൽ 31 ചിത്രങ്ങൾക്ക് സംഗീതം നൽകി ചരിത്രം സൃഷ്ടിച്ചു.

മികച്ച പശ്ചാത്തലസംഗീതസംവിധാനത്തിനുള്ള ദേശീയ അവാർഡ് മലയാളത്തിനു ലഭിച്ചത് ജോൺസൺമാസ്റ്ററിലൂടെയായിരുന്നു. തുടർച്ചയായി രണ്ടു വർഷം ദേശീയ അവാർഡ് നേടി. അഞ്ചു സംസ്ഥാന അവാർഡ്, അഞ്ചു ഫിലിം ക്രിറ്റിക് അവാർഡ് തുടങ്ങിയ അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.

ദേവാങ്കണങ്ങൾ കൈയൊഴിഞ്ഞ, പാലപ്പൂവേ, അനുരാഗിണി, സ്വർണ മുകിലേ, ഗോപികേ, പൂ വേണം പൂപ്പടവേണം, മെല്ലെ മെല്ലെ മുഖപടം, രാജഹംസമേ, അന്തികടപ്പുറത്ത്, എന്റെ മൺവീണയിൽ, മന്ദാരചെപ്പുണ്ടോ, കണ്ണീർ പൂവിന്റെ, മധുരം ജീവാമൃതബിന്ദു, ആരോടും മിണ്ടാതെ, തങ്കത്തോണി, പള്ളിത്തേരുണ്ടോ, താനെ പൂവിട്ട മോഹം, ചന്ദനച്ചോലയിൽ തുടങ്ങി നിരവധി ഗാനങ്ങൾ അദ്ദേഹം ചിട്ടപ്പെടുത്തി.

മലയാളികളുടെ മനസിൽ സംഗീതത്തിന്റെ മാസ്മരിക ഈണങ്ങളും മാന്ത്രിക പശ്ചാത്തല സംഗീതവും ബാക്കിനിർത്തി 2011 ഓഗസ്റ്റ് 18 ന് അന്തരിച്ചു.




*കേരള സംഗീത നാടക അക്കാദമി, തൃശൂർ*



## FILM-MUSIC DIRECTOR

Ousepachan

**ഔസേപ്പച്ചൻ**

**99**

**കന്തീശ്ശാ ആലാഹാ......**
ഒല്ലൂർ പള്ളിയിലെ പഴയ സുറിയാനി കുർബാനക്ക് പാടിയ പാട്ടിനൊപ്പം റവേക്കായിലൂടെ ഈണം കൊടുത്ത സ്വന്തം പിതാവിന്റെ പിന്നിലിരുന്ന് തലയാട്ടുകയും പിന്നീട് അവസരം കിട്ടിയപ്പോൾ സ്വന്തം കൈകളാൽ ആ റവേക്കായുടെ തന്ത്രികളെ ആനന്ദനൃത്തത്തിൽ ആറാടിക്കുകയും ചെയ്ത് പ്രശസ്തിയുടെ കൊടുമുടികൾ കീഴടക്കിയ സംഗീതസംവിധായകൻ – ഔസേപ്പച്ചൻ.

മലയാള സിനിമാരംഗത്തെ പേരെടുത്ത സിനിമാസംവിധായകരിലധികവും ശാസ്ത്രീയമായി സംഗീത ഉപകരണസംഗീതമോ അഭ്യസിച്ചവരാണ്. എന്നാൽ കർണ്ണാടക സംഗീതത്തിലെ സപ്തസ്വരങ്ങൾപോലും ശാസ്ത്രീയമായി പഠിക്കുവാൻ നാളിതുവരെയും ശ്രമിക്കാതെ തന്നെ ഒന്നാന്തരം വയലിനിസ്റ്റും സംഗീതസംവിധായകനുമാണ് ഔസേപ്പച്ചൻ. അദ്ദേഹത്തിന്റെ ജീവിതസായുജ്യം സംഗീതസംവിധായകൻ എന്നതിലുപരി വയലിൻ വായിക്കുന്നതിലാണ്. വയലിൻ സ്വന്തമായി ലഭിക്കണമെന്ന മോഹവുമായി നടക്കുന്ന അവസരത്തിലാണ് ഗായകൻ കൂടിയായ ഫാ. അഗസ്റ്റിൻ അക്കര ഔസേപ്പച്ചനെ കണ്ടുമുട്ടുന്നതും ഒരു വയലിൻ ഔസേപ്പച്ചന് സ്വന്തമായി നൽകുന്നതും. ഒരിക്കലും മറക്കാനാവാത്ത സഹായമായി ഇന്നും ഔസേപ്പച്ചൻ ആ സന്ദർഭം ഓർമ്മിക്കുന്നു. ഈ അവസരത്തിൽ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളത്തിന്റെ മെത്രാഭിഷേക ചടങ്ങിൽ വയലിൻ വായിക്കാൻ പോകുന്ന വഴിയിൽ ഗിറ്റാറിസ്റ്റ് ആറ്റ്ലി ഔസേപ്പച്ചനെ വോയ്സ് ഓഫ് ട്രിച്ചൂരിലേക്ക് ക്ഷണിക്കുകയുണ്ടായി. അവിടെ ചെന്നപ്പോൾ കണ്ടുന്നത് സംഗീതസംവിധാനത്തിന് ദേശീയ അവാർഡ് ലഭിച്ച ജോൺസനും ആറ്റ്ലിയും ചേർന്ന് ഗാനമേളക്ക് പരിശീലനം നടത്തുന്നതായിരുന്നു. അന്നാദ്യമായി ഇലക്ട്രിക് ഗിറ്റാർ കണ്ട ഔസേപ്പച്ചൻ അന്തം വിട്ടുപോയി. പിന്നീട് വോയ്സിലെ സ്ഥിരം ആർട്ടിസ്റ്റായി മാറി ഔസേപ്പച്ചൻ. ഈ സന്ദർഭത്തിലാണ് ദേവരാജൻ മാസ്റ്റർ ജോൺസനെയും ഔസേപ്പച്ചനെയും മദ്രാസിലേക്ക് ക്ഷണിക്കുന്നത്. ആദ്യം ജോൺസനെയും വൈകാതെ തന്നെ ഔസേപ്പച്ചനേയും സിനിമാലോകത്തേക്ക് ദേവരാജൻ മാസ്റ്റർ കൈപിടിച്ചുയർത്തി. ജോൺസൺ പശ്ചാതല സംഗീതമൊരുക്കിയ ഭരതന്റെ ആരവത്തിൽ വയലിൻ വായിച്ചുകൊണ്ടാണ് ഔസേപ്പച്ചൻ ഫിലിം ലോകത്ത് അരങ്ങേറ്റം കുറിച്ചത്. ഭരതന്റെ തന്നെ 'കാതോടുകാതോരം' ആണ് ഔസേപ്പച്ചൻ പശ്ചാത്തല സംഗീതമൊരുക്കിയ ആദ്യത്തെ ചിത്രം. 60–ലധികം ചിത്രങ്ങളിൽ പശ്ചാത്തല സംഗീതസംവിധാനം നടത്തിയ ഔസേപ്പച്ചന്റെ ശ്രദ്ധേയങ്ങളായ ചിത്രങ്ങളാണ് 'കാക്കോത്തിക്കാവിലെ അപ്പൂപ്പൻതാടികൾ', 'ഉണ്ണികളെ ഒരു കഥപറയാം', 'ജനുവരി ഒരു ഓർമ്മ', 'ഉള്ളടക്കം', 'ആകാശദൂത്'. ഉണ്ണികളെ കഥപറയാം എന്ന ചിത്രത്തിനാണ് യേശുദാസിന് സംസ്ഥാന ദേശീയ അവാർഡുകൾ നേടി കൊടുത്തത്. ഗായകന് അവാർഡ് ലഭിക്കുമ്പോൾ സംഗീതസംവിധായകനും അവർഡ് നേടുന്നതിന് തുല്യമാണല്ലോ. ഇതേ ചിത്രത്തിന് തന്നെ ഫിലിം ക്രിറ്റിക് അവാർഡും ഫിലിം ചേമ്പർ അവാർഡും നാന ഗാലപ്പ് അവാർഡും നേടുകയുണ്ടായി. 'ഉള്ളടക്ക'ത്തിന് നാന ഗാലപ്പ് പോൾ അവാർഡു ലഭിച്ചു. ദേവരാജൻ, ബാബുരാജൻ, ദക്ഷിണമൂർത്തി എന്നീ സംഗീത സംവിധായകരെ ഒരു പോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഔസേപ്പച്ചൻ സംഗീത സംവിധാനത്തിൽ സ്വന്തമായ ഒരു ശൈലിയുടെ ഉടമയാണ്. സെന്റ് തോമസിൽ ബിരുദപഠനം പൂർത്തിയാക്കിയ ഔസേപ്പച്ചനെ പ്രഫ. കൈലാസമാണ് സംഗീതലോകത്തിലേക്ക് തിരിച്ചുവിട്ടത്. റവേക്കയിൽ നിന്ന് സിനിമയുടെ സംഗീത സംവിധാനം വരെ ഉയർന്ന സെന്റ് തോമാസിലെ ഈ വിദ്യാർത്ഥി ഇന്ത്യൻ സംഗീത ലോകത്തെ നിറസാന്നിദ്ധ്യമാണ്.



## FILM-MUSIC DIRECTOR & PERFORMER

Alphonse Joseph

### അൽഫോൺസ് ജോസഫ്

**100**

**സംഗീതജ്ഞനായ അൽഫോൻസ് ജോസഫ് തൃശൂർ സെന്റ് തോമസ് കോളേജിൽ ഗണിതശാസ്ത്ര ബിരുദ വിദ്യാർഥിയായിരുന്നപ്പോൾ കാലിക്കറ്റ് സർവകലാശാല യുവജനോത്സവത്തിൽ രണ്ടു തവണ കലാപ്രതിഭയായിരുന്നു.**

തൃശൂരിനടുത്ത് കാച്ചേരി (നടത്തറ) സ്വദേശിയാണ്. മങ്ങാട് കെ. നടേശനിൽ നിന്നും കർണാടക സംഗീതം അഭ്യസിച്ചു. ലണ്ടൻ ട്രിനിറ്റി മ്യൂസിക് കോളജിൽ നിന്നു പശ്ചാത്യ സംഗീതത്തിലും ഗിറ്റാറിലും സെവൻത് ഗ്രേഡ് പാസായി. പാശ്ചാത്യസംഗീതത്തെയും കർണാടക സംഗീതത്തെയും ഹിന്ദുസ്ഥാനി സംഗീതത്തെയും സമന്വയിപ്പിച്ചുകൊണ്ടുള്ള സുവിശേഷ സംഗീത ബാന്റിന്റെ സ്ഥാപകരിലൊരാളാണ്. എ.ആർ റഹ്മാന്റെ ‘ആരോമലേ’ എന്ന പ്രശസ്ത ഗാനം പാടിയത് അൽഫോൺസാണ്. സിനിമാ സംവിധായകൻ ഭദ്രനാണ് ’വെള്ളിത്തിര’ എന്ന സിനിമയിലൂടെ അൽഫോൺസിനെ സിനിമാലോകത്ത് എത്തിച്ചത്. ‘നീ മണിമുകിലാടകൾ’, *‘കേരനിരകൾ’, ‘വിടപറയുകയാണോ’, തുടങ്ങിയ ഗാനങ്ങൾ മലയാളികളുടെ നാവിൻതുമ്പിൽ എക്കാലവും സ്ഥാനം പിടിച്ചവയാണ്. മലയാളത്തിലും തമിഴിലും അൽഫോസ് ജോസഫ് തന്റെ ശക്തമായ സാന്നിദ്ധ്യം അറിയിച്ചിട്ടുണ്ട്.




*‘കേരനിരകളാടും‘ എന്ന ഗാനത്തിൽനിന്നും ഒരു ദൃശ്യം




*With Best Compliments...*

**Dr. Viju M. J.**

Assistant Professor & Research Guide
Research & PG Department of English,
St. Thomas’ College (Autonomous), Thrissur
BA Double Main & MA English (1991-96)



## FILM ACTOR

T.G Ravi

**ടി.ജി. രവി.**

**101**

1944 മെയ് 16 ന് തൃശൂർ ജില്ലയിലെ മൂർക്കനിക്കരയിൽ ജനിച്ചു. യൂണിവേഴ്സിറ്റി തലത്തിൽ നാടകങ്ങളിൽ അഭിനയിച്ചിരുന്നു. കൂടാതെ ഫുട്ബാൾ, ഹോക്കി എന്നിവയിലും യൂണിവേഴ്സിറ്റി തലത്തിൽ കളിക്കുമായിരുന്നു.

ആകാശവാണിയിൽ നാടകങ്ങളിൽ അഭിനയിച്ചുകൊണ്ടായിരുന്നു തുടക്കം. പിന്നീട് അരവിന്ദൻ സംവിധാനം ചെയ്ത 'ഉത്തരായണം' എന്ന ചിത്രത്തിലൂടെ ആദ്യമായി ചലചിത്രരംഗത്തെത്തി. ചലചിത്രരംഗത്തെ താൽപര്യം മുൻനിർത്തി അദ്ദേഹം സ്വന്തമായി പാദസരം എന്ന പേരിൽ ഒരു ചിത്രം നിർമ്മിക്കുകയും ചെയ്തു. ഇതിൽ നായക വേഷത്തിൽ അഭിനയിച്ചു. ജയൻ നായകനായി അഭിനയിച്ച 'ചാകര' അടക്കം നിരവധി ചിത്രത്തിൽ അഭിനയിച്ചു. സിനിമയിൽ ബാലൻ കെ.നായരോടൊപ്പം അഭിനയിച്ച ധാരാളം വില്ലൻ വേഷങ്ങൾ ശ്രദ്ധേയമാണ്. പിന്നീട് സ്വന്തമായി വ്യവസായ സ്ഥാപനം തുടങ്ങി. കൊച്ചിൻ ദേവസ്വം ബോർഡ് അംഗമായിരുന്നു.

സംസ്ഥാന ചലചിത്ര പുരസ്കാരം, പ്രത്യേക ജൂറി പുരസ്കാരം, സംസ്ഥാന ടെലിവിഷൻ പുരസ്കാരം, മികച്ച നടൻ തുടങ്ങിയ അവാർഡുകൾ നേടിയിട്ടുണ്ട്.

മലയാള ചലചിത്രങ്ങളിൽ 1970–80 കാലഘട്ടത്തിൽ വില്ലൻ വേഷങ്ങളിൽ അഭിനയിച്ച് ശ്രദ്ധേയനായ ടി.ജി. രവി എന്ന ടി.ജി. രവീന്ദ്രനാഥൻ സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രി വിദ്യാർഥിയായിരുന്നു. * തൃശൂർ എൻജിനിയറിംഗ് കോളജിലും കോതമംഗലം മാർ അത്തനേഷ്യസ് കോളേജിലുമായി എൻജിനിയറിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കി.



** ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശൂർ*



*With Best Compliments...*

**K. K. Jacob**

B.Sc & M.Sc Botany

1966-71



## FILM ACTOR

Devan

**ദേവൻ**

**102**

ഇരുനൂറ്റമ്പതോളം സിനിമകളിൽ അഭിനയിച്ച പ്രശസ്ത നടൻ ദേവൻ സെന്റ് തോമസ് കോളേജിൽനിന്നാണു ബി.എസ്സി ബോട്ടണി ബിരുദം നേടിയത്. പിന്നീട് എം.ബി.എ ബിരുദവും നേടി. തൃശൂർക്കാരനായ ദേവൻ സംവിധായകൻ രാമു കാര്യാട്ടിന്റെ അനന്തരവനാണ്.

'വെള്ളം' എന്ന ചിത്രത്തിലൂടെ സിനിമ അഭിനയം ആരംഭിച്ചു. 'ഊഴം' എന്ന ചിത്രത്തിൽ നായകനായിരുന്നു. ദക്ഷിണേന്ത്യൻ സിനിമകളിലെ സജീവസാന്നിദ്ധ്യമായ ദേവൻ 'കേരള പീപ്പിൾസ് പാർട്ടി' എന്ന രാഷ്ട്രീയ പാർട്ടിയുടെ സ്ഥാപകനുമാണ്. പൊതു തെരഞ്ഞെടുപ്പിൽ മൽസരിച്ചിട്ടിണ്ട്.



ക്രിസ്ത്യൻ ബ്രദേഴ്സ് എന്ന ചിത്രത്തിൽ നിന്നുള്ള ദൃശ്യം


With Best Compliments

**Col. George Thomas**

B.A Economics

1975-78





മലയാള സിനിമയിലെ തലയെടുപ്പുള്ള നടനായ ബിജു മേനോൻ തൃശൂർ സെന്റ് തോമസ് കോളേജിന്റെ സംഭാവനയാണ്. അയത്നലളിതമായി ഏതു ഭാവവും ആ മുഖത്തു നിഷ്പ്രയാസം വിരിയും. സീരിയസ് കഥാപാത്രമായാലും കോമഡിയായാലും ബിജുവിന് ഒരുപോലെ. 1970 സെപ്റ്റംബർ ഒമ്പതിനാണു ജനനം.

## FILM ACTOR

Biju Menon

### ബിജു മേനോൻ

**103**

ജെ.ടി.എസിൽ പഠനത്തിനുശേഷമാണ് സെന്റ് തോമസ് കോളേജിൽ നിന്നു ബി.കോം ബിരുദം നേടിയത്. ടെലിവിഷൻ സീരിയലുകളിലൂടെയാണ് അഭിനയ രംഗത്തേക്കെത്തിയത്. 1995ലെ പുത്രൻ ആണ് ആദ്യസിനിമ. 1990കളുടെ മധ്യത്തോടെ ബിജു മേനോൻ നായകനായ ചിത്രങ്ങൾ പുറത്തിറങ്ങി.

പത്രം, എഫ്ഐ.ആർ, ചിന്താമണി കൊലക്കേസ് തുടങ്ങിയവ വൻ വിജയങ്ങളായി. ലാൽ ജോസിന്റെ ഒരു മറവത്തൂർ കനവ്, ചന്ദ്രനുദിക്കുന്ന ദിക്കിൽ, രണ്ടാം ഭാവം, രസികൻ, ചാന്തുപൊട്ട്, പട്ടാളം, മുല്ല എന്നിങ്ങനെ നീളുന്നു പട്ടിക. മേഘമൽഹാർ, കൃഷ്ണഗുഡിയിൽ ഒരു പ്രണയകാലത്ത്, മാന്നാർ മത്തായി സ്പീക്കിംഗ്, മധുരനൊമ്പരക്കാറ്റ്, ശിവം തുടങ്ങിയവയിൽ അഭിനയിച്ചു. *കൃഷ്ണഗുഡിയിൽ ഒരു പ്രണയകാലത്ത് എന്ന ചിത്രത്തിലെ അഭിനയത്തിന് 1997ൽ മികച്ച രണ്ടാമത്തെ നടനുള്ള സംസ്ഥാന അവാർഡ് ലഭിച്ചു. മലയാളത്തിനുപുറമെ തമിഴ് ചലചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്. അഭിനേത്രി സംയുക്ത വർമ്മയാണ് ഭാര്യ. ചെമ്പുക്കാവ് മഠത്തിപറമ്പിൽ പി.എൻ. ബാലകൃഷ്ണപിള്ളയുടെയും മാലതി അമ്മയുടെയും മകനാണ്.




*കൃഷ്ണഗുഡിയിൽ ഒരു പ്രണയകാലത്ത് സിനിമയിൽനിന്നും ഒരു ദൃശ്യം

With Best Compliments

**A. C. Chummar**

M.Com

1972-74





## FILM ACTOR

Narain

**നരേൻ**

**104**

*ക്ലാസ്മേറ്റ്സ് എന്ന ചിത്രത്തിലൂടെ മലയാളി പ്രേക്ഷക മനസിൽ കുടിയേറി സ്ഥിരപ്രതിഷ്ഠനേടിയ നരേൻ 1995 ൽ സെന്റ് തോമസ് കോളജിലെ പ്രിഡിഗ്രി വിദ്യാർത്ഥിയായിരുന്നു. അടൂർ ഗോപാല കൃഷ്ണന്റെ 'നിഴൽകൂത്ത്' ലൂടെ അഭിനയജീവിതം ആരംഭിച്ച നരേൻ ഇതിനകം നിരവധി മലയാളം, തമിഴ് സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. ഇരുപതോളം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുള്ള നരേൻ 'അച്ചുവിന്റെ അമ്മ', 'ഭാഗ്യദേവത' എന്നീ സിനിമകളുടെ സംവിധാന സഹായിയായും പ്രവർത്തിച്ചു. 'റോബിൻ ഹുഡ്' എന്ന ചിത്രത്തിലെ അഭിനയത്തിന് 2010 ഫിലിം ഫെയർ അവാർഡ് കരസ്ഥമാക്കി.




*ക്ലാസ്മേറ്റ്സ് എന്ന ചിത്രത്തിൽ നിന്ന്*



*With Best Compliments...*

**Dr. K.P. Nanda Kumar**

Pre Degree to M.A. English

(1973-1980)



## FILM ACTOR

Shine Tom Chacko

**ഷൈൻ ടോം ചാക്കോ**

**105**

മലയാള സിനിമയിലെ അറിയപ്പെടുന്ന നടനും അസിസ്റ്റന്റ് ഡയറക്ടറുമാണ് ഷൈൻ ടോം ചാക്കോ. തൃശൂർ സെന്റ് തോമസ് കോളേജിലെ പൂർവവിദ്യാർത്ഥിയാണ്.

ഒമ്പതു വർഷം കമലിന്റെ കീഴിൽ സംവിധാനസഹായിയായിരുന്ന ഷൈൻ 'ഗദ്ദാമ' (2011) സിനിമയിലൂടെ നടനായി. 'ഈ അടുത്ത കാലത്ത്, 'ചാപ്റ്റേഴ്സ്', 'അന്നയും റസൂലും', 'മസാല റിപ്പബ്ലിക്' തുടങ്ങിയ സിനിമകളിൽ സഹ നടനായും 2014 ലെ ബിനു എസ് കാലടിയുടെ തമാശപടമായ *'ഇതിഹാസ'യിൽ ആദ്യമായി മുഖ്യ കഥാപാത്രവുമായി. 2015 ൽ 'ബിബ്ലിയോ', അനീഷ് ഉപാസന സംവിധാനം ചെയ്ത 'കിന്റർ ജോ'യിലും മുഖ്യകഥാപാത്രമായിരുന്നു.

ഷൈൻ ടോം നടൻ എന്ന നിലയിലും സഹസംവിധായകൻ എന്ന പേരിലും കൂടുതൽ അറിയപ്പെട്ടത് 2008 ലെ 'മിന്നാമിന്നിക്കൂട്ടം', 2017 ലെ 'ടിയാൻ', 2004 ലെ 'മഞ്ഞുപോലൊരു പെൺക്കുട്ടി' എന്നീ സിനിമകളിലൂടെയാണ്. 2011 ൽ ഇറങ്ങിയ സാൾട്ട് ആൻഡ് പെപ്പറിലും ചെറിയ രംഗങ്ങളിലുണ്ട്. അദ്ദേഹത്തിന്റെ വളരെ ശ്രദ്ധിക്കപ്പെട്ട സിനിമകളാണ് 2016 ലെ 'ദം', 2017 ലെ അരുൺ സാഗര സംവിധാനം ചെയ്ത 'മണ്ണാംക്കട്ടയും കരിയിലയും'. 2018 ലെ കായംകുളം കൊച്ചുണ്ണിയിൽ ശ്രദ്ധേയമായ വേഷം ചെയ്തിട്ടുണ്ട്.




ഇതിഹാസ എന്ന ചിത്രത്തിൽനിന്നും

## MUSIC DIRECTOR & PERFORMER

Manoj George

**മനോജ് ജോർജ്**

**106**



ഗ്രാമി അവാർഡു നേടിയ രാജ്യാന്തര പ്രശസ്തനായ വയലിനിസ്റ്റ് മനോജ് ജോർജ് തൃശൂർ സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർത്ഥിയാണ്. ഫ്യൂഷൻ, ഇന്ത്യൻ ക്ലാസിക്കൽ, ഇന്ത്യൻ ബ്ലൂസ്, ഇന്ത്യൻ ഫോക്ക് മ്യൂസിക് എന്നീ മേഖലകളിൽ അറിയപ്പെടുന്ന വയലിനിസ്റ്റാണ്. സംഗീതസംവിധാനം, സംഗീതരചന, സംഗീത നിർമാണം എന്നീ മേഖലകളിൽ ലോകോത്തര നിലവാരം പുലർത്തുന്ന മനോജ്

തൃശൂർ ഒളരിക്കര സ്വദേശിയാണ്. 2015 ലെ 'വിൻഡ്സ് ഓഫ് സംസാര' എന്ന ആൽബം ഗ്രാമി അവാർഡ് നേടി. ഈ അവാർഡ് നേടുന്ന ആദ്യ മലയാളിയും ആദ്യ വയലിനിസ്റ്റുമാണ്.

തൃശൂർ സെന്റ് തോമസ് കോളജിൽ ബിരുദ പഠനത്തിനു ശേഷം ബാംഗ്ലൂരിൽ സംഗീത രചയിതാവ് പെർഫോർമർ, കൊളാബറേറ്റർ എന്നീ നിലകളിൽ പ്രശോഭിച്ചു. ലണ്ടൻ *ട്രിനിറ്റി കോളജ് ഓഫ് മ്യൂസിക്കിൽനിന്ന് വയലിനിൽ ലൈസൻഷ്യേറ്റ് നേടി. കേരള, ലക്ഷദ്വീപ് എൻ.സി.സിയുടെ കീഴിൽ സാംസ്കാരിക ലീഡർ എന്ന നിലയിൽ ന്യൂഡൽഹിയിൽ റിപ്പബ്ലിക് ഡേ ക്യാമ്പിൽ സംബന്ധിച്ചു. 1992–94 ൽ കേന്ദ്ര ഗവൺമെന്റിന്റെ സ്കോളർഷിപ്പ് നേടി. ഇന്ത്യയിലും ലോകമെമ്പാടും ധാരാളം സംഗീത പരിപാടികൾ സംഘടിപ്പിച്ചു. 2015 ൽ കേരള ഗവൺമെന്റ് മനോജ് ജോർജ്ജിനെ ആദരിച്ചു. അദ്ദേഹം സ്ഥാപിച്ച മ്യൂസിക് ഫ്യൂഷൻ ബാൻഡ് 'മനോജ് ജോർജ് 4 സ്ട്രിംഗ്സ്' അനേകം പ്രതിഭകൾക്കു സംഗീത പരിശീലനം നൽകുന്നു. മലയാളം, കന്നട സിനിമകൾക്ക് സംഗീതം പകർന്നു. 2001 ൽ കുട്ടികൾക്കുള്ള നല്ല സിനിമ അവാർഡ് 'ഖരായിരങ്ങൾ' നേടി. 2017 ൽ ലോസ് ആഞ്ചലോസ് ഫിലിം അവാർഡ് നേടിയ ഉർവിയുടെ സംഗീത സംവിധായകനായിരുന്നു. പ്രസിദ്ധനായ ഇന്ത്യൻ സംഗീതജ്ഞൻ ലക്കി അലി ബാൻഡിന്റെ ഭാഗവുമായിരുന്നു. ബാംഗ്ലൂരിലുള്ള ന്യൂ വേവ് മ്യൂസിക് സെന്ററിൽ ഫാക്കൽറ്റിയായും സേവനം ചെയ്യുന്നു.



*ട്രിനിറ്റി കോളേജ് ഓഫ് മ്യൂസിക്, ലണ്ടൻ*




*With Best Compliments...*

**Dr. (Fr.) Martin Kolambrath**

Vice Principal

St. Thomas' College (Autonomous), Thrissur

M.A English (2003-05)





## PLAYBACK SINGER & LIVE PERFORMER

Franco Simon

**ഫ്രാങ്കോ സൈമൺ**

107


നൂറ്റമ്പതോളം മലയാളം സിനിമാഗാനങ്ങളും ആയിരത്തഞ്ഞൂറോളം ആൽബം ഗാനങ്ങളും ആലപിച്ച ഗായകനാണ് ഫ്രാങ്കോ സൈമൺ. മലയാളം, തമിഴ്, ഹിന്ദി, സംസ്കൃതം, കന്നട, ഇംഗ്ലീഷ് എന്നീ ഭാഷകളിലെല്ലാം അദ്ദേഹം പാടിയിട്ടുണ്ട്.

പ്രിഡിഗ്രിക്ക് സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥിയായിരുന്ന ഫ്രാങ്കോ *ചേതന മ്യൂസിക് കോളേജിലും സംഗീതം അഭ്യസിച്ചിട്ടുണ്ട്. പിന്നീട് മദ്രാസ് സർവ്വകലാശാലയിൽനിന്നും സംഗീതത്തിൽ ബിരുദം കരസ്ഥമാക്കി. 2002 ൽ നമ്മൾ എന്ന സിനിമയിലെ 'രാക്ഷസി' എന്നു തുടങ്ങുന്ന ഗാനത്തോടെയാണ് ഫ്രാങ്കോയുടെ കരിയറിനു തുടക്കം. 'ചെമ്പകമേ' എന്നു തുടങ്ങുന്ന ആൽബം സോങ്ങാണ് യുവമനസുകളിൽ പ്രതിഷ്ഠ നേടിയത്.

സംഗീത സംവിധായകൻ ഔസേപ്പച്ചൻ അമ്മാവനാണ്. സംസ്കൃത ഭാഷയിൽ തയാറാക്കിയ ക്രിസ്റ്റ്യൻ മെഡിറ്റേഷൻ ആൽബം വിശ്വപ്രസിദ്ധമാണ്. സംഗീതലോകത്തെ ജയരാജ്, വിദ്യസാഗർ, ഔസേപ്പച്ചൻ, മോഹൻ സിത്താര, ബേണി ഇഗ്നേഷ്യസ്, ഗോപിസുന്ദർ, അൽഫോൺസ് ജോസഫ്, എം. ജയചന്ദ്രൻ, ആർ.പി പട്നായക്, വിനുതോമസ്, മനോജ് ജോർജ്ജ്, കൈതപ്രം തുടങ്ങി ഒട്ടനവധി സംഗീതലോകത്തെ പ്രതിഭകളുമായി ചേർന്ന് ഫ്രാങ്കോ പ്രവർത്തിച്ചിട്ടുണ്ട്. മലയാളസിനിമയിലെ പൈനാപ്പിൾ പെണ്ണേ, കാണാപൊന്നുംതേടി, പഞ്ചാരചിരികൊണ്ട്, ആവണിപാടം പൂത്തല്ലോ തുടങ്ങിയ പാട്ടുകൾ പ്രസിദ്ധമാണ്. സെന്റ് തോമസ് കോളേജ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന എൻ.പി. സൈമന്റെ മകനാണ്.




* ചേതന കോളേജ് , തൃശൂർ



## FILM PLAYBACK SINGER & LIVE PERFORMER

Anoop Sankar

**അനൂപ് ശങ്കർ**

**108**



സെന്റ് തോമസ് കോളജിൽ ബിരുദ വിദ്യാർഥിയായിരുന്നപ്പോൾ കലാലയത്തിന്റെ കലാവേദികളിൽ പാടിത്തെളിഞ്ഞ ശ്രുതിഗംഭീരമായ ശബ്ദം. ഗായകനും സംഗീതജ്ഞനുമായ അനൂപ് ശങ്കർ സിനിമാ പിന്നണി ഗായകൻ മാത്രമല്ല, ടിവി ചാനലുകളിലെ സംഗീത മൽസരങ്ങളുടെ ജൂറിയുമാണ്.

തൃശൂർ ജില്ലയിലെ തൃക്കൂരിൽ 1979 ലാണു ജനനം. കർണാടക സംഗീതത്തിൽ 12 വർഷം ചാലപ്പുറം പപ്പയുടെ കീഴിൽ പഠനം. ചെന്നൈയിൽ എം.സി.എ, എം.ടെക് പഠനം. സംഗീതജ്ഞൻ ശ്രീനൈവേലി ആർ സന്താനഗോപലനാണു സംഗീത ഗുരു. സൺ ടിവിയിലെ സപ്തസ്വരങ്ങൾ എന്ന ടാലന്റ് ഹണ്ടിലൂടെയാണ് അനൂപ് ശങ്കർ എന്ന ഗായകൻ പ്രശസ്തനായത്. 2003ൽ ഗായകനായും സംഗീത രചയിതാവുമായാണ് അനൂപ് സിനിമാലോകത്തേക്ക് കാൽവെയ്പ് നടത്തിയത്. കേരളത്തിലെ മിക്ക സംഗീത സംവിധായകരുമായി ചേർന്ന് പ്രവർത്തിച്ചിട്ടുണ്ട്. 1500 എപ്പിസോഡുകളിലായി ഒട്ടനവധി ടി.വി. ചാനലുകളിലൂടെയും റേഡിയോവിലൂടെയും വിധികർത്താവായും ക്ഷണിതാവായും മ്യൂസിക് മെന്ററായും അനൂപ് ശങ്കർ തിളങ്ങി. തമിഴിലും തുളുവിലും അനൂപ് സംഗീതസാന്നിദ്ധ്യം ശക്തമായി അറിയിച്ചു.

*അക്കാദമി ഓഫ് യൂണിവേഴ്സൽ മ്യൂസിക് തൃശൂരിന്റെ സ്ഥാപകനാണ്. 2003 മുതൽ നാളിതുവരെ ഒട്ടനവധി സിനിമകളിൽ അനൂപ് പാടി.



*അക്കാദമി ഓഫ് യൂണിവേഴ്സൽ മ്യൂസിക്, തൃശൂർ*




*With Best Compliments...*

**Paulson M.S.**

Former OSA President (2014-16)

Manager, Forever Living Products, Arizona, USA





## FILM -SOUND RECORDIST

P.T. Devadas

**പി. ടി ദേവദാസ്**

**109**

ശബ്ദലേഖനത്തിന് മൂന്നു തവണ ദേശീയ പുരസ്കാരവും ഒമ്പതു തവണ സംസ്ഥാന പുരസ്കാരവും നേടിയ പി.ടി. ദേവദാസ് അമ്പതുകളുടെ രണ്ടാം പകുതിയിൽ തൃശൂർ സെന്റ് തോമസ് കോളേജ് വിദ്യാർത്ഥിയായിരുന്നു. പൂന ഫിലിം ഇൻസ്റ്റിസ്റ്റ്യൂട്ടിൽ നിന്നു ശബ്ദലേഖനം പഠിച്ചശേഷം അവിടെത്തന്നെ അദ്ധ്യാപകനായി. കേരള സർക്കാർ സ്ഥാപനമായ *ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോൾ നിര്യാതനായി.

അടൂർ ഗോപാലകൃഷ്ണൻ, അരവിന്ദൻ, എം.ടി. വാസുദേവൻ നായർ, ലെനിൻ രാജേന്ദ്രൻ, കെ.ജി.ജോർജ്, പത്മരാജൻ, ഭരതൻ, ജിജോ തുടങ്ങിയവരുടെ പതിനെട്ടോളം ചിത്രങ്ങളിൽ ശബ്ദലേഖനം നിർവഹിച്ചു.

എലിപത്തായം, മുഖാമുഖം, അനന്തരം എന്നീ സിനിമകൾക്കു ദേശീയപുരസ്കാരം ലഭിച്ചു. തമ്പ്, പെരുവഴിയമ്പലം. എലിപത്തായം, എന്റെ മാമാട്ടികുട്ടിയമ്മക്ക്, മുഖാമുഖം, ചിദംഭരം, പടിപ്പുര, അസ്ഥികൾ പൂക്കുന്നു, വേമ്പനാട് എന്നീ ചിത്രങ്ങളുടെ ശബ്ദലേഖനത്തിന് സംസ്ഥാന പുരസ്കാരവും നേടി.



*ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവനന്തപുരം




*With Best Compliments...*

**Dr. M. Jayaprakash**

Pre Degree, B.Sc Maths (1964 -70)

Govind Furnishings

Dealers in Curtains, Upholstery, Blinds & Carpets

Govind Square, Premji Road, Punkunnam, Thrissur-680002





## FILM -SOUND RECORDIST

Justin Jose

**ജസ്റ്റിൻ ജോസ്**

**110**

ശബ്ദ മിശ്രണത്തിലൂടെ സിനിമയിൽ വിസ്മയമൊരുക്കി ദേശീയ ചലച്ചിത്ര അവാർഡു നേടിയ ജസ്റ്റിൻ ജോസ് തൃശൂർ സെന്റ് തോമസ് കോളേജിലെ ബിഎ ഇക്കണോമിക്സ് വിദ്യാർത്ഥിയായിരുന്നു. 1980 ൽ തൃശൂരിലാണു ജനനം. അറിയപ്പെടുന്ന സൗണ്ട് എൻജിനിയറും മിക്സറുമാണ് ജസ്റ്റിൻ. ഹിന്ദി, മറാത്തി, തമിഴ്, തെലുങ്ക്, ബംഗാളി, അറബി, ലഡാക്കി, മലായാളം സിനിമകൾക്കു ശബ്ദസംവിധാനം ചെയ്തിട്ടുണ്ട്.

തൃശൂരിലെ പ്രസിദ്ധമായ *ചേതന സൗണ്ട് സ്റ്റുഡിയോയിൽ റിക്കാർഡിംഗിൽ ഡിപ്ലോമ നേടിയശേഷമാണ് ഈ രംഗത്തേക്കു തിരിഞ്ഞത്. ലണ്ടനിലെ ട്രിനിറ്റി കോളജിന്റെ ഇലക്ട്രിക് കീബോർഡിൽ നാലാം ഗ്രേഡ് കരസ്ഥമാക്കി. 2003 ൽ മുംബൈയിലേക്കു ദീപൻ ചാറ്റർജിയുടെ നേതൃത്വത്തിലുള്ള ക്യൂലാബ്സിൽ റിക്കോർഡിസ്റ്റായി ചേർന്നു. 2005 ൽ ഫീച്ചർ ഫിലിമുകളിൽ പ്രീമിക്സ് എൻജിനിയറും ഒരു സ്വതന്ത്രറിക്കോർഡിംഗ് മിക്സറുമായി മാറി. തുടർന്നങ്ങോട്ട് പ്രദേശിക ഭാഷകളിലും ഹോളിവുഡിലും അടക്കം ഇരുന്നൂറ്റമ്പതിലേറെ സിനിമകളിൽ സൗണ്ട് മിക്സിംഗ് നടത്തി. 2012 ൽ അദ്ദേഹം മുംബൈയിലെ 'ഫ്യൂച്ചർ വർക്ക്സ്' സ്റ്റുഡിയോയിൽ ചേർന്നു. ഇപ്പോൾ സിനിമകളിൽ ഡോൾബി അറ്റ്മോസ് മിക്സിംഗ് നടത്തി വരുന്നു. 'മദ്രാസ് കഫെ' എന്ന സിനിമ ഇന്ത്യയിലെ ആദ്യത്തെ 'ഡോൾബി അറ്റ്മോസ്' സിനിമയാണ്. 2015 ലും 2017 ലും ബെസ്റ്റ് റീ–റിക്കോർഡിസ്റ്റിനുള്ള ദേശീയ ചലചിത്ര അവാർഡുകൾ നേടി.



** ചേതന സൗണ്ട് സ്റ്റുഡിയോ, തൃശൂർ*




*With Best Compliments...*

**Anto Chungath**

B.Sc & M.Sc Maths

(1981-86)



## SPORTS AND GAMES-FOOTBALLER

Olympian O. Chandrasekhara Menon

### ഒളിമ്പ്യൻ ഒ. ചന്ദ്രശേഖരൻ മേനോൻ

**111**

സെന്റ് തോമസ് കോളജ് ടീമിൽനിന്നു വളർന്നുവന്ന താരമാണ് *ഇന്ത്യൻ ഫുട്ബോൾ ടീം ഡിഫ്ന്റർ ഒ. ചന്ദ്രശേഖരൻ. 1962 ഏഷ്യൻ ഗെയിംസിൽ കളിച്ചു. 1964 ലെ ഏഷ്യൻ കപ്പിൽ വെള്ളി മെഡൽ ജേതാവാണ്. 1958 മുതൽ 1966 വരെ ഇന്ത്യൻ ഫുട്ബോൾ ടീമംഗമായിരുന്നു. പ്രശസ്തമായ ബോംബെ കാൾടെക്സ് ക്ലബിന്റെ കളിക്കാരനായിരുന്നു. പിന്നീട് 1966 മുതൽ 1972 വരെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ടീമിലും ഉണ്ടായിരുന്നു.



** ഇന്ത്യൻ ഫുട്ബോൾ ടീം , ഒളിമ്പിക്സ് 1960*




**CEEJO CHIRAKEKARAN**

Pre-Degree & B.Sc Maths (1988-1993)
Chirakekaran Mirrors & Photo Frames
High Road, Thrissur,
Oppo. Central Jail, Viyyur, Amalanagar, Muthuvara

With Best Compliments



## SPORTS AND GAMES-FOOTBALLER

Victor Manjila

**വിക്ടർ മഞ്ഞില**

**112**

പതിറ്റാണ്ടുകാലം ഇന്ത്യൻ ഫുട്ബോളിന്റെ ഗോൾവലയം കാത്ത മാന്ത്രികൻ വിക്ടർ മഞ്ഞില 1972 ൽ സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥിയായിരുന്നു. സംസ്ഥാന, ഇന്ത്യൻ ഫുട്ബോൾ ടീമുകളിലെ അംഗമായ താരം. ആദ്യത്തെ ഫെഡറേഷൻ കപ്പ് കൊച്ചിയിൽ നടന്നപ്പോൾ ഇന്ത്യയിലെ ഏറ്റവും നല്ല ഗോൾ കീപ്പർ കിരീടം നേടി. 1975 ൽ സന്തോഷ് ട്രോഫി കേരള ടീം ക്യാപ്റ്റനായിരുന്നു. 1972 മുതൽ 1980 വരെ പ്രീമിയർ ടയേഴ്സിനുവേണ്ടി കളിച്ച് നെഹ്റുകപ്പ് ഗോൾഡൻ ജൂബിലി ട്രോഫിയും, ജി.വി രാജ ട്രോഫിയും, ചാക്കോള സ്വർണകപ്പും കരസ്ഥമാക്കിയിട്ടുണ്ട്. 1993 ൽ സന്തോഷ് ട്രോഫി കേരളം സ്വന്തമാക്കിപ്പോൾ കേരള ടീമിന്റെ കോച്ച് വിക്ടർ മഞ്ഞിലയായിരുന്നു. *കാലിക്കറ്റ് സർവകലാശാല ഫുട്ബോൾ കോച്ചായി ദീർഘകാലം പ്രവർത്തിച്ചു.



*കാലിക്കറ്റ് സർവകലാശാല സ്റ്റേഡിയം




*With Best Compliments...*

**Dr. Joy K. L.**

Principal

St. Thomas' College (Autonomous), Thrissur

B.Sc & M.Sc Chemistry (1983-88)



## SPORTS AND GAMES-ATHLET

Joseph C. Abraham (Arjuna Awardee)

### ജോസഫ് സി ഏബ്രഹാം

(അർജ്ജുന അവാർഡ് ജേതാവ്)

**113**

ഇന്ത്യൻ കായികരംഗത്തെ ഇതിഹാസ താരമാണ് തൃശൂർ സെന്റ് തോമസ് കോളേജിന്റെ പൂർവ്വ വിദ്യാർത്ഥിയായ ജോസഫ് സി. ഏബ്രഹാം. *2010 ൽ ചൈനയിൽ നടന്ന ഏഷ്യൻ ഗെയിംസിന്റെ ഹർഡിൽസിൽ സ്വർണം നേടി. ഇന്ത്യൻ കായിക ചരിത്രത്തിൽ ഏഷ്യൻ ഗെയിംസിൽ വ്യക്തിഗത സ്വർണ മെഡൽ നേടുന്ന ആദ്യ ഹർഡിൽസ് താരമാണ്. 400 മീറ്റർ ഹർഡിൽസ് 49.96 സെക്കൻഡുകൊണ്ടാണ് പിന്നിട്ടത്. 2009 ൽ 49.80 സെക്കന്റ് കൊണ്ട് ഓടിയെത്തിയ ജോസഫ് ബർളിൻ ലോകചാമ്പ്യൻ ഷിപ്പിൽ യോഗ്യത നേടി. 2007 ൽ ഒമ്പാക്കയിൽ നടന്ന ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 400 മീറ്റർ ഹർഡിൽസിൽ 49.51 സെക്കന്റ് കൊണ്ട് ഓടിയെത്തിയ ജോസഫ് സ്റ്റേറ്റ് റെക്കോർഡ് സ്ഥാപിച്ചു. ലോക അത്‌ലറ്റിക്കിൽ പുരുഷവിഭാഗം ഓപ്പണിംഗ് റൗണ്ട് പിന്നിടുന്ന ഇന്ത്യയുടെ ആദ്യ താരമായി ഇദ്ദേഹം. 2007 ൽ കൽക്കത്തയിൽ നടന്ന ഫെഡറേഷൻ കപ്പ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 50.04 സെക്കന്റിൽ പുതിയ റെക്കോർഡ് സ്ഥാപിച്ചു. 400 മീറ്റർ സ്പ്രിന്റ് ഇനത്തിലും ജോസഫ് നാഷണൽ താരമാണ്. ഇന്ത്യഗവൺമെന്റ് അർജ്ജുന അവാർഡ് നൽകി ജോസഫ് സി ഏബ്രഹാമിനെ ആദരിച്ചു.



** ചൈന– ഏഷ്യൻ ഗെയിംസ് ഹർഡിൽസ് ട്രാക്ക്– 2010*





## SPORTS AND GAMES-ATHLET

Olympian Lijo Thottan

### ഒളിമ്പ്യൻ ലിജോ ഡേവീഡ് തോട്ടാൻ

**114**

തൃശൂർ സെന്റ് തോമസ് സ്കൂളിന്റേയും കോളേജിന്റേയും *തോപ്പ് സ്റ്റേഡിയത്തിലെ ട്രാക്കുകളിൽ ഓടിപ്പറന്നാണ് ലിജോ ഡേവീഡ് തോട്ടാൻ ഒളിമ്പിക്സ് ട്രാക്കിൽ ഇന്ത്യയുടെ മിന്നൽപ്പിണരായത്. വളർക്കാവ് നേതാജി റോഡിലെ വീട്ടിൽനിന്ന് ഓട്ടം തുടങ്ങിയ ലിജോയെ 400 മീറ്ററിൽ മിടുക്കനാക്കി ഒളിംപിക്സിന്റെ ട്രാക്കിൽ എത്തിച്ചത് പരിശീലകൻ വാൾട്ടർ ജോണാണ്. സെന്റ് തോമസ് കോളേജിൽ പഠിച്ചിരുന്നപ്പോൾ സർവകലാശാലാ താരമായി മാറിയത് വളരെ പെട്ടെന്നാണ്. ഒളിമ്പ്യൻ ഒ. ചന്ദ്രശേഖരനുശേഷം 40 വർഷം കഴിഞ്ഞ് ലിജോയിലൂടെ തൃശൂർ വീണ്ടും ഒളിമ്പിക്സിലെത്തി.

2000ൽ സിഡ്നിയിൽ നടന്ന 16 ടീമുകൾ മത്സരിച്ച റിലേയിൽ 4x 400 മീറ്റർ ഹീറ്റ്സിൽ തന്നെ ഇന്ത്യ വീണെങ്കിലും ഒളിംപിക്സിന്റെ ചരിത്രത്തിൽ തൃശൂരും സ്ഥാനം പിടിച്ചു. 1998 ഏഷ്യൻ ഗെയിംസിലും തൊട്ടടുത്ത വർഷം സാഫ് ഗെയിംസിലും വെള്ളി നേടിയ റിലേ ടീമിലും ലിജോ ഉണ്ടായിരുന്നു. വ്യക്തിഗത മത്സരത്തിൽ 1999 ലെ സാഫ് ഗെയിംസിലെ വെങ്കലമാണ് ഏറ്റവും ഉന്നത നേട്ടം (400 മീറ്റർ). ഏഷ്യൻ ഗെയിംസിൽ നാലാം സ്ഥാനത്തുമെത്തി. 1996–ൽ റയിൽവേയിൽ ജോലി ലഭിച്ച ലിജോ ഇപ്പോൾ പാലക്കാട് ഡിവിഷനിൽ സിടിഐ (ചീഫ് ടിക്കറ്റ് ഇൻസ്പെക്ടർ) ആയി ഷൊർണൂരിൽ ജോലി ചെയ്യുന്നു.



*തോപ്പ് സ്റ്റേഡിയം, തൃശൂർ




*With Best Compliments...*

**Dr. Ignatius Antony**

Principal (Retd.)
St. Thomas' College (Autonomous), Thrissur
Pre Degree, B.Sc & M.Sc Botany (1978- 85)





## SPORTS AND GAMES-BADMINTON PLAYER

Valiyaveetil Diju (Arjuna Awardee)

**വലിയവീട്ടിൽ ദിജു** (അർജുന അവാർഡ് ജേതാവ്)

**115**

**ബാഡ്**മിന്റനിൽ ലോക റാങ്കിംഗിൽ *മിക്സഡ് ഡബിൾസിൽ ഏഴാം സ്ഥാനമായ വലിയവീട്ടിൽ ദിജു സെന്റ് തോമസ് കോളജിന്റെ അഭിമാന കായികതാരമാണ്. അടുത്ത ഒളിമ്പിക്സിൽ ജ്വാലഗട്ടുമായി ഡബിൾസിൽ മാറ്റുരക്കാനുള്ള തയ്യാറെടുപ്പിലാണ്.

അർജുന അവാർഡ് (2014), ജി.വി.രാജ അവാർഡ് ജേതാവായ ദിജു ദേശീയതലത്തിൽ മിക്സഡ് ഡബിൾസിൽ ചാമ്പ്യനാണ്.

ജിമ്മിജോർജ് അവാർഡും (2014) വിവേകാനന്ദ സ്പോർട്സ് എക്സലൻസ് അവാർഡും യൂത്ത് എക്സലന്റ് അവാർഡും നേടി. 1997ൽ ഏഷ്യൻ ജൂനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്താണ് ദിജു ലോകതലത്തിൽ ബാഡ്മിന്റൺ രംഗത്ത് ശ്രദ്ധേനയായത്. 2002ൽ ലക്നോവിൽ സനവുതോമാസുമായുള്ള കൂട്ടുകെട്ട് ദേശീയ ചാമ്പ്യൻഷിപ്പ് സ്വന്തമാക്കി. നാലു തവണ മിക്സഡ് ഡബിൾസിൽ ദേശീയ ചാമ്പ്യനാണ്. 2006ൽ മെൽബണിൽ നടന്ന കോമൺവെൽത്ത് ഗെയിംസിൽ വെങ്കലം നേടി. *ലോക ബാഡ്മിന്റൺ മിക്സഡ് ഡബിൾസിൽ ആദ്യമായി ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ച ഇന്ത്യൻ താരങ്ങളാണ് ദിജുവും ജ്വാലയും. 2009ൽ ചൈനയിൽ നടന്ന അന്തർദേശീയ ചാമ്പ്യൻഷിപ്പിൽ മിക്സഡ് ഡബിൾസിൽ ജ്വാല ഗട്ട് – ദിജു കൂട്ടുകെട്ട് സ്വർണം സ്വന്തമാക്കി. 2010 ൽ കോമൺവെൽത്ത് ഗെയിംസിൽ ദിജു–ജ്വാല മിക്സഡ് കൂട്ടുകെട്ട് വെള്ളി നേടി.

കോഴിക്കോട് രാമനാട്ടുകര സ്വദേശിയായ ദിജ്ജു ഒ.എൻ.ജി.സിയിൽ ചൈനയിലെ ഓഫീസിൽ മാനേജരായി ജോലി ചെയ്യുന്നു.



** മിക്സ്ഡ് ഡബിൾസ് – ദിജുവും ജ്വാലയും*




*With Best Compliments...*

**Abhilash K. A.**

Pre Degree

(1993-95)



## ARMY OFFICIAL

Col. George Thomas

**കേണൽ ജോർജ് തോമസ്**

**116**

സെന്റ് തോമസ് കോളജിലെ എൻ.സി.സി സേവന മികവിൽ നിന്നാണ് ജോർജ്ജ് തോമസ് *ഇന്ത്യൻ മിലിറ്ററി അക്കാദമിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

എൻ.സി.സി. ഓഫീസറായിരുന്ന പ്രഫ. പോൾ പറമ്പിലിന്റെ വലം കൈയായിരുന്നു ഡിഗ്രി 1975–78 ഇക്കണോമിക്സ് വിദ്യാർത്ഥിയായിരുന്ന എൻ.സി.സി അണ്ടർ ഓഫീസർ ജോർജ്ജ് തോമസ്. ഡിഗ്രി അവസാനവർഷ വിദ്യാർത്ഥിയായിരുന്നപ്പോൾ ജോർജ്ജ് തോമസിന് ഇന്ത്യൻ മിലിറ്ററി സർവീസിലേക്കു സെലക്ഷൻ ലഭിച്ചു. മിലിറ്ററി അക്കാദമിയിലെ പരിശീലനത്തിനുശേഷം രാജ്യത്തിനുവേണ്ടി അനവധി മിലിറ്ററി ഓപറേഷനുകൾക്കു നേതൃത്വം നൽകി. ഇപ്പോൾ തിരുവനന്തപുരത്ത് വിശ്രമജിവിതം നയിക്കുന്നു.



** ഇന്ത്യൻ മിലിട്ടറി അക്കാദമി, ഡെറാഡൂൺ*




*With Best Compliments...*

**John J. Ollukkaran**

B.Sc Zoology

(1980-83)



പ്രശസ്ത ഇൻവെസ്റ്റ്മെന്റ് കൺസൾട്ടന്റും *കാത്തലിക് സിറിയൻ ബാങ്കിന്റെ മുൻ ചെയർമാനുമായ ടി.എസ്. അനന്തരാമൻ സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രി, ഡിഗ്രി വിദ്യാർത്ഥിയായിരുന്നു. 1961–65 കാലഘട്ടത്തിലായിരുന്നു സെന്റ് തോമസ് കോളേജിലെ പഠനം.

## BANKER

T.S. Anantharaman

### ടി.എസ്. അനന്തരാമൻ

**117**

പതിനേഴാം വയസിൽ ബികോമും പത്തൊമ്പതാം വയസിൽ സി.എയും പാസായി. ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ അക്കൗണ്ടൻസി വിദഗ്ദ്ധനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ലിയോ ഗ്രൂപ്പിന്റെ വൈസ് ചെയർമാനാണ്.

യൂണിവേഴ്സിറ്റി ഓഫ് ബോട്സ്വാനയുടെ വകുപ്പദ്ധ്യക്ഷൻ, ടാൻസാനിയയിൽ അസിസ്റ്റന്റ് ഫിനാൻസ് മാനേജർ, കൊച്ചിൻ സ്റ്റോക്ക് എക്സ്ചേഞ്ച് ഉപാദ്ധ്യക്ഷൻ, വിവിധ വിദേശ സർക്കാരുകൾക്ക് വാണിജ്യശാസ്ത്രവുമായി ബന്ധപ്പെട്ട ഉപദേശകൻ, തൃശൂർ ചേംബർ ഓഫ് കോമേഴ്സ് അദ്ധ്യക്ഷൻ, തൃശൂർ മാനേജ്മെന്റ് അസോസിയേഷൻ അദ്ധ്യക്ഷൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. വാണിജ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട നാലു പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഒരു പുസ്തകം ബോട്സ്വാന യുണിവേഴ്സിറ്റിയുടെ ഔദ്യോഗിക പാഠപുസ്തകമാണ്.




*കാത്തലിക് സിറിയൻ ബാങ്ക് ഹെഡ് ഓഫീസ്, തൃശൂർ



*With Best Compliments...*

**Dr. K. P. Johny**

M.Sc Chemistry (1963-65)

Lecturer in Chemistry (1965-66)



## INCOME TAX DIRECTOR GENERAL

P.K. Vijayakumar

**പി.കെ. വിജയകുമാർ**

**118**

*ആദായ നികുതി വകുപ്പു ഡയറക്ടർ ജനറലായിരുന്ന പി.കെ. വിജയകുമാർ തൃശൂർ സെന്റ് തോമസ് കോളേജിലെ പൂർവ വിദ്യാർത്ഥിയാണ്. വിരമിച്ചശേഷം കേരളം, ലക്ഷദ്വീപ് പ്രദേശങ്ങളുടെ ഇൻഷുറൻസ് ഓംബുഡ്സ്മാനായി പ്രവർത്തിച്ചു. 52 ഇൻഷുറൻസ് കമ്പനികളുടെ പരാതികൾ കൈകാര്യം ചെയ്യുന്ന ഓഫീസിന്റെ മേലാധികാരിയായി സേവനം ചെയ്തു. 1978 ബാച്ച് ഐ.ആർ.എസ്. ഓഫീസറായിരുന്ന വിജയകുമാർ ചെന്നൈ, കൊൽക്കത്ത, മുംബൈ എന്നിവിടങ്ങളിൽ ഇൻകംടാക്സ് കമ്മീഷണറായി പ്രവർത്തിച്ചിട്ടുണ്ട്.



*ആദായ നികുതി വകുപ്പ് ഓഫീസ്, കൊച്ചി*




*With Best Compliments...*

**Joy C.C.**

Senior Superintendent

St. Thomas' College (Autonomous), Thrissur

Mob: 9349902713



**കേരള** വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ സ്ഥാപക നേതാക്കളിൽ ഒരാളായ ഡോ. എം. ജയപ്രകാശ് സെന്റ് തോമസ് കോളേജിൽനിന്ന് 1970 ൽ ഗണിതശാസ്ത്ര ബിരുദം നേടിയ പൂർവ വിദ്യാർഥിയാണ്.

## BUSINESS

Dr. M. Jayaprakash

**ഡോ. എം. ജയപ്രകാശ്**

**119**

1949 ജനുവരി മൂന്നിന് കൊട്ടാരത്ത് കൊച്ചുണ്ണിനായരുടേയും മുല്ലപ്പിള്ളി അമ്മുഅമ്മയുടേയും മകനായി ജനിച്ചു. എം.എ. ഇംഗ്ലീഷ്, എം.ബി.എ., ഡി.ലിറ്റ് തുടങ്ങിയ വിദ്യാഭ്യാസയോഗ്യതകൾ കൂടി നേടി. സെന്റ് തോമസ് കോളേജിൽ നിന്നും ബിരുദ പഠനം പൂർത്തിയാക്കിയശേഷം പിതാവിന്റെ ബിസിനസായ പ്രകാശ് സ്റ്റോഴ്സിൽ ചേർന്നു. ഇപ്പോൾ സ്ഥാപനത്തിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമാണ്.

1980 ലാണു *വ്യാപാരി പ്രസ്ഥാനത്തിനു തുടക്കമിട്ടത്. അന്നു യുവനേതാവായിരുന്ന ജയപ്രകാശ് ഏകോപന സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറി, ജില്ലാ പ്രസിഡന്റ്, യൂത്ത് വിംഗ് സ്ഥാപക സംസ്ഥാന പ്രസിഡന്റ്, തൃശൂർ ജില്ലാ മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. ഭാരതീയ ഉദ്യോഗ് വ്യാപാർമണ്ഡലിന്റെ ദേശീയ സെക്രട്ടറിയാണ്. അഞ്ചു ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. തൃശൂരിലെ സാംസ്കാരിക നേതാവും പൊതുപ്രവർത്തകനുമാണ്.




*വ്യാപാര ഭവൻ, തൃശൂർ



With Best Compliments

C K Girish

Pre degree, B.Sc & M.Sc Physics

(1973-80)





ഔഷധി
ഔഷധമാണ്,
അത്ഭുതമല്ല.
oushadhi.org
ഔഷധി
ഒരു കേരള സർക്കാർ സ്ഥാപനം
The Pharmaceutical Corporation (I.M.) Kerala Ltd. Kuttanellur, Thrissur - 680 014.
Ph: 0487-2459800. Email: marketing@oushadhi.org




WEDDINGS WILL
CHANGE
Bridal Collections by Pulimoottil Silks
Pulimoottil
SILKS
PALACE RD, THRISSUR
0487 - 2325520 | 2335524.
KOLLAM | THIRUVALLA
KOTTAYAM | THODUPUZHA




CR7
FASHION HUB
CR7 Fashion Hub
Men's Wear
M.O. Road, Thrissur




With Best Compliments
C.M.D PRAKASH STORES,
INDIA ENTERPRISES
High Road, Thrissur- 680001




OCEAN POLYMER
TECHNOLOGIES PVT. LTD.
e-mail: sales@oceangroup.net.in
Web: www.oceangroup.net.in
Ph: +91 487-2202787, 2202788,
Mob: + 91 9388987744
Ocean
Philip A. Mulakkal
B.Sc. Physics
(1986-1989)
Kerala | Tamil Nadu | Karnataka | Andhra Pradesh | Telangana | Pondicherry


# OSA Executive Members 2018-19

College Patron




**Mar Andrews Thazhath**
*Archbishop of Thirssur*

Manager




**Mar Tony Neelankavil**
*Auxiliary Bishop of Thrissur*

Executive Manager



**Rev.Fr. Varghese Kuthur**
*Executive Manager & Bursar*



**Dr. Ignatius Antony**
*Former Principal*



**Dr. K.L Joy**
*Principal*



**Mr P. M. Thomas**
*President*



**Mr. C. A. Francis**
*Secretary*



**Mr Eljo Joseph T.**
*Treasurer*



**Dr. K. P. Johny**
*Vice President*



**Dr. Dhanya Sankar**
*Vice President*




**Mr. George Thomas**
*Joint Secretary*



**Ms. Savitha Nandanan**
*Joint Secretary*

# OSA Executive Members 2018-19


Rev.Fr.Dr. Martin Kolambrath
*Associate Bursar*


Prof. A. M. Varghese


Mr. Vivek G .Menon


Mr. K. K. Jacob


Mr. Antony John E. F.


Ms. Femina Chacko


Mr Rahul R. Nair


Mr. Aryadev


Prof. A. P. Jose


Mr. Varghese P. J.


Mr. Jithin Joseph


Mr. Shafeeq K. Y.


Mr. Thomas Ambakkadan


Adv. Blaze Bradly


Mr. V. P. Joseph


Mr. John J Ollukkaran



Dr.Viju M. J.


Mr. Joe Kizhakkoodan


Mr. Vipin Benny


1919 - 2019
The
DHARMMODAYAM
COMPANY THRISSUR
A CENTURY OF SERVICE


SAMPANNA KURIES
High Rd, South Bazar, Erinjery Angady,
Pallikkulam, Thrissur, Kerala 680001


BHARATHAKSHEMAM
KURIES
Bharathakshemam Building
St.Thomas College Road, East Fort (P O) Thrissur


ASSOCIATED
KURIES (PVT) LTD
Aiswarya Bhavan, N.C Rd, Erinjery Angady,
Pallikkulam, Thrissur, Kerala 680001


KSHEMAVILASAM KURIES
Bishop Menachery bldg No Xxiv/976
Round South Trichur Kerala India 680001

*With Best Compliments From*

## Economics Degree Batch 1980-83



**Prof. K. C. Francis Ph.D** (Rtd.)
St. Thomas College, Thrissur



**Prof. Sebi Jose Ph.D** ( Rtd.)
St. Thomas College, Thrissur



**M. Peethambaran Master** ( Rtd.)
National Teacher Award Winner



**Jose P. K.** (Director)
VIDYA PPTTI, Ollur



**M. U. Unnikrishnan** (Exe. Director)
Aswini Hospital, Thrissur



**Adv. Suresh Kumar A. K.**
Irinjalakkuda



**O. Raveendran** (Chief Manager)
ESAF Bank, Thrissur



**A. M. Babu** (Manager)
Catholic Syrian Bank Ltd.



**Manikandan V. B.**
Bussiness Man, Thrissur



**Harish Chandran** (Manager)
L & T, Chennai



**Joem Moyalan** (FCA)
Charted Accountant, Chennai



**Varghese P. J.** (Marketing Agent)
National Insurance Company Ltd.

# നന്ദി...

ചരിത്രം.
അതു ചെറിയവനും വലിയവനും കൂടി
രചിച്ചെടുക്കുന്ന മഹാകാവ്യം.
അക്ഷരമുത്തശ്ശിയുടെ മടിത്തട്ടിൽ വളർന്ന
അനേകായിരങ്ങൾ തീർത്ത നാഴികക്കല്ലുകൾ.
ഓർക്കാനും ഓമനിക്കാനും
ഒത്തിരി ഓർമ്മക്കുറിപ്പുകൾ.
ഒരു നൂറ്റാണ്ട് പിന്നിട്ടിട്ടും
സെന്റ് തോമാസ് കലാലയത്തിന്റെ
നിത്യയൗവനം കാത്തു സൂക്ഷിക്കാൻ
വിയർപ്പൊഴുക്കിയവർ,
സാന്തോം ലൂമിനറീസിന്റെ വഴികളിൽ
താങ്ങും തൂണും തണലുമായവർക്ക്
ഒത്തിരി നന്ദി.

– പത്രാധിപസമിതി


## Editorial Board



Mr.O.D. Varkey
**Chief Editor**



Mr.Franco Louis
**Executive Editor**



Dr.Viju M.J.
**Associate Editor**



Mr.K. Krishnakumar
**Sub Editor**



Mr.Baby Mookken
**Sub Editor**



Dr.K.P.Nanda Kumar
**Sub Editor**



Mr.V.M.Radhakrishnan
**Sub Editor**



Mr.Babu Velappaya
**Sub Editor**




*With best compliments from :*

**KELTRON**
Kerala State Electronics Development Corporation Ltd.
[A Govt. of Kerala Undertaking]

# ACCOUNTING AND TAXATION STUDY CENTRE

**Diploma in Advanced Professional Accounting**
**Diploma in Office Accounting**

**DIPLOMA IN GOODS AND SERVICE TAX**

**PROFESSIONAL DIPLOMA IN ACCOUNTING**
**PROFESSIONAL DIPLOMA IN BUSINESS ACCOUNTING**
**PROFESSIONAL DIPLOMA IN TAXATION MANAGEMENT**
**PROFESSIONAL DIPLOMA IN COMPUTERIZED ACCOUNTING**
**COMPUTERISED ACCOUNTING TALLY WITH GST**

**KELTRON**

## KELTRON KNOWLEDGE CENTRE

St. Thomas' College Jubilee Block, Thirssur - 680 001, Tel : 0487 - 2337002 | Keltron Knowledge Center (ANNEX), IInd Floor, Bank of Baroda Bldg., Kacheripady, Ernakulam, Tel : 0484 4850544

**Helpline : 93498 48036**

അക്ഷര ലോകത്ത് ഇതിഹാസം രചിച്ച
സെന്റ് തോമസ് കലാലയം
വിശ്വമാനവികതയുടെ
വിശാലചക്രവാളസീമകളിൽ
പാദമുദ്ര തീർത്ത
അനേകായിരങ്ങളുടെ
ജീവിതനേർക്കാഴ്ച
ചരിത്ര പഠിതാക്കൾക്കും
വിവിധ മേഖലകളിൽ
ഗവേഷണം നടത്തുന്നവർക്കും
ഒരു റഫറൻസ് ഗ്രന്ഥം
'സാന്തോം ലൂമിനറീസ്'.

ഒ.ഡി.വർക്കി
ചീഫ് എഡിറ്റർ




**PROPOSED CENTENARY CAMPUS**
**ST. THOMAS' COLLEGE (AUTONOMOUS), THRISSUR**

---

**Publication Division**
St Thomas College (Autonomous)
Thrissur- 680 001, Kerala, INDIA www.stthomas.ac.in
In association with Old Students' Association (O.S.A.)